# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 16 / Issue 9
September 2025

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

FAMILY RENEWAL YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 16** **സെപ്റ്റംബർ 2025** **ലക്കം 9**

**ഒറ്റപ്രതി 10 രൂപ** **വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം


വചനവിചിന്തനങ്ങൾ ........ 05
രൂപതാ കച്ചേരി വാർത്തകൾ ........ 12
കുടുംബകൂട്ടായ്മ - പഠനവിഷയം ........ 14
മതബോധനരംഗം ........ 21
ചെറുപുഷ്പ മിഷൻലീഗ് ........ 23
തിരുബാലസഖ്യം ........ 31
Department of Youth Ministry ........ 32
കെ.സി.വൈ.എം ........ 34
കുടുംബപ്രേഷിതത്വം ........ 41
സീയോൻ വാർത്തകൾ ........ 55
സാമൂഹ്യ സേവനരംഗം (WSSS) ........ 56
ജീവസ് & കെ.എൽ.എം ........ 62
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 64
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ........ 67
ബയോവിൻ അഗ്രോ റിസർച്ച് ........ 76
റേഡിയോ മാറ്റൊലി ........ 79
Mary Matha Arts & Science College ........ 81
ഫെഡാർ ഫൗണ്ടേഷൻ ........ 86
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ........ 87
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 88
അറിയിപ്പുകൾ (സൗഖ്യദായകൻ ധ്യാനസെന്റർ) ........ 96
ബിഷപ്സ് പ്രോഗ്രാം ........ 97

# ദൈവകൃപയുടെ പ്രാധാന്യം

(തിരുവചനഭാഗം: 2 കോറിന്തോസ് 12,1-21)

**മല്പാൻ മാത്യു വെള്ളാനിക്കൽ**

ദർശനങ്ങളും വെളിപാടുകളുമല്ല ദൈവത്തിന്റെ കൃപയുടെ സമൃദ്ധിയാണ് പ്രധാനം എന്ന വസ്തുത ഈ ലേഖനഭാഗത്ത് ശ്ലീഹാ എടുത്തു പറയുന്നു. ഈ തിരുവചനഭാഗം താഴെക്കാണും വിധം വിഭജിക്കാം.

1. ദർശനങ്ങളും വെളിപാടുകളും (12,1-6)
2. ശരീരത്തിലെ മുള്ള് (12,7-10)
3. ശ്ലീഹായ്ക്കു ചേർന്ന അടയാളങ്ങൾ (12,11-13)
4. ശ്ലീഹായുടെ മൂന്നാം സന്ദർശനം (12,14-19)
5. സന്ദർശനത്തെപ്പറ്റിയുള്ള ആകുലത (12,20-21)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. ദർശനങ്ങളും വെളിപാടുകളും**

*"എനിക്ക് ആത്മപ്രശംസ ചെയ്യാൻ പലതുമുണ്ട്. അതുകൊണ്ട് ഒരു നേട്ടവുമില്ലെന്ന് എനിക്കറിയാം. എങ്കിലും, കർത്താവിന്റെ ദർശനങ്ങളിലേക്കും വെളിപാടുകളിലേക്കും ഞാൻ കടക്കട്ടെ. പതിന്നാലു വർഷം മുമ്പു മൂന്നാം സ്വർഗംവരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെ മിശിഹായിൽ എനിക്കറിയാം. ശരീരത്തോടു കൂടെയോ ശരീരം കൂടാതെയോ എന്നെനിക്കറിവില്ല; അതു ദൈവത്തിനേ അറിയൂ. ഈ മനുഷ്യൻ പറുദീസായിലേക്ക് ഉയർത്തപ്പെട്ടു എന്ന് എനിക്കറിയാം ശരീരത്തോടുകൂടെയോ ശരീരം കൂടാതെയോ എന്നെനിക്കറിവില്ല; അതു ദൈവത്തിനേ അറിയൂ. അവാച്യവും മനുഷ്യനു വിവരിച്ചുകൂടാത്തതുമായ കാര്യങ്ങൾ അവൻ കേട്ടു. ഈ മനുഷ്യനെക്കുറിച്ചു ഞാൻ അഭിമാനം കൊള്ളും. എന്നെക്കുറിച്ചു സ്വന്തം ബലഹീനതകളിലല്ലാതെ ഞാൻ അഭിമാനംകൊള്ളുകയില്ല. ആത്മപ്രശംസയ്ക്ക് ഇച്ഛിക്കുന്നെങ്കിൽത്തന്നെ ഞാൻ ഒരു ഭോഷനാവുകയില്ല. എന്തെന്നാൽ, സത്യമായിരിക്കും ഞാൻ സംസാരിക്കുക. എന്നിൽ കാണുകയും എന്നിൽനിന്നു കേൾക്കുകയും ചെയ്യുന്നതിൽ അധികമായി ആരും എന്നെപ്പറ്റി വിചാരിക്കാതിരിക്കേണ്ടതിന് ഞാൻ ആത്മപ്രശംസ ഒഴിവാക്കുന്നു"* (12,1-6).

തനിക്കു സ്വയം പ്രശംസിക്കാൻ പലതുമുണ്ടെങ്കിലും അതുകൊണ്ട് യാതൊരു നേട്ടവുമില്ല എന്നറിയാം എന്ന ആമുഖത്തോ

ടെയാണ് ദർശനങ്ങളിലേക്കും വെളിപാടുകളിലേക്കും പൗലോസ് ശ്ലീഹാ കടക്കുന്നത്. പതിനാലു വർഷങ്ങൾക്കു മുമ്പ് എന്നത് നിശ്ചിതമായ ഒരു സമയമാണെങ്കിലും അതു സംബന്ധിച്ച് കൂടുതലൊന്നും വ്യക്തമല്ല. ശ്ലീഹായുടെ മാനസാന്തരത്തിനുശേഷം പത്തു വർഷത്തോളം കഴിഞ്ഞായിരിക്കണം ഇത്. തന്റെ സ്വന്തം അനുഭവം എന്നു പറയാതെ, ഒരു മനുഷ്യനെ എനിക്കറിയാം എന്നു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ദൈവം നല്കിയ അതിസ്വാഭാവികമായ ഒരു ദാനം എന്നതല്ലാതെ തന്റെ വ്യക്തിപരമായ ഘടകങ്ങളൊന്നും അതിനോടു ബന്ധിപ്പിക്കാൻ പൗലോസ് ശ്ലീഹാ ആഗ്രഹിക്കുന്നില്ല എന്നതും വ്യക്തമാണ്.

ദർശനങ്ങൾ പുതിയനിയമ കാലത്തെ മനുഷ്യർക്കു മനസ്സിലാകുന്ന കാര്യമായിരുന്നു. സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നത് ദൈവികമായ ഭയം ഉളവാക്കുന്ന കാര്യമാണ്. അസാധാരണമായ ദൈവികനിയോഗം ലഭിച്ചവർക്കു മാത്രമാണ് ഈ വിധത്തിലുള്ള അനുഭവം ലഭിച്ചിട്ടുള്ളത്. പുതിയനിയമത്തിൽ ദർശനം ലഭിച്ച വ്യക്തികളെക്കുറിച്ച് ധാരാളം വിവരണങ്ങളുണ്ട് (ലൂക്കാ 1,8-23; മത്താ. 17,9; ലൂക്കാ 24, 22-24). പൗലോസ് ശ്ലീഹായുടെ ജീവിതത്തിൽത്തന്നെ പല അവസരങ്ങളിൽ വെളിപാടുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അവയെയെല്ലാം അതിശയിക്കുന്ന ഒരു വെളിപാടിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. എത്ര പ്രധാനപ്പെട്ട അനുഭവമായിരുന്നെങ്കിലും തന്റെ ബലഹീനതയിൽ അഭിമാനിക്കാനാണ് ശ്ലീഹാ ആഗ്രഹിക്കുന്നത്. തന്നെ ഇപ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്നതിനനുസരിച്ചുമാത്രം, തന്റെ ബലഹീനതകളോടും കൂടി വിലയിരുത്താനാണ് പൗലോസ് ശ്ലീഹാ ആഗ്രഹിക്കുന്നത്. ദൈവകൃപയാൽ ലഭിക്കുന്ന പ്രത്യേക വരങ്ങളിൽ സ്വയം പ്രശംസിക്കുന്നവരാകാതെ തങ്ങളുടെ അനുദിന ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾക്കു മാർഗനിർദ്ദേശങ്ങൾ നല്കുന്നവരായിരിക്കണം അജപാലകർ.

**2. ശരീരത്തിലെ മുള്ള്**

*"വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്കു നൽകപ്പെട്ടിരിക്കുന്നു. അതായത്, എന്നെ ശല്യപ്പെടുത്തുന്നതിനും മതിമറന്ന് ആഹ്ലാദിക്കാതെ എന്നെ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പിശാചിന്റെ ദൂതൻ അത് എന്നെ വിട്ടകലാൻവേണ്ടി മൂന്നു പ്രാവശ്യം ഞാൻ കർത്താവിനോടപേക്ഷിച്ചു. എന്നാൽ, അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീ*

*നതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്. മിശിഹായുടെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും. അതുകൊണ്ട്, ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ മിശിഹായെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ, ബലഹീനനായിരിക്കുമ്പോഴാണു ഞാൻ ശക്തനായിരിക്കുന്നത്''* (12,7-10).

തനിക്കു ലഭിച്ച ദർശനങ്ങളിലും വെളിപാടുകളിലും മതിമറന്ന് ആഹ്ലാദിക്കാതിരിക്കാൻ തനിക്കു ശരീരത്തിൽ ഒരു മുള്ള് നല്കപ്പെട്ടിരിക്കുന്നു എന്ന് തന്റെ ബലഹീനതയെപ്പറ്റി പറഞ്ഞുകൊണ്ടാണ് പൗലോസ് ശ്ലീഹാ തന്റെ പ്രസംഗം അവസാനിപ്പിക്കുന്നത്. സാത്താന്റെ ഒരു ദൂതൻ എന്നാണിതിനെ ശ്ലീഹാ വിശേഷിപ്പിക്കുന്നത്. ദൈവം പൗലോസ് ശ്ലീഹായ്ക്കു നല്കിയതാണിത്. വേദനയിലും നിരാശയിലുംപെട്ട് ദൈവത്തിൽ നിന്നകലാൻ ഇടയാക്കാവുന്നവിധം തിന്മ ഇതൊരു ഉപകരണമാക്കാൻ സാധ്യതയുള്ളതിനാലാവണം സാത്താന്റെ ദൂതൻ എന്ന് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. പൗലോസ് ശ്ലീഹാ സൂചിപ്പിക്കുന്ന ഈ ബലഹീനത എന്താണെന്നതിനെക്കുറിച്ച് ഊഹാപോഹങ്ങൾ മാത്രമേയുള്ളൂ. ആത്മീയമോ മാനസികമോ ശാരീരികമോ ആയ എന്തെങ്കിലും ബുദ്ധിമുട്ടുകളാകാം ഇത്.

സംസാരതടസ്സം, അപസ്മാരം തുടങ്ങിയ പല രോഗങ്ങളാകാം ഇത് എന്ന് വിലയിരുത്തുന്നവരുണ്ട്. ഗലാത്തിയാ ലേഖനം 4,13-15 ന്റെ വെളിച്ചത്തിൽ ഇതിനെ ചിലർ വ്യാഖ്യാനിക്കുന്നു. അവിടെ ശ്ലീഹാ ഇപ്രകാരം പറയുന്നു:''ഞാൻ ആദ്യമേ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചത് എനിക്കു ശാരീരികാസ്വാസ്ഥ്യം ഉള്ള അവസരത്തിലാണെന്നു നിങ്ങൾക്ക് അറിയാമല്ലോ. എന്റെ ശരീരസ്ഥിതി നിങ്ങൾക്കൊരു പരീക്ഷയായിരുന്നിട്ടും നിങ്ങൾ എന്നെ നിന്ദിക്കുകയോ വെറുക്കുകയോ ചെയ്തില്ല. മറിച്ച്, എന്നെ ഒരു ദൈവദൂതനെപ്പോലെ, ഈശോമിശിഹായെപ്പോലെതന്നെ, നിങ്ങൾ സ്വീകരിച്ചു'' ഈ മുള്ള് എന്താണെന്നതിനേക്കാൾ ദൈവകൃപയുടെ സമൃദ്ധി തനിക്ക് ഉണ്ടാക്കിയ ഒന്നാണിത് എന്ന് പൗലോസ് ശ്ലീഹാ കരുതുന്നു. ഈ പ്രശ്നം മാറിക്കിട്ടാൻ തീക്ഷ്ണമായി പ്രാർത്ഥിച്ചെങ്കിലും പകരമായി അവിടുത്തെ കൃപയാണ് ദൈവം നല്കിയത്. ബലഹീനതയിലാണ് മിശിഹായുടെ ശക്തി പൂർണമാകുന്നതെന്നാണ് ഇതിലൂടെ ശ്ലീഹായ്ക്കു ബോധ്യമായത്. എന്തെല്ലാം ബലഹീനതകളുണ്ടെങ്കിലും അവയുടെ മുമ്പിൽ തളർന്നു പോകാതെ,

ദൈവകൃപയിൽ ആശ്രയിച്ചു കൊണ്ട് അജപാലകർ അജപാലക ധർമ്മം നിർവഹിക്കണമെന്ന് ഇതു സൂചിപ്പിക്കുന്നു.

**3. ശ്ലീഹായ്ക്കു ചേർന്ന അടയാളങ്ങൾ**

*''ഞാൻ ഒരു ഭോഷനായിപ്പോയല്ലോ! നിങ്ങളാണ് അതിനു കാരണക്കാർ; എന്തെന്നാൽ, നിങ്ങൾ എന്നെ പ്രശംസിക്കേണ്ടവരായിരുന്നു. ഞാൻ നിസ്സാരനാണെന്നിരിക്കിലും ഈ അപ്പസ്തോല പ്രമാണികളെക്കാൾ ഒട്ടും കുറഞ്ഞവനല്ല. തെളിവുകളോടും അദ്ഭുതങ്ങളോടും ശക്തികളോടും കൂടെ എല്ലാത്തരത്തിലുമുള്ള സഹനങ്ങളിലും ഒരു അപ്പസ്തോലനു ചേർന്ന അടയാളങ്ങൾ നിങ്ങൾക്കു നൽകപ്പെട്ടു. ഞാൻ നിങ്ങൾക്ക് ഒരു ഭാരമായിത്തീർന്നിട്ടില്ല എന്നതിലൊഴികെ മറ്റെന്തിലാണ് നിങ്ങൾക്കു മറ്റു സഭകളെക്കാൾ കുറവുവന്നിട്ടുള്ളത്? ആ അപരാധം എന്നോടു ക്ഷമിക്കുവിൻ!''* (12,11-13).

തന്റെ പിന്നാലെ കോറിന്തോസിലെത്തിയ പ്രബോധകരുടെ നിലപാടുകളെ തള്ളിക്കളഞ്ഞുകൊണ്ടും അവരുടെ അവകാശവാദങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ടും തന്റെ നേട്ടങ്ങൾ കോറിന്തോസുകാരെ ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് 'വിഡ്ഢി' പ്രസംഗത്തിലൂടെ പൗലോസ് ശ്ലീഹാ നടത്തിയത്. താൻ ഈ ആത്മപ്രശംസ നടത്തിയതുകൊണ്ട് ഭോഷനായിത്തീർന്നതേയുള്ളൂ എന്നും, അതിനിടവരുത്തിയത് അവർ തന്നെയാണെന്നും ശ്ലീഹാ വ്യക്തമാക്കുന്നു (12,11). കോറിന്തോസിലെ സഭയ്ക്ക് തന്നെ നന്നായി അറിയാം. തന്റെ നേട്ടങ്ങൾ അവരുടെ മുമ്പിൽ നിരത്തി അംഗീകാരം നേടേണ്ട ആവശ്യം തനിക്കില്ല. ഒരു ശ്ലീഹായ്ക്ക് ചേർന്ന അടയാളങ്ങളോടുകൂടെ താൻ അവർക്കിടയിൽ ശുശ്രൂഷ ചെയ്ത കാര്യം ഏവർക്കും വ്യക്തമാണ് എന്നെല്ലാം ശ്ലീഹാ പറയുന്നു.

താൻ ഒന്നുമല്ല; എങ്കിലും ഈ അപ്പസ്തോല പ്രമാണികളെക്കാൾ ഒട്ടും കുറഞ്ഞവനല്ല എന്ന പ്രസ്താവനയിലൂടെ അവർ ഒന്നുമല്ല എന്ന് ശ്ലീഹാ പരോക്ഷമായി പ്രഖ്യാപിക്കുകയാണ്. താൻ സഭയ്ക്ക് ഒരു കുറവും വരുത്തിയിട്ടില്ല. അവർക്ക് ഒരു ഭാരമായിട്ടില്ല എന്ന തെറ്റ് തന്നോടു ക്ഷമിക്കുക എന്ന പ്രഖ്യാപനം ആക്ഷേപോക്തിയാണ്. തന്റെ എതിരാളികൾ കോറിന്തോസിലെ സഭയ്ക്ക് ഒരു ഭാരമാണ് എന്നു തന്നെയാണ് ഇതിലൂടെ പൗലോസ് ശ്ലീഹാ പരോക്ഷമായി പറയുന്നത്. ഇനിയും താൻ കോറിന്തോസിൽ വരുമ്പോൾ അവർക്ക് ഒരു ഭാരമാവില്ല എന്ന മുന്നറിയിപ്പ് ഇവിടെ നല്കുകയും ചെയ്യുന്നു. അജപാലകർ സഭയിലെ ശ്ലൈഹികാധികാരത്തിനു ചേർന്നവിധം സഭാശുശ്രൂഷ നിർവഹിക്കണമെന്ന ആഹ്വാനമാണ് ഇതു നല്കുന്നത്.

**4. ശ്ലീഹായുടെ മൂന്നാം സന്ദർശനം**

*"ഇതാ, ഞാൻ മൂന്നാംപ്രാവശ്യം നിങ്ങളെ സന്ദർശിക്കാൻ തയ്യാറായിരിക്കുന്നു. തീർച്ചയായും ഞാൻ നിങ്ങൾക്ക് ഒരു ഭാരമായിരിക്കുകയില്ല. എന്തെന്നാൽ, ഞാൻ കാംക്ഷിക്കുന്നത് നിങ്ങളെയാണ്, നിങ്ങൾക്കുള്ളതല്ല. മക്കൾ മാതാപിതാക്കന്മാർക്കുവേണ്ടിയല്ല സമ്പാദിക്കേണ്ടത്; മറിച്ച് മാതാപിതാക്കന്മാർ മക്കൾക്കുവേണ്ടിയാണ്. ഞാൻ അതീവ സന്തോഷത്തോടെ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി എനിക്കുള്ളതെല്ലാം ചെലവഴിക്കുകയും എന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങളെ കൂടുതൽ സ്നേഹിക്കും തോറും നിങ്ങൾ എന്നെ കുറച്ചുമാത്രമാണോ സ്നേഹിക്കേണ്ടത്? ഞാൻ നിങ്ങളെ ബുദ്ധിമുട്ടിച്ചിട്ടില്ല എന്നു നിങ്ങൾ സമ്മതിക്കുമെങ്കിലും, നിങ്ങളെ കബളിപ്പിച്ച് സൂത്രത്തിൽ വശപ്പെടുത്തുകയായിരുന്നുവെന്നു നിങ്ങൾ പറയുന്നു. ഞാൻ നിങ്ങളുടെ അടുത്തേക്കയച്ച ആരെങ്കിലും വഴി ഞാൻ നിങ്ങളെ കബളിപ്പിച്ചിട്ടുണ്ടോ? തീത്തോസ് പോകണമെന്നു ഞാൻ നിർബന്ധിച്ചു. അവൻ കൂടെ ആ സഹോദരനെയും അയച്ചു. തീത്തോസ് നിങ്ങളെ കബളിപ്പിച്ചില്ലല്ലോ. ഒരേ ആത്മാവിലല്ലേ ഞങ്ങൾ പ്രവർത്തിച്ചത്? ഒരേ പാതയിലല്ലേ ഞങ്ങൾ നടന്നത്. ഞങ്ങൾ നിങ്ങളുടെ മുമ്പിൽ ഞങ്ങളെത്തന്നെ ന്യായീകരിക്കുകയായിരുന്നുവെന്നാണോ ഇത്രയും കാലം നിങ്ങൾ വിചാരിച്ചിരുന്നത്? പ്രിയപ്പെട്ടവരേ, ഞങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ അത്യുന്നതിക്കുവേണ്ടി ദൈവസമക്ഷം സമസ്തവും മിശിഹായിലാണ് പ്രസംഗിച്ചിരുന്നത്"* (12,14-19).

മൂന്നാം പ്രാവശ്യം കോറിന്തോസിലെ സഭാംഗങ്ങളെ സന്ദർശിക്കാൻ താൻ തയ്യാറായിരിക്കുന്നുവെന്ന് പൗലോസ് ശ്ലീഹാ പറയുന്നു. അതേസമയം താൻ അവർക്ക് ഒരു ഭാരമായിരിക്കുകയില്ല എന്നുറപ്പു കൊടുക്കുകയും ചെയ്യുന്നു. ഭാരമായിരിക്കുക, സമ്പാദിക്കുക (12,14), ബുദ്ധിമുട്ടിച്ചില്ല (12,16), എനിക്കുള്ളതെല്ലാം ചിലവഴിച്ചു (12,15) കബളിപ്പിക്കൽ (12,16.18) തുടങ്ങിയ പ്രയോഗങ്ങളെല്ലാം ഇതിനുമുമ്പു ചർച്ചയിൽ വന്ന വിഷയങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. പൗലോസ് ശ്ലീഹാ തനിക്കുവേണ്ടി കോറിന്തോസുകാരിൽനിന്ന് സാമ്പത്തിക സഹായം സ്വീകരിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അവരോടു സ്നേഹമില്ലാത്തതുകൊണ്ടാണ് എന്നു ചിലർ പ്രചരിപ്പിച്ചു (11,7-11; 12,16). ഇക്കാര്യം വീണ്ടും പറയുന്നത് ഇത് എത്രമാത്രം ശ്ലീഹായെ വേദനിപ്പിച്ചു എന്നു വ്യക്തമാക്കുന്നു. കോറിന്തോസുകാരിൽനിന്ന് ജറുസലേമിലെ സാധുക്കൾക്കുവേണ്ടിയെന്നു പറഞ്ഞ് പണപ്പിരിവു നടത്തിയത് അവരെ കബളിപ്പിക്കലാണ് എന്നും ചിലർ പറഞ്ഞിരിക്കാം.

ഈ പശ്ചാത്തലത്തിലായിരിക്കാം ജറുസലേമിലേക്കുള്ള പണപ്പിരിവിനായി തീത്തോസ് പോകണമെന്ന് പൗലോസ് ശ്ലീഹാ നിർബന്ധിച്ചത് (12,18). തീത്തോസിനോടൊപ്പം മറ്റൊരു സഹോദരനെയും ശ്ലീഹാ കോറിന്തോസിലേക്ക് അയച്ചത് അവിടെ നിന്നുള്ള പണപ്പിരിവിന്റെ സുതാര്യത വ്യക്തമാക്കാനായിരിക്കണം. അതോടൊപ്പം ഇതു വെറുമൊരു ന്യായീകരണമല്ല എന്നു സൂചിപ്പിക്കാനാണ് തുടർന്നുള്ള വാക്യത്തിൽ, 'ഞങ്ങൾ നിങ്ങളുടെ മുമ്പിൽ ഞങ്ങളെത്തന്നെ ന്യായീകരിക്കുകയായിരുന്നുവെന്നാണോ ഇത്രയും കാലം നിങ്ങൾ വിചാരിച്ചിരുന്നത്? പ്രിയപ്പെട്ടവരേ, ഞങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ അത്യുന്നതിക്കുവേണ്ടി ദൈവസമക്ഷം സമസ്തവും മിശിഹായിലാണ് പ്രസംഗിച്ചിരുന്നത്' എന്നുകൂടി കൂട്ടിച്ചേർക്കുന്നത് (12, 19). അജപാലകർ തങ്ങളുടെ പ്രവർത്തനങ്ങളെല്ലാം സുതാര്യതയോടെ നിർവഹിക്കണമെന്ന് ഇത് ഓർമ്മിപ്പിക്കുന്നു.

**5. സന്ദർശനത്തെപ്പറ്റിയുള്ള ആകുലത**

*''ഒരുപക്ഷേ ഞാൻ വരുമ്പോൾ ഞാൻ ആഗ്രഹിക്കുന്ന നിലയിൽ നിങ്ങളെയും നിങ്ങൾ ആഗ്രഹിക്കുന്ന നിലയിൽ എന്നെയും കാണാതിരിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു. കലഹവും അസൂയയും കോപവും മാത്സര്യവും അപവാദവും പരദൂഷണവും അഹന്തയും അസ്വസ്ഥതയും ആയിരിക്കുമോ കണ്ടെത്തുന്നത്? ഞാൻ വീണ്ടും നിങ്ങളുടെ അടുക്കൽ വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ മുമ്പിൽ എളിമപ്പെടുത്തുമോ എന്ന് എനിക്കു ഭയമുണ്ട്. നേരത്തേ പാപം ചെയ്തവരും, എന്നാൽ തങ്ങളുടെ അശുദ്ധിയെക്കുറിച്ചും വ്യഭിചാരത്തെക്കുറിച്ചും വിഷയാസക്തിയെക്കുറിച്ചും പശ്ചാത്തപിക്കാത്തവരുമായ അനേകരെ ഓർത്തു വിലപിക്കേണ്ടി വരുമോ എന്നും ഞാൻ ഭയപ്പെടുന്നു''* (12,20-21).

സഭയെക്കുറിച്ച് ശ്ലീഹായ്ക്കു വലിയ കരുതലുള്ളതിനാൽ തന്റെ മൂന്നാം സന്ദർശനം എപ്രകാരം ആയിത്തീരും എന്നതിനെക്കുറിച്ച് അദ്ദേഹം വ്യഗ്രതപ്പെടുന്നു. അവരിൽ കാണുന്നത് തനിക്ക് ഇഷ്ടപ്പെടാത്തവയാണെങ്കിൽ അവർക്കിഷ്ടപ്പെടാത്തതു താനും ചെയ്യേണ്ടിവരും എന്ന് മുന്നറിയിപ്പു നല്കുന്നു. മുമ്പത്തെ സന്ദർശനസമയത്ത് തനിക്കു വലിയ അപമാനം ഏല്ക്കേണ്ടി വന്നു എന്ന് ശ്ലീഹാ ഓർമ്മിക്കുകയാണ്. വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ മുമ്പിൽ എളിമപ്പെടുത്തുമോ എന്ന് എനിക്കു ഭയമുണ്ട് എന്ന പ്രസ്താവന ശ്ലീഹായുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുന്നതാണ്. പശ്ചാത്തപിക്കാത്തവരെയോർത്തും (12,21)

കോപവും കലഹവും അസൂയയും അപവാദവും മത്സരവും പരദൂഷണവും അഹന്തയും അസ്വസ്ഥതയുമോർത്തും വിലപിക്കേണ്ടി വരുമോ എന്നതാണ് ശ്ലീഹായുടെ ഭയം. ഈ വാക്യങ്ങൾ പൗലോസ് ശ്ലീഹായുടെ രണ്ടാം കോറിന്തോസ് ലേഖനത്തിന്റെ ലക്ഷ്യത്തിലേക്കു വിരൽ ചൂണ്ടുന്നതാണ് കപട ശ്ലീഹന്മാരിൽ നിന്ന് സമൂഹത്തെ വിടുവിച്ചെടുക്കാനും അവർ വന്നു ചേരുന്നതിനു മുമ്പുള്ള സ്ഥിതിയിലേക്ക് സഭയെ കൊണ്ടുപോകാനുമാണ് പൗലോസ് ശ്ലീഹാ ആഗ്രഹിക്കുന്നത്.

തന്റെ മൂന്നാം സന്ദർശനത്തെക്കുറിച്ച് പൗലോസ് ശ്ലീഹായ്ക്കു ഭയമുണ്ട്. ഭയം അതിൽത്തന്നെ തെറ്റായ ഒന്നല്ല. ചില ഭയങ്ങൾ ഉണ്ടാകുന്നത് ലോകത്തിലെ തിന്മകളുടെ ഫലമായിട്ടാണ്. കാരണം മനുഷ്യൻ പ്രലോഭനങ്ങൾക്കു വിധേയനാണ്. ഒരു യഥാർത്ഥ അജപാലകൻ തന്റെ അജഗണങ്ങളുടെ സാന്മാർഗിക ബലഹീനതകളെക്കുറിച്ച് കരുതലുള്ളവനും അവയെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉത്സാഹമുള്ളവനുമായിരിക്കണം. പൗലോസ് ആത്മാർത്ഥയുള്ള ഒരു ശ്ലീഹാ ആയിരുന്നു. തെറ്റായ കാര്യങ്ങളെ തെറ്റുകളായിത്തന്നെ കാണുകയും അവയെ ഇല്ലാതാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്നവനായിരുന്നു. ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ ഒരു സമൂഹത്തിൽ കടന്നുവരാവുന്ന ജഡത്തിന്റെ വ്യാപാരങ്ങളെക്കുറിച്ച് ശ്ലീഹാ പറയുന്നുണ്ട് (ഗലാ. 5,19-21). ഇവ ഏതു സഭാസമൂഹത്തിലും കടന്നുവരാൻ സാധ്യതയുണ്ട്. അതുകൊണ്ട് അജപാലകർ തങ്ങളുടെ സമൂഹത്തെ അവയിൽനിന്നും അകറ്റി നിർത്തുന്നതിൽ ജാഗരൂകതയുള്ളവരായിരിക്കണം.

**ജീവിതസൂചിക**

1. എന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഞാൻ ജനങ്ങൾക്കു മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ടോ? ദൈവകൃപയിലാശ്രയിച്ചു കൊണ്ടാണോ ഞാൻ അജപാലക ധർമ്മം നിർവഹിക്കുന്നത്?

സഭയിലെ ശ്ലൈഹികാധികാരത്തിനു ചേർന്നവിധം സഭാശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എപ്രകാരം ശ്രമിക്കുന്നു?

4. ഞാൻ സുതാര്യതയോടെയാണോ എന്റെ അജപാലന പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്?

5. ജഡത്തിന്റെ വ്യാപാരങ്ങൾ സഭാസമൂഹത്തിൽ കടന്നു വരാതിരിക്കാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2-ാം തീയതിയും, ബഹു. മാത്യു അത്തിക്കൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 17-ാം തീയതിയും ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചന്റെയും, ബഹു. മാത്യു ഇല്ലിക്കൽ അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 19-ാം തീയതിയും, ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 28-ാം തീയതിയുമാണ്. ബഹു. വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 8 മുതൽ 12 വരെയും സെപ്റ്റംബർ 21 മുതൽ 26 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**3. മതബോധന ഞായർ - സെപ്റ്റംബർ 14**

സെപ്റ്റംബർ 14-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ഞായറായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗ ബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ഞായർ നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കച്ചിറയിൽ അച്ചനേയും അച്ചനോ

ടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളേയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**4. വൈദിക സമിതി യോഗം - ഒക്ടോബർ 8**

മാനന്തവാടി രൂപത വൈദിക സമിതിയുടെ ഒരു യോഗം 2025 ഒക്ടോബർ 8 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.00 മണി വരെ ബിഷപ്സ് ഹൗസിൽ വെച്ചു ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയക്കുന്നതാണ്.

**5. പാസ്റ്ററൽ കൗൺസിൽ - ഒക്ടോബർ 11**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2025 ഒക്ടോബർ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

**ബൈബിൾ കൺവെൻഷൻ-2025 നവംബർ 7 മുതൽ 10 വരെ**

കുടുംബ നവീകരണ വർഷത്തിനോടനുബന്ധിച്ച് ബഹു. മാത്യു വയലാമണ്ണിൽ സി.എസ്.റ്റി അച്ചൻ നയിക്കുന്ന രൂപതാ ബൈബിൾ കൺവെൻഷൻ **2025 നവംബർ 7 മുതൽ 10** വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ബഹു. അച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ജൂബിലി വർഷം - കുടുംബ നവീകരണ വർഷ സമാപനം**

ജൂബിലി വർഷത്തിന്റെയും കുടുംബ നവീകരണ വർഷത്തിന്റെയും രൂപതാതല സമാപനം **2025 ഡിസംബർ 6 ശനിയാഴ്ച**യാണ് തീരുമാനിച്ചിരിക്കുന്നത്. ബഹു. അച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ സമാപനത്തിൽ പങ്കെടുക്കേണ്ടവരുടെയും അന്നത്തെ പരിപാടികളുടെയും വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## 2025 സെപ്റ്റംബർ മാസത്തിലെ കുടുംബകൂട്ടായ്മകളിലെ പഠന വിഷയം

### സഭാ ശാക്തീകരണം സാമുദായിക ബോധം

'സഭാ ശാക്തീകരണം സാമുദായിക ബോധം' എന്നത് ഈ കാലഘട്ടം മുന്നോട്ടുവയ്ക്കുന്ന ആവശ്യമാണ്. ക്രൈസ്തവരുടെ ആത്മീയ വിശ്വാസം, വിശ്വാസ പരിശീലനം, ക്രൈസ്തവ കുടുംബ ഭദ്രത, അതോടൊപ്പം ക്രൈസ്തവ സാമുദായിക ബോധം, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക സുരക്ഷ തുടങ്ങിയ വിവിധ മേഖലകൾ സഭാ ശാക്തീകരണവും സാമുദായിക ബോധവും എന്ന വിഷയത്തോട് ചേർന്ന് നിൽക്കുന്നു. ഒറ്റയ്ക്ക് വളർന്ന് ഒരുമിച്ച് തകരുന്ന സാഹചര്യത്തിൽ എങ്കിലും ഈ വിഷയത്തിന്റെ പ്രാധാന്യം നാം ചർച്ചയാക്കേണ്ടതാണ്.

**I. വിശ്വാസം നേരിടുന്ന വെല്ലുവിളികൾ**

ക്രൈസ്തവ വിശ്വാസ രൂപീകരണത്തിൽ കുട്ടികൾക്കും മുതിർന്നവർക്കും എന്ത് ചെയ്യാൻ കഴിയും? ക്രിസ്തു അനുഭവം കുടുംബങ്ങളിലും, ഇടവകകളിലും, വിദ്യാലയങ്ങളിലും, വേദപാഠ ക്ലാസിലും ആർക്കും തന്നെ ലഭിക്കുന്നില്ല, അനുഭവമാകുന്നില്ല എന്നതാണ് പൊതുവെ പറയുന്ന പരാതി. വിശ്വാസം കാണാത്ത ഒന്നായതിനാൽ ജീവിക്കുന്ന ക്രിസ്താനുഭവങ്ങൾ മനുഷ്യരുടെ മുമ്പിൽ സാക്ഷ്യമാകണം.

**a. കുടുംബങ്ങളിൽ**

1. ഒന്നിച്ചുള്ള സന്ധ്യാപ്രാർത്ഥനകൾ: വീട്ടിലില്ലാഞ്ഞിട്ടും കുടുംബ പ്രാർത്ഥനയിൽ അപ്പനോടും അമ്മയോടും കൂടെ ഓൺലൈനിൽ പങ്കെടുക്കുന്ന ക്രൈസ്തവ യുവാക്കളും പഠിതാക്കളും മാതൃകയായി മാറുകയാണ്.

2. മുടക്കം കൂടാതെ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളും വിശുദ്ധ കുർബാന കുടുംബസമേതം പങ്കെടുക്കുന്നത് സഭാ ശാക്തീകരണത്തിന്റെ ഒരു വഴിയാണ്.

3. യൂണിറ്റിലെ കുടുംബ ക്കൂട്ടായ്മകളിൽ കുടുംബാംഗങ്ങൾ എല്ലാവരും എല്ലാ തിരക്കുകളും മാറ്റിവെച്ച് സമ്മേളിച്ചാൽ ശാക്തീകരണം ആരംഭിച്ചു എന്ന് പറയാം.

4. കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള അത്താഴം, പ്രാതൽ, തുറന്ന സംസാരങ്ങൾ എന്നിവ പുനരാരംഭിക്കണം. ഈ സമയം ഇലക്ട്രോണിക് സാമഗ്രികൾ നിശബ്ദമാകട്ടെ.

5. കുടുംബ തീരുമാനങ്ങളിൽ അംഗങ്ങൾ തമ്മിൽ ജനാധിപത്യ രീതിയിലുള്ള ഇടപെടലുകൾ അനിവാര്യമാണ്. പ്രായ, സ്ഥാന, ലിംഗ ഭേദമന്യേ എല്ലാവർക്കും അഭിപ്രായ വേളകളിൽ ഒരിടം സൃഷ്ടിക്കുന്നത് നല്ലതാണ്.

6. വീടുകളിൽ കുട്ടികളെ കേൾക്കാൻ നല്ല സമയത്തിന്റെ ഒരു ഭാഗം മാറ്റിവയ്ക്കേണ്ടത് അനിവാര്യമായിരിക്കുന്നു. കേൾക്കാൻ ആളില്ല എന്നത് ക്രൈസ്തവ രൂപീകരണത്തിൽ നമുക്ക് വലിയ തടസ്സമാണ്. പക്ഷേ ചിലയിടങ്ങളിൽ പറയാനും ആളില്ല എന്നതും വേദനാകരമാണ്.

7. ക്രൈസ്തവ കുടുംബങ്ങളിലൂടെ ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ഹൃദ്യമായ ബന്ധം നമ്മുടെ ഭാവി കുടുംബങ്ങളുടെ ഉടമകളായ മക്കൾക്ക് ഏറെ പ്രചോദനകരമാണ്. ഇടയ്ക്കിടെയുള്ള പുറത്തുപോകൽ, ഒന്നിച്ചുള്ള  കളിചിരികൾ, സിനിമ കാണൽ, ജോലിയെടുക്കൽ, ഒരുമിച്ചുള്ള ഭക്ഷണം തുടങ്ങിയവ ഭൂമിയിൽ കുടുംബങ്ങളിൽ സ്വർഗ്ഗം കൊണ്ടെത്തിക്കും. ദൈവത്തെ ഓർക്കാതെ, ദൈവനാമം ജപിക്കാതെ വീടുകളിൽ ഒരു കാര്യവും തുടങ്ങുകയില്ല എന്ന് ചെറിയവർ മുതൽ മുതിർന്നവർ വരെ മനസ്സിൽ തീരുമാനിക്കണം. കൂടാതെ വീട്ടിലും നാട്ടിലും ക്രൈസ്തവർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യോഗങ്ങളെ അഭിസംബോധന ചെയ്യുമ്പോഴും ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ എന്നോ Praise be to Jesus Christ എന്നു പറയാനും, തിരികെ പറയാനുമുള്ള പുരാതന പാരമ്പര്യം തിരികെ കൊണ്ടുവരണം.

8. മക്കളെ മതബോധന പഠനത്തിൽ തൽപരരാക്കാൻ ഇടയ്ക്കെങ്കിലും കുട്ടികളോടൊപ്പം രണ്ടാം കുർബാനയ്ക്കും, മതബോധന പി.ടി.എ. കളിലും, അവരുടെ കലാകായിക പ്രകടനങ്ങളിലും മാതാപിതാക്കൾ ശ്രദ്ധയോടെ ഇടപെടലുകൾ നടത്തിയാൽ വിശ്വാസമുള്ള, ബോധ്യമുള്ള ഭാവിതലമുറയെ നമുക്ക് പരിശീലിപ്പിച്ച് രൂപീകരിക്കുവാൻ കഴിയും.

9. ഇടവകകളിലെയും യൂണിറ്റിലെയും അയൽവക്കത്തെയും ആഘോഷങ്ങളിലും സങ്കടങ്ങളിലും കുടുംബാംഗങ്ങൾ ഒന്നിച്ച് എത്തിച്ചേരുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. രോഗികളെ,

ബുദ്ധിമുട്ടുന്നവരെ, ആവശ്യക്കാരെ കുടുംബം ഒന്നാകെ ചെന്ന് കാണുമ്പോൾ മാനുഷിക മൂല്യങ്ങളും സഹായ മനസ്ഥിതിയും സ്വാഭാവികമായി മക്കളിൽ വളരും. അയൽപക്ക ഇടനാഴികൾ കാടുപിടിക്കാതിരിക്കണം.

10. തന്നാൽ കഴിയുന്നതിന്റെ പരമാവധി ഇടവകയിലും, അവിടുത്തെ ആത്മീയ കാര്യങ്ങളിലും, ഇടവക നടത്തിപ്പ് കാര്യങ്ങളിലും, സംഘടനാ പ്രവർത്തനങ്ങളിലും സമയത്തിന്റെ, ആരോഗ്യത്തിന്റെ, സമ്പത്തിന്റെ, ചെറിയൊരു ഭാഗം മാറ്റിവയ്ക്കാൻ ഉറച്ച തീരുമാനങ്ങൾ എടുക്കണം.

**b. ആത്മീയ വിശ്വാസ മേഖലകളിലെ പ്രതിസന്ധികൾ**

സഭ എന്ന കാഴ്ചപ്പാടും സമുദായം എന്ന നിലപാടും ക്രിസ്തുവിനോട് ചേർന്ന് നിന്ന് ഓരോ ക്രൈസ്തവനും ഉണ്ടാക്കിയെടുക്കേണ്ടതാണ്. പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

1. മുടങ്ങാതെയുള്ള ദേവാലയ ശുശ്രൂഷകളിലെ പങ്കുകൊള്ളൽ.

2. വിശുദ്ധ കുർബാനയിൽ ഉച്ചത്തിൽ പ്രാർത്ഥിച്ചും പാടിയും ദൈവത്തെ ആരാധിക്കുന്ന തുറവി ഉണ്ടാക്കിയെടുക്കണം.

3. ദേവാലയ ശുശ്രൂഷകളിൽ സഹായിക്കേണ്ടത് വേദപാഠ കുട്ടികൾ മാത്രമാണ് എന്ന ചിന്തയിൽ നിന്ന് മുതിർന്നവർക്കും കഴിയും എന്ന് തിരിച്ചറിഞ്ഞ് ഇടപെടണം.

4. വിശ്വാസം പഠിപ്പിക്കുന്ന മതപഠന ക്ലാസുകളിൽ അറിവുള്ളവരും കഴിവുള്ളവരും ആയ, പ്രത്യേകിച്ച് അധ്യാപകർ, ഗവൺമെന്റ് ജീവനക്കാർ, സംഘടനാ നേതാക്കന്മാർ, രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ സ്വയമേവ കടന്നുവരണം.

5. ഇടവക വികാരിയോട് ചേർന്ന് നിന്ന് അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളും അറിയിച്ച് യോജിപ്പിന്റെ സ്വരത്തോടെ ഒരേ മനസ്സോടെ ഇടവകയിലും സമൂഹത്തിലും പ്രവർത്തിക്കാൻ കഴിയണം.

6. ദാനധർമ്മം പരിശീലിപ്പിക്കാൻ കുർബാന മധ്യേയുള്ള കാഴ്ചവെപ്പിൽ കൊടുക്കാൻ വിധവയുടെ ചില്ലി കാശ് പോലെ എന്തെങ്കിലും ഒരു തുക മക്കളുടെ കൈവശം മാതാപിതാക്കൾ ബോധപൂർവ്വം കൊടുത്തു വിടണം. കുർബാനയ്ക്ക് കൂടാനുള്ള പരിശീലനം, ബൈബിൾ വായന പരിശീലനം സന്യസ്തരുടെ ഉത്തരവാദിത്വമാണ് എന്നതിനപ്പുറം, തങ്ങളുടെ കൂടെ ഉത്തരവാ

ദിത്വമായി മാതാപിതാക്കൾ കരുതണം. ദേവാലയത്തെ ചുറ്റിപ്പറ്റിയുള്ള പ്രവർത്തനങ്ങളിൽ താല്പര്യത്തോടെ മക്കളെ ഇടപെടുത്തുന്നു എന്ന ചിന്ത മക്കളിൽ ജനിപ്പിക്കാൻ കഴിയണം.

7. നമ്മുടെ വൈദികർ ആരായാലും കണ്ടുമുട്ടുമ്പോൾ സ്തുതി കൊടുക്കാനുള്ള പരിശീലനം നൽകുന്നതും ഉചിതമാണ്.

8. ബൈബിൾ പാരായണവും, ഭക്തിഗാനങ്ങളുടെ കേൾക്കലും നമ്മുടെ വീടുകളിൽ മുഴങ്ങിക്കേൾക്കണം.

9. വിശ്വാസരാഹിത്യം കാണുമ്പോൾ പറഞ്ഞുകൊടുത്ത്, മക്കളിലും കുടുംബാംഗങ്ങളിലും സ്വാധീനം ചെലുത്താൻ പാകത്തിന് മുതിർന്നവർ തയ്യാറാകണം.

10. ഇതെല്ലാം ഞാനൊരു ക്രൈസ്തവനാണെന്ന് ആഴത്തിലേക്കും അതിൽ നിന്ന് ഞാനൊരു ക്രൈസ്തവ സമുദായക്കാരനാണെന്ന ചിന്തയിലേക്കും നയിക്കാൻ ഇടയാകും.

**II. സാമുദായിക ബോധം നേരിടുന്ന വെല്ലുവിളികൾ**

ഒരുതരം വിമുഖത നമ്മളെ വേട്ടയാടുന്നുണ്ട്. ക്രൈസ്തവനാണ് എന്ന് പറയാൻ പലപ്പോഴും നമ്മുടെ സാമൂഹ്യബോധം തടസ്സം നിൽക്കുന്നുണ്ട്. നമ്മളെല്ലാം പരിധി ലംഘിച്ച സോഷ്യലിസ്റ്റ് പൊയ്മുഖങ്ങൾ അണിയുന്നുണ്ട്. വലിയ ശതമാനം മരണനിരക്കും ചെറിയ ശതമാനം ജനനനിരക്കും, വോട്ട് ബാങ്ക് പട്ടികയിൽ നിന്നും നമ്മുടെ സമുദായത്തെ താഴെയാക്കിയിട്ടുണ്ട്.

**a. സാമുദായിക ബോധം നേരിടുന്ന വെല്ലുവിളികൾ പ്രായോഗിക നിർദ്ദേശങ്ങൾ**

1. സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ തൊഴിൽ സംബന്ധമായ മേഖലകളിൽ സാമുദായിക അംഗങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളിൽ ഓരോ ഇടവക യൂണിറ്റ് അംഗങ്ങളും ഇടപെടലുകൾ നടത്തണം.

2. രോഗികളെയും വീടുകകൾ ഇല്ലാത്തവരെയും സഹായിക്കാൻ പ്രായ ലിംഗ ഭേദമെന്യേ എല്ലാ സംഘടനകളും മുന്നിട്ടിറങ്ങണം. ഉദാ: കയറിക്കിടക്കാൻ വീടില്ലാത്ത ഒരാൾക്ക് വീട് വയ്ക്കാൻ, ഒരു വർഷത്തെ സമ്പത്തിൽ നിന്നും 1000/2000 രൂപ മാറ്റിവെച്ചാൽ സാധിച്ചെന്നു വരാം.

3. സോഷ്യൽ മീഡിയകളിൽ ലഭിക്കുന്ന ഇടങ്ങളിലെല്ലാം തന്റെ വിശ്വാസത്തെയും, സാമുദായിക ബോധത്തെയും പ്രചരിപ്പിക്കാൻ കിട്ടുന്ന സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തണം. മിനിമം

ഇത്തരത്തിൽ ഉള്ള ഒരു വാട്സ് ആപ്പ് സ്റ്റാറ്റസ് എങ്കിലും പങ്കുവയ്ക്കാൻ കഴിയണം.

4. ഇടവകയിലെ സംഘടനകൾ എല്ലാം ഒറ്റക്കെട്ടായി ഇടവകയുടെ, നാടിന്റെ പ്രവർത്തനങ്ങൾക്കായി കൈകോർക്കണം. മാസത്തിൽ ഒരിക്കൽ വികാരിയച്ചനും ആനിമേറ്ററും ചേർന്നുള്ള എക്സിക്യൂട്ടീവ് യോഗങ്ങൾ സംഘടനാ തലത്തിലും, മൂന്നുമാസത്തിലൊരിക്കൽ എല്ലാ സംഘടനകളും ചേർന്ന് നടത്തുന്ന സമകാലിക ഇടവക, പ്രാദേശിക വിഷയങ്ങൾ ചർച്ച ചെയ്ത്, പഠനം നടത്തി നിലപാടുകൾ സ്വീകരിക്കണം.

5. ഇടവകയുടെ ഭാഗമായ ഒരാൾ മരണപ്പെട്ടാൽ അവിടെ ചെയ്യേണ്ട പന്തൽ, കസേരകൾ മറ്റു സൗകര്യങ്ങൾ എന്നിവ മുതിർന്ന അംഗങ്ങളുള്ള എ. കെ. സി. സി., കെ. സി. വൈ. എം. പോലുള്ള സംഘടനകൾക്ക് ചെയ്യാവുന്നതും വലിയ ലാഭം ആഗ്രഹിക്കാതെ നേരത്തെ ക്രമീകരിച്ചുള്ള ഇനങ്ങൾ വാടകയ്ക്ക് നൽകാവുന്നതുമാണ്.

6. തെരഞ്ഞെടുപ്പുകളിൽ മത്സര രംഗത്തുള്ള നമ്മുടെ ആളുകളെ സഹായിക്കുവാനും പ്രോത്സാഹിപ്പിക്കാനും സമർത്ഥരായ നേതാക്കളെ ഇടവക തലത്തിൽ കണ്ടെത്താനും വളർത്താനും ശ്രമങ്ങൾ നടത്തണം.

7. നമ്മുടെ ഇടവകകളിൽ വിവാഹ പ്രായമെത്തിയിട്ടും വിവാഹിതരാകാതെ നിൽക്കുന്ന യുവതീ യുവാക്കളെ കണ്ടെത്തി സാധിക്കുംവിധം വിവാഹം കഴിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

8. ഇടവകയിൽ ആളുകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, തൊഴിലവസരങ്ങൾ, പഠന മേഖലകൾ, സ്കോളർഷിപ്പുകൾ, അപേക്ഷകൾ എന്നിവയിൽ സഹായിക്കാൻ ഒരു ഹെൽപ്പ് ഡെസ്ക് സംവിധാനം ഉണ്ടാക്കുന്നത് നല്ലതാണ്. കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ള ആളുകൾ ഇതിന് നേതൃത്വം നൽകിയാൽ വലിയ സേവനമാകും.

9. സാമുദായിക സാമൂഹ്യ ചിന്തയോടെ, പള്ളിയോട് ചേർന്ന് ഞായറാഴ്ചയോ മറ്റ് ദിനങ്ങളിലോ ആഴ്ച ചന്തകൾ നടത്താം. ഇടവകയിലെ സംഘടനകൾ ഇതിന് നേതൃത്വം വഹിക്കുക. നമ്മുടെ ആളുകൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവിളകൾ, ഇടനിലക്കാരില്ലാതെ ഭക്ഷ്യയോഗ്യമായവ ആഴ്ച്ചചന്തകളിൽ നൽകാൻ കഴിയും.

## III. വിദ്യാഭ്യാസ തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികൾ

വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ ധാരാളം സംഭാവനകൾ കേരളത്തിൽ കത്തോലിക്കാ സമുദായം നൽകിയിട്ടുണ്ട്. പക്ഷേ അതൊക്കെ തമസ്കരിക്കപ്പെടുന്ന കാലഘട്ടത്തിൽ കത്തോലിക്കാ സഭയും സമുദായവും നാളിതുവരെ വിദ്യാഭ്യാസ മേഖലകളിൽ ചെയ്തുകൊണ്ടിരുന്ന സംഭാവനകളെ നാം തിരിച്ചറിയണം.

1. പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ആശയം വി. ചാവറ പിതാവിന്റെ സംഭാവനയാണ്.

2. ഇന്നത്തെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി പദ്ധതി നമ്മുടെ പിടിയരി എന്ന ആശയത്തിൽ തുടങ്ങിയതാണ്.

3. എല്ലാവർക്കും ഒരുമിച്ചിരുന്ന് പഠിക്കാൻ സംസ്കൃത വിദ്യാലയം ആദ്യമായി തുടങ്ങിയതും നമ്മളാണ്.

4. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളും ഒന്നിച്ചിരുന്ന് പഠിക്കുന്ന സംവിധാനം മാന്നാനം കുന്നിലെ ക്ലാസ് മുറിയിലാണ് ആദ്യമായി ആരംഭിച്ചത്.

5. സാംസ്കാരിക കേരളത്തിന് വായനാപത്രം ആദ്യമായി ദീപികയിലൂടെ സമ്മാനിച്ചത് നമ്മുടെ സമൂഹമാണ്.

6. ആദ്യമായി അച്ചടിച്ച പുസ്തകങ്ങൾ ഒന്നിച്ചുവച്ച് പൊതുവായ ഒരു വായന ഇടം ഒരുക്കി നവീന ലൈബ്രറിയുടെ ആദ്യ മാതൃക സമ്മാനിച്ചതും ക്രൈസ്തവസഭയും സമൂഹവും ആണ്.

7. അഗതികളെ സംരക്ഷിക്കാൻ അഗതി മന്ദിരങ്ങൾ ആരംഭിച്ചതും അതിനായി ഒരു സഹകരണ സംഘം തുടങ്ങി, സഹകരണ സംഘം എന്ന ആശയം ആദ്യമായി മുന്നോട്ടു വച്ചതും നമ്മളാണ്.

8. എത്രയേറെ സർവ്വകലാശാലകളും, കൽപ്പിത സർവകലാശാലകളും, കലാലയങ്ങളും, കോളേജുകളും ആണ് മനുഷ്യർക്കായി നമ്മൾ നിർമ്മിച്ച് ഉപകാരപ്പെടുത്തിയത്.

വിദ്യാഭ്യാസ മേഖലയിൽ ധാരാളം സംഭാവനകൾ നൽകിയതിൽ നമുക്ക് അഭിമാനിക്കാം. സീറോ മലബാർ സഭ അംഗമെന്ന നിലയിലും സമുദായ അംഗം എന്ന നിലയിലും അഭിമാനിക്കാനും ഇനിയുള്ള കാലങ്ങളിൽ ഇവയുടെ കാവലാളാകാനും നമ്മൾ ജാഗ്രത പാലിക്കണം. ഈ ഇടക്കാലങ്ങളെല്ലാം ജോലി നേടിയ ലക്ഷക്കണക്കിന് കുടുംബങ്ങളെ ഇന്നും അന്നമൂട്ടുന്നതും നമ്മുടെ സഭയും സമുദായവും ആണ്.

ഉണരണം സഭാ ബോധവും സമുദായ ബോധവും. നമ്മുടെ അഭ്യസ്ത വിദ്യരായ ആതുര മേഖലയിലെ ആളുകൾ ആരോഗ്യ രംഗത്തും തിളക്കമാർന്ന സംഭാവനകൾ നൽകി. കേരളത്തിൽ നഴ്സിംഗ് പ്രൊഫഷൻ ആരംഭിക്കുവാൻ ക്രൈസ്തവ സഭ നൽകിയ സംഭാവനകൾ ഉദാഹരണമാണ്.

സമുദായത്തിലെ അംഗങ്ങൾക്കിടയിലുള്ള ഐക്യവും പരസ്പര സഹായ മനോഭാവവും വളർത്തിയെടുത്ത് സമുദായത്തിലെ അംഗങ്ങൾക്കിടയിൽ ശക്തമായ ബന്ധങ്ങൾ വളർത്തുകയും പൊതുവായ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഇത്തരത്തിൽ സമുദായവും സമൂഹവും എന്തേതാണെന്ന ബോധത്തിൽ നമുക്കിനിയും ഉണരാം.. പ്രവർത്തിക്കാം..ദൈവത്തെ മഹത്വപ്പെടുത്താം.

**സെപ്റ്റംബർ മാസത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

1. സമുദായ ശാക്തീകരണം സാമുദായിക ബോധം എന്ന പഠന വിഷയം കുടുംബ കൂട്ടായ്മകളിൽ ചർച്ച ചെയ്യുക.
2. 8 നോമ്പാചരണത്തിന് കുടുംബാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക: മാതാവിന്റെ ജനന തിരുനാളിനു കുടുംബങ്ങളെ പ്രത്യേകമായി ഒരുക്കുക.
3. സഖറിയാസ് കൺവെൻഷനുകൾ സംഘടിപ്പിക്കുക.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

**മതബോധന ഞായർ: സെപ്തംബർ 14**

മതബോധന ഞായറിന്റെ മംഗളങ്ങൾ ആശംസിക്കുകയും പ്രാർത്ഥനകൾ നേരുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ മതബോധനത്തെക്കുറിച്ച് സഭയുടെ വ്യക്തമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്. *മതാധ്യാപക ശുശ്രൂഷയ്ക്കായി വിളിക്കപ്പെടുന്ന സ്ത്രീ പുരുഷന്മാർ ആഴമാർന്ന വിശ്വാസത്തിന്റെയും, മാനുഷിക പക്വതയുടെയും ഉടമകളായിരിക്കുന്നത് ഉചിതമാണ്. അവർ ക്രിസ്തീയ സമൂഹത്തിലെ സജീവപങ്കാളികളും ആയിരിക്കണം. അന്യരെ സ്വാഗതം ചെയ്യുവാനും ഔദാര്യപൂർവ്വം സാഹോദര്യത്തിന്റേതായ കൂട്ടായ്മയിൽ ജീവിക്കാൻ കഴിയുന്നവരും, ഉചിതമായ രീതിയിൽ ബൈബിൾ വിജ്ഞാനീയത്തിലും ദൈവശാസ്ത്രത്തിലും അജപാലന ശാസ്ത്രത്തിലും അധ്യാപന ശാസ്ത്രത്തിലും പരിശീലനം നേടിയവരും ആയിരിക്കണം. അങ്ങനെ അവർ വിശ്വാസത്തിന്റെ, സത്യത്തിന്റെ സംവാദകരാകാൻ പ്രാപ്തരായിരിക്കണം. അവർക്ക് മതബോധനത്തിൽ ആഴമായ അനുഭവ പരിജ്ഞാനവും ഉണ്ടായിരിക്കണം. (Christus Dominus no.14)* നമ്മുടെയെല്ലാം വിശ്വാസ പരിശീലനം എന്ന ഉത്തരവാദിത്തം എത്ര ശ്രേഷ്ഠമാണെന്ന് മനസിലാക്കാൻ മതബോധന ഞായറിലെ വിചിന്തനങ്ങൾ നമുക്ക് ഉപകരിക്കും. സഭയുടെ സവിശേഷമായ ഈ പ്രേഷിതദൗത്യം നിർവ്വഹിക്കാൻ സഭാധികാരികൾക്കും, വിശ്വാസികൾക്കും കടമയുണ്ട്. വിശ്വാസ പരിശീലനമെന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന സഭാധികാരികൾ, അധ്യാപകർ, മാതാപിതാക്കൾ, കുട്ടികൾ ഏവരെയും ഓർത്തു പ്രാർത്ഥിക്കുന്നു.

**സെമസ്റ്റർ പരീക്ഷ**

ഈ വർഷത്തെ ആദ്യ സെമസ്റ്റർ പരീക്ഷ 02-11-2025 ഞായറാഴ്ചയായിരിക്കും. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ, നമസ്ക്കാരങ്ങൾ, പൊതുവിജ്ഞാനം, വചന ഭാഗങ്ങൾ എന്നിവ

പൂർത്തിയാക്കി കുട്ടികളെ പരീക്ഷയ്ക്കുവേണ്ടി ഒരുക്കുമല്ലോ. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**പഞ്ചാബ് മിഷൻ**

കുട്ടികളിൽ മിഷൻ ചൈതന്യം രൂപപ്പെടുത്തുവാൻ നമ്മൾ തുടങ്ങിവച്ച പദ്ധതി ആണല്ലോ മിഷനെ സഹായിക്കുക മിഷനു വേണ്ടി പ്രാർത്ഥിക്കുക എന്നത്. ഇതിനോടകം കുട്ടികളിൽ നിന്ന് സമാഹരിച്ച മിഷൻ ഫണ്ട് ഏൽപ്പിച്ച എല്ലാ ഇടവകകൾക്കും നന്ദി. ഇതുവരെ ഏൽപ്പിക്കാത്തവർ സെപ്റ്റംബർ മാസം വരെ ലഭിച്ച ഫണ്ട് രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിച്ച് സഹ കരിക്കുമല്ലോ.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ആഘോഷിക്കുന്ന മാസമാണല്ലോ ഇത്. എല്ലാവർക്കും സ്നേഹത്തോടെ തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. നമ്മുടെ ജീവിതങ്ങളെ പൂർണ്ണമായും ദൈവഹിതത്തിന് സമർപ്പിച്ചുകൊണ്ട്, പരി. അമ്മയുടെ ജീവിത മാതൃക നമുക്കും സ്വന്തമാക്കാം. അമ്മ എന്നും നമ്മെ ഈശോയി ലേക്ക് നയിക്കുന്ന പാതയാണ്. ചെറുപുഷ്പ മിഷൻലീഗ് അംഗ ങ്ങളായ നാം ഓരോരുത്തർക്കും അമ്മയോടൊപ്പം ഈശോയി ലേക്ക് കൂടുതൽ അടുക്കുവാൻ സാധിക്കണം. ഈ സെപ്റ്റംബർ മാസത്തിൽ നാം ചെയ്യേണ്ടതായ ചില കാര്യങ്ങൾ നമുക്ക് ഓർത്തുവയ്ക്കാം.

എട്ടുനോമ്പ് ആചരണത്തിൽ നമുക്ക് പങ്കുചേരാം. പരി. അമ്മക്ക് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരു ദേവാലയം സന്ദർശി ക്കാനും, അമ്മയോടുള്ള ഭക്തിയിൽ കൂടുതൽ വളരുവാനും നമുക്ക് സാധിക്കണം. വി. മദർ തെരേസായുടെ തിരുനാളിനോടനുബന്ധിച്ച് ഒരു അഗതിമന്ദിരം സന്ദർശിക്കാം. വിശുദ്ധ കുരിശിന്റെ പുകഴ്ച യുടെ തിരുനാളിനോടനുബന്ധിച്ച് കുരിശിന്റെ മഹത്വം പ്രഘോഷി ക്കുന്ന പരിപാടികൾ ഇടവകാതലത്തിൽ ക്രമീകരിക്കാം. ബഹു. ജോസഫ് മാലിപറമ്പിൽ അച്ചൻ അനുസ്മരണം നടത്താം. വൈദീ കരുടെ വാർഷികധ്യാനം നടക്കുന്ന അവസരത്തിൽ വൈദീകർക്ക് വേണ്ടി പ്രാർത്ഥിക്കാം. ഈ മാസം നടക്കുന്ന മിഷൻലീഗിന്റെ വിവിധ മൽസരങ്ങൾ സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, കൂട്ടായ്മയുടെയും അവസരങ്ങളാക്കി മാറ്റാം. മിഷൻമാസാചര ണത്തിനുള്ള ഒരുക്കങ്ങളും പദ്ധതികളും തയ്യാറാക്കാം. ഇങ്ങനെ വിവിധ പ്രവർത്തനങ്ങളാൽ സെപ്റ്റംബർ മാസം നമുക്ക് കർമ്മ നിരതരാകാം. എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

**സന്തോഷച്ചൻ**

**മേഖലാ, രൂപതാ സാഹിത്യമൽസരങ്ങൾ**

ഓഗസ്റ്റ് മൂന്നാം തീയതി രൂപതയിലെ 13 മേഖലകളിലായി 22 സെൻ്ററുകളിൽ വച്ച് മേഖല, രൂപത സാഹിത്യമൽസരം നടന്നു. മൽസരങ്ങൾക്ക് രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും, ടീം അംഗങ്ങളും, മേഖലാ ഭാരവാഹികളും നേതൃത്വം നൽകി. അതാത് മേഖലാ കേന്ദ്രങ്ങളിൽ മൽസരം നടത്താൻ എല്ലാ ക്രമീകരണങ്ങളും ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**വി. ജോൺമരിയ വിയാനി ദിനം**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺമരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ വിയാനിഭവൻ സന്ദർശിച്ച് മധുരം പങ്കിട്ടു. രൂപതാ സെക്രട്ടറി വൈദികർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാ. സന്തോഷ് ഒറവാറന്തറ എല്ലാ വൈദികർക്കും സമ്മാനങ്ങൾ നൽകി. രൂപതയിലെ എല്ലാ വൈദികർക്കും ആശംസകൾ അറിയിച്ചുകൊണ്ടുള്ള പോസ്റ്റർ ഷെയർ ചെയ്തു.

**കുഞ്ഞേട്ടൻ അനുസ്മരണവും, സംസ്ഥാന മാനേജിംഗ് കമ്മറ്റിയും**

പാലാ രൂപതയിലെ ചെമ്മലമറ്റം ഇടവകയിൽ വച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും, സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും രൂപത, മേഖല ഭാരവാഹികൾ പങ്കെടുത്തു,

**കുഞ്ഞേട്ടൻ ഭവൻ സന്ദർശനം**

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ മിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ ഭവനം സന്ദർശിച്ചു.

**കുഞ്ഞേട്ടൻ അനുസ്മരണം - ഒലിവുമല ശാഖയിൽ**

മാനന്തവാടി രൂപതയുടെയും, ഒലിവുമല ശാഖയുടെയും ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 10-ാം തീയതി ഒലിവുമല പള്ളിയിൽ വച്ച് കുഞ്ഞേട്ടൻ അനുസ്മരണം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ, ശാഖാ ഡയറക്ടർ ഫാ. ടോംസി പാലക്കൽ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ശാഖാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ബാഡ്മിന്റൺ ടൂർണ്ണമെന്റ്**

വിയാനി ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 10-ാം തീയതി വൈദീകർക്കായി മിഷൻലീഗിന്റെയും, കെ.സി.വൈ.എം ന്റെയും

നേതൃത്വത്തിൽ മേരിമാതാ കോളേജിൽവച്ച് പ്രീസ്റ്റ് പ്രീമിയർ ലീഗ് സീസൺ 1 ഡബിൾസ് ബാഡ്മിന്റൺ ടൂർണ്ണമെന്റ് നടത്തപ്പട്ടു.

**ശാഖാ സന്ദർശനം**

ഓഗസ്റ്റ് 24 ന് തരിയോട് മേഖലയിലെ 10 ശാഖകളിലും ഓഗസ്റ്റ് 31 ന് പയ്യമ്പള്ളി മേഖലയിലെ 11 ശാഖകളിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശനം നടത്തി. എല്ലാ സഹായങ്ങളും നൽകി സ്വീകരിച്ച ശാഖാ നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു.

**ടീം മീറ്റിംഗ്**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ ടീം മീറ്റിംഗും, രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗും സംയുക്തമായി ഓഗസ്റ്റ് 24-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**എവുപ്രാസ്യാ ക്വിസ് മൽസരം**

ഓഗസ്റ്റ് 29-ാം തീയതി എവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഓൺലൈൻ ക്വിസ് മൽസരം നടത്തപ്പെട്ടു.

**സംസ്ഥാന ബൈബിൾ സാഹിത്യ മൽസരം - രൂപതയിൽ**

സംസ്ഥാനതല സാഹിത്യമൽസരം സെപ്റ്റംബർ 21 ന് ദ്വാരകയിൽ വച്ച് നടക്കുന്നു. മൽസരത്തിന് അർഹത നേടുന്ന എല്ലാ അംഗങ്ങളും സെപ്റ്റംബർ 20 ന് ദ്വാരകയിൽ എത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ബഹു. മാലിപറമ്പിൽ അച്ചൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപറമ്പിലച്ചന്റെ ചരമവാർഷികം, സെപ്റ്റംബർ 9-ാം തീയതിയാണ്. അനുസ്മരണ ബലിയും യോഗവും നടത്താൻ ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം ശാഖാ, മേഖലാ, രൂപതാ ഡയറക്ടർമാരെ ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുമല്ലോ.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് *മധുരമൊഴികൾ* എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. ലഹരിക്കെതിരെ പോരാട്ടം എന്ന വിഷയത്തിൽ പോസ്റ്റർ രചന മൽസരം നടത്തി. ജോ.ഡയറക്ടേഴ്സ് ഡേ ആഘോഷിച്ചു.

**പയ്യമ്പള്ളി**

എടയൂർക്കുന്ന് ശാഖ സന്ദർശിച്ച് ഭാരവാഹികളുമായുള്ള സംഗമം നടത്തി. മേഖലയിലെ മുഴുവൻ ജോ. ഡയറക്ടേഴ്സി

ന്റെയും, അൽഫോൻസ നാമധാരികളുടെയും ഓൺലൈൻ സംഗമം നടത്തി. സാഹിത്യമൽസരത്തിൽ പങ്കെടുക്കുന്ന മേഖലയിലെ മുഴുവൻ മൽസരാർത്ഥികളെയും ഉൾപ്പെടുത്തി സാഹിത്യ ശിൽപ്പശാല നടത്തി. ഫാ. റോബിൻസ് കുമ്പളക്കുഴി നേതൃത്വം നൽകി.

**മുള്ളൻകൊല്ലി**

പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി, മാർഗ്ഗരേഖ പ്രകാശനം ചെയ്തു. മേഖലാ സാഹിത്യ മൽസരത്തിന് മുന്നോടിയായി കുട്ടികൾക്ക് സാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു. എയ്ഞ്ചൽസ് മീറ്റ് നടത്തി. ജോ. ഡയറക്ടേഴ്സിനെ ആദരിച്ചു.

**ബത്തേരി**

മേഖലാ രൂപതാ സാഹിത്യ മൽസരത്തിനൊരുക്കമായി ജൂലൈ 20 ന് സാഹിത്യ ശില്പശാല നടത്തി. ശാഖാ ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി. വി. അൽഫോൻസ സഹനവഴിയിലെ വിശുദ്ധ എന്ന വിഷയത്തിൽ ചിത്രരചന മൽസരങ്ങൾ നടത്തി. മേഖലാ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായും, മിഷൻ പ്രദേശങ്ങളിൽ സഹായം നൽകുന്നതിനായും മിഷൻ കുടുക്ക ശാഖകൾക്ക് നൽകി. ഛത്തീസ്ഗഢിലെ സന്യസ്ഥരുടെ അറസ്റ്റിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു.

**ശാഖാ വാർത്തകൾ**

**തലപ്പുഴ**

സെന്റ് തോമസ് തിരുന്നാളിനോടനുബന്ധിച്ച് അംഗത്വ സ്വീകരണം നടത്തി. കർമ്മലമാതാവിന്റെ തിരുനാൾ ആഘോഷിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് 9 ദിവസം അൽഫോൻസാ സൂക്തങ്ങൾ പോസ്റ്റർ തയ്യാറാക്കി.

**ഇരുളം**

ദുക്റാനതിരുനാൾ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. അർദ്ധദിന സെമിനാർ നടത്തി. വി. കുർബാനയുടെ സജീവ പങ്കാളിത്തത്തിനുവേണ്ടി കുട്ടികളെ ഒരുക്കി. അൽഫോൻസാ ക്വിസ് നടത്തി. രോഗീസന്ദർശനം നടത്തി.

**റിപ്പൺ**

വി. അന്നയുടെയും യോവാക്കിമിന്റെയും തിരുനാളിൽ ഗ്രാൻഡ് പാരൻസ് ഡേ ആഘോഷിക്കുകയും അവരെ ആദരിക്കുകയും ചെയ്തു. ശാഖയിൽ സാഹിത്യ മൽസരവും ചിത്രരചന

മൽസരവും നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. അൽഫോൻസാ സൂക്തങ്ങൾ പ്രചരിപ്പിച്ചു. ഛത്തിസ്ഗഡിൽ അറസ്റ്റിലായ സിസ്റ്റേഴ്സിനോട് അനുഭാവം പ്രകടിപ്പിച്ച് ശാഖയിൽ പന്തം കൊളുത്തി പ്രകടനം നടത്തി.

**പാതിരിപ്പാടം**

വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. രോഗീസന്ദർശനം, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി.

**പൂളപ്പാടം**

വി.അൽഫോൻസാമ്മയുടെ സൂക്തങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്റ്റാറ്റസ് വീഡിയോ നിർമ്മിച്ചു. തിരുനാളിനോടനുബന്ധിച്ച് കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായ് ആരാധന നടത്തി. തിരുബാല സഖ്യത്തിലെ കുട്ടികൾക്കായി കളറിംഗ് മൽസരം നടത്തി.

**ഏലപ്പീടിക**

കുട്ടികൾക്ക് വി. കുർബാനയെക്കുറിച്ച് ക്ലാസ് നൽകി. സാഹിത്യ മൽസരത്തിനൊരുക്കമായി കുട്ടികൾക്ക് പ്രാക്റ്റീസ് നൽകി. അൽഫോൻസ നാമധാരികളെ തിരുനാൾ ദിനത്തിൽ ആദരിച്ചു. *അൽഫോൻസ ക്വിസ്* മൽസരം നടത്തി.

**മുതിരേരി**

ദുക്റാന തിരുനാളിൽ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും തോമാശ്ലീഹായുടെ ചരിത്രം ക്വിസ് മൽസരം നടത്തുകയും ചെയ്തു. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ ഏറ്റവും പ്രായംകൂടിയ ദമ്പതികളെ ആദരിച്ചു. കാട്ടിമൂല സ്നേഹാലയത്തിലെ അമ്മമാരെ കുട്ടികൾ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**കബനിഗിരി**

ഡോക്ടേഴ്സ് ഡേ ദിനത്തിൽ ഡോക്ടറെ ആദരിച്ചു. മിഷൻ പ്രവർത്തനത്തിന് ധനസഹായം നൽകി. നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. ശ്രീ. ഷാജി ചന്ദനപറമ്പിൽ സാർ ക്ലാസുകൾ നയിച്ചു. അൽഫോൻസ ക്വിസ് മൽസരം നടത്തി. ഛത്തിസ്ഗഡിൽ സിസ്റ്റേഴ്സിനെ അറസ്റ്റുചെയ്തതിൽ പ്രതിഷേധം പ്രകടിപ്പിച്ചു.

**പുതിയിടംകുന്ന്**

വി. മരിയ ഗൊരേത്തിയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയെ പരിചയപ്പെടുത്തി. വി.തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ ഗ്രൂപ്പ് പ്രോഗ്രാം നടത്തി. പഠനത്തിൽ മികവു പുലർത്തിയവർക്ക് സമ്മാനം നൽകി ആദരിച്ചു. തിരുബാലസഖ്യ അംഗങ്ങൾക്കായി പ്രസംഗം, പ്രച്ഛന്നവേഷം എന്നീ മൽസരങ്ങൾ നടത്തി. രോഗീ സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**ചുള്ളിയോട്**

കുഞ്ഞുമിഷനറിമാർ തോമസ് നാമധാരികൾക്ക് ആശംസ നേർന്നു. അൾത്താര ബാലൻമാർക്ക് പരിശീലനം നൽകി. വി. കുർബാന കൂടുതൽ സജീവമാക്കുന്നതിനായി കുട്ടികൾക്ക് പ്രാർത്ഥന, സംഗീതം എന്നിവയ്ക്ക് പരിശീലനം നൽകി. വി. അന്ന, യോവാക്കീം തിരുനാളിൽ ഗ്രാൻഡ് പാരൻസ് ഡേ ആയി ആഘോഷിച്ചു.

**പാലേമാട്**

ശാഖാ സാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു. സി. റോസ് ഫ്രാൻസീസ് എഫ്.സി.സി. നേതൃത്വം നൽകി. ഛത്തിസ്ഗഡിൽ സന്യാസിനികളെ അറസ്റ്റ് ചെയ്തതിനെതിരെ പ്രതിഷേധിച്ചു. കേസ് റദ്ദാക്കുന്നതിനായി പ്രാർത്ഥനായജ്ഞം നടത്തി. ക്രൈസ്തവർക്കെതിരെ നേരിടുന്ന അതിക്രമങ്ങൾക്കെതിരേ പ്രതിഷേധ സംഗമം നടത്തി.

**നടവയൽ**

വി. മരിയഗൊരേത്തിയുടെ തിരുനാളിനോടനുബന്ധിച്ച് സി.എം.സി. സിസ്റ്റേഴ്സ് നടത്തുന്ന ഹോസ്പീസ് ഭവനം സന്ദർശിച്ചു. രോഗികളെ കണ്ട് സംസാരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. ദൈവദാസൻ ആർമണ്ടച്ചനെ ഫാ. സിബി മറ്റത്തിൽ കുട്ടികൾക്ക് പരിചയപ്പെടുത്തി. ഗ്രാന്റ് പാരൻസ് ഡേ ആഘോഷിച്ചു.

**മണിമൂളി**

വി. അൽഫോൻസാവാരം സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു. ഗ്രാന്റ് പേരന്റ്സ് ഡേ ആചരിച്ചു.

**നരിവാലമുണ്ട**

വി. ലൂയിമാർട്ടിൻ ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ച് നാല് മക്കളിൽ കൂടുതലുള്ള ദമ്പതികളെ ആദരിച്ചു. അൽഫോൻസ നാമധേയത്തിലുള്ള പള്ളികൾ സന്ദർശിച്ച്

പ്രാർത്ഥിച്ചു. അൽഫോൻസാമ്മയുടെ സന്ദേശം ഉൾക്കൊള്ളുന്ന വീഡിയോ നിർമ്മിച്ചു. കുഞ്ഞേട്ടൻ അനുസ്മരണത്തോടനുബന്ധിച്ച് കുഞ്ഞേട്ടനെ പരിചയപ്പെടുത്തി.

**കൊട്ടിയൂർ**

പള്ളിപരിസരത്ത് ഔഷധത്തോട്ടം നിർമ്മിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങളുടെ മാതാപിതാക്കളെ ആദരിച്ചു. ഇടവകയിലെ ഭിന്നശേഷിയുള്ള കുട്ടികളുടെ ഭവനവും, കിടപ്പിലായവരുടെ ഭവനവും സന്ദർശിച്ചു. സാഹിത്യമൽസരത്തിന് ഓൺലൈൻ വഴി കുട്ടികൾക്ക് പ്രാക്റ്റീസ് നൽകി. ഛത്തിസ്ഗഡിൽ സിസ്റ്റേഴ്സിനെതിരെയുള്ള പ്രതിഷേധ പ്രകടനത്തിൽ പങ്കുചേർന്നു.

**കല്ലോടി**

നാലു മക്കളുള്ള കുടുംബങ്ങളെ ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾ അൽഫോൻസാമ്മയുടെ ചരിത്രം ദൃശ്യാവിഷ്കാരം നടത്തി. അൽഫോൻസാ സൂക്തം, പ്രസംഗം, പ്രച്ഛന്നവേഷം എന്നീ മൽസരങ്ങൾ നടത്തി. സമ്മാനാർഹരായ കുട്ടികളെ അനുമോദിച്ചു.

**ശാന്തിഗിരി**

ഗ്രോട്ടോ വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു. മാഗ്ഗരേഖ 'മന്ന' പ്രകാശനം ചെയ്തു.

**പടമല**

കുട്ടികൾക്ക് ഏകദിന ക്യാമ്പ് നടത്തുകയും പ്രസംഗ പരിശീലനം നൽകുകയും ചെയ്തു. കുഞ്ഞേട്ടൻ അനുസ്മരണ സന്ദേശം, ക്വിസ്മൽസരം എന്നിവ നടത്തി. വി. ജോൺ ബർക്കുമാൻസിന്റെ തിരുനാളിൽ അൾത്താര ശുശ്രൂഷകരെ ആദരിച്ചു. രോഗീസന്ദർശനം നടത്തി.

**ശിശുമല**

വി. അൽഫോൻസാമ്മയുടെ രൂപത്തിനു മുമ്പിൽ പുഷ്പാർച്ചനയും നിയോഗ സമർപ്പണവും നടത്തി. വചനവീര്യം സാഹിത്യ ശില്പശാല നടത്തി. അൽഫോൻസാ സൂക്തങ്ങൾ സ്റ്റാറ്റസ് വീഡിയോ ഷെയർ ചെയ്തു. അൽഫോൻസ ക്വിസ് മൽസരം നടത്തി. കൂടുതൽ പേരക്കുട്ടികൾ ഉള്ള ഗ്രാന്റ് പേരൻസിനെ ആദരിച്ചു.

**ചെറുകാട്ടൂർ**

സഭാചരിത്ര ക്വിസ് നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാളിൽ തിരുശേഷിപ്പു വണക്കം, പ്രദക്ഷിണം, ഫാൻസി ഡ്രസ്സ് മൽസരം എന്നിവ നടത്തി. പഴമയുടെ പൊരുൾ പ്രദർശനം നടത്തി.

**ബോസ്പാറ**

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ പോസ്റ്റർ നിർമ്മാണ മൽസരം, എക്സിബിഷൻ എന്നിവ ശാഖയിൽ സംഘടിപ്പിച്ചു. ഈശോയുടെ പുണ്യപുഷ്പം, കുഞ്ഞേട്ടൻ അനുസ്മരണം എന്നിവ നടത്തി. അൾത്താരബാല ദിനാചരണത്തിൽ കുട്ടികൾക്കായി ക്ലാസ് സംഘടിപ്പിച്ചു. സി. സ്മിത സി.എം.സി. നേതൃത്വം നൽകി.

**തൃശ്ശിലേരി**

അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. *മൊഴിമുത്തുകൾ* എന്ന പേരിൽ അൽഫോൻസാ സൂക്തങ്ങൾ എഴുത്തുമൽസരം നടത്തി. തിരുബാലസഖ്യ കുട്ടികൾക്ക് വി. അൽഫോൻസാമ്മ എന്ന വിഷയത്തെ ആസ്പദമാക്കി ഓൺ ലൈൻ കഥ പറച്ചിൽ മൽസരം നടത്തി.

**പാടിച്ചിറ**

സെന്റ് തോമസ് ഡേ ദിനത്തിൽ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. തോമസ് നാമധാരികളെ ആദരിച്ചു. സാഹിത്യ ശിൽപ്പശാല ശാഖയിൽ നടത്തി. എയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. വൃദ്ധമാതാപിതാക്കളെ ആദരിച്ചു.

**പാലാങ്കര**

ഭാരതത്തിന്റെ വിവിധ ഇടങ്ങളിൽ ക്രൈസ്തവ മിഷനറിമാർക്കെതിരെ നടന്ന ആക്രമണങ്ങളിൽ ശാഖ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. വിയാനി ദിനത്തിൽ വൈദീകരെയും വൈദീകരുടെ മാതാപിതാക്കളെയും ആദരിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പുഷ്പാർച്ചന, ക്വിസ്, പ്രച്ഛന്ന വേഷ മൽസരം, ചിത്രരചന മൽസരം തുടങ്ങിയവ നടത്തി. തോമസ്, അൽഫോൻസ നാമധാരികളെ ആദരിച്ചു.

**ജോൺ പുല്ലാപ്പിള്ളിൽ**

രൂപതാ സെക്രട്ടറി

# തിരുബാലസഖ്യം

| | | |
|---|---|---|
| വിശുദ്ധൻ | : | വി. വിൻസെന്റ് ഡിപോൾ |
| തിരുനാൾ | : | വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| നിയോഗം | : | എല്ലാ അധ്യാപകർക്കും വേണ്ടി |
| സുകൃതജപം | : | കാവൽ മാലാഖയെ എനിക്ക് കൂട്ടായിരിക്കണമേ. |
| വചനം | : | ''ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.'' (ലൂക്കാ 1:49) |

പ്രിയ സ്നേഹിതാ, നീ എനിക്ക് ആഴ്സിലേക്കുള്ള വഴി കാണിച്ചു തരികയാണെങ്കിൽ, പകരം ഞാൻ നിനക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചുതരാമെന്ന് പറഞ്ഞ വി. ജോൺമരിയ വിയാനിയുടെയും, മംഗളവാർത്ത മുതൽ സ്വർഗ്ഗാരോപണം വരെ 'ഇതാ കർത്താവിന്റെ ദാസി' എന്ന ഭാവത്തോടെ നിന്ന പരിശുദ്ധ മറിയത്തെ മരണമില്ലാത്ത നിത്യതയിലേക്ക് ദൈവം ഉയർത്തിയ സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിച്ച ഓഗസ്റ്റ് മാസത്തിൽ കുട്ടികൾക്കായി ശാഖാതലത്തിൽ, ഇടവക വൈദീകർക്ക് ആശംസകൾ, കത്ത്, കാർഡ് നിർമ്മാണ മൽസരം എന്നിവ നടത്തി. അതോടൊപ്പം രൂപതാ തലത്തിൽ രൂപതാ ഡയറക്ടറിന് തിരുനാൾ ആശംസകൾ നേർന്നുകൊണ്ട് കത്ത് എഴുതൽ മൽസരവും നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച്, രൂപതാ തലത്തിൽ കാനായിലെ കല്യാണവിരുന്ന് എന്ന ബൈബിൾ ഭാഗം നിശ്ചല ദൃശ്യാവിഷ്കാരം നടത്തി. മാതാവിന്റെ സ്തോത്രഗീതം ഗദ്യരൂപത്തിൽ അവതരണം നടത്തി. തിരുബാലസഖ്യ കുട്ടികളുടെ ആത്മീയ വളർച്ചക്കായി വിവിധ സഹായങ്ങളും പ്രോൽസാഹനങ്ങളും നൽകുന്ന എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും സ്നേഹപൂർവ്വം നന്ദിപറയുന്നു.

**തുടർപ്രവർത്തനങ്ങൾ**

1. അധ്യാപക ദിനത്തിൽ, മതാദ്ധ്യാപകർക്ക് ആശംസകൾ നേർന്നുകൊണ്ട് കത്ത് എഴുതൽ.
2. സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ദിനത്തിൽ മാതാവിന്റെ രൂപം അലങ്കരിക്കൽ മൽസരം.

**ജോണി കൊന്നയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിങ്ങ്**

ജൂലൈ മാസത്തെ ലൈഫ് ട്രെയിനിങ്ങ് ക്യാമ്പ് പന്ത്രണ്ടാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് പതിമൂന്നാം തീയതി ശനിയാഴ്ച  വൈകുന്നേരം 4 മണിക്ക് അവസാനിച്ചു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന ക്യാമ്പിൽ 23 വിദ്യാർത്ഥികൾ പങ്കുചേർന്നു. ഫാ. തോമസ് ഞള്ളമ്പുഴ, ഫാ. ലാൽ ജേക്കബ് പൈയിനുങ്കൽ, സെബാസ്റ്റ്യൻ പുരയ്ക്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ സി. ആൻസി തോമസ് സി.എം.സി, സി. ഷിജി മരിയ സി.എം.സി, എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**ലൈഫ് എൻട്രൻസ് എക്സാം**

ഓഗസ്റ്റ് ഒമ്പതാം തീയതി 10.30 മുതൽ 11 മണി വരെ 2025 ബാച്ചിലേക്കുള്ള ലൈഫ് ട്രെയിനിങ്ങ് കുട്ടികൾക്കുള്ള എൻട്രൻസ് എക്സാം ദ്വാരക യൂത്ത്മിനിസ്ട്രി ഓഫീസിൽ വച്ച് നടന്നു. 30 കുട്ടികൾ എക്സാം അറ്റൻഡ് ചെയ്തു. ഫാ. ലാൽ ജേക്കബ് പൈയിനുങ്കൽ കുട്ടികൾക്കു ക്ലാസ്സ് നൽകി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ സി. ആൻസി തോമസ്, സി. ഷിജി മരിയ, സി. ഡെൽഫി മരിയ എന്നിവർ എൻട്രൻസ് എക്സാമിന് നേതൃത്വം നൽകി. ലൈഫ് ട്രെയിനിങ്ങിലെ മുതിർന്ന വിദ്യാർത്ഥികളായ അമൽ, സനിലിറ്റ്, സെറിൻ, ആകാഷ്, എയ്ന, അൽന, അന്ന എന്നിവർ പരീക്ഷയ്ക്ക് സഹായിച്ചു.

**മാതാപിതാക്കളുടെ സംഗമം**

2025 ലൈഫ് ബാച്ചിലെ മാതാപിതാക്കളുടെ സംഗമം ഓഗസ്റ്റ് 9 ന് രാവിലെ 10.30 മുതൽ 12.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ യൂത്ത്മിനിസ്ട്രി ഓഫീസിൽ വച്ച് നടന്നു. 50 മാതാപിതാക്കൾ പങ്കെടുത്ത സംഗമത്തിൽ അന്ന മരിയ സന്തോഷ് പ്രാർത്ഥന നടത്തി. തുടർന്ന് യൂത്ത് മിനിസ്ട്രി ടീം അംഗമായ സി. ഷിജി മരിയ സി.എം.സി. സ്വാഗതവും ലൈഫ് ട്രെയിനിങ്ങ് കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി. ആമുഖ പ്രഭാഷണവും നടത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്ന് ലൈഫിലെ മുതിർന്ന വിദ്യാർത്ഥികളായ ആശിഷ് ജോർജ് പുതിയിടം, അലൻ ജോസഫ് ജോയ് ചുങ്കക്കുന്ന് എന്നിവർ

തങ്ങളുടെ അനുഭവങ്ങൾ മാതാപിതാക്കളുമായി പങ്കുവെച്ചു. യൂത്ത് മിനിസ്ട്രി ടീം അംഗവും സി. എം. സി. മീഡിയ കൗൺസിലറുമായ സി. ഡെൽഫി മരിയ സി എം സി സംഗമത്തിന് ഔദ്യോഗികമായി നന്ദി പ്രകാശിപ്പിച്ചു.

**സ്വാതന്ത്ര്യദിന ക്വിസ്**

ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിക്കപ്പെട്ട സ്വാതന്ത്ര്യദിന ക്വിസ്സിൽ റോസ്നിയ ബാബു കോട്ടത്തറ, ബ്ലെസ്വിൻ വിൽസൺ കൊമ്മയാട് എന്നിവർ ഒന്നാം സ്ഥാനവും, നിയ മെറിൻ വാഴവറ്റ, ആഗ്നസ് റോസ് ബിജു പയ്യമ്പിള്ളി എന്നിവർ രണ്ടാം സ്ഥാനവും, ഡിയോൺ മെജോ ജോസഫ് കാവുംമന്ദം, അജിസ് ജോസഫ് തേനേരി, ജുവൽ ആൻ ജോസഫ് കൊളവയൽ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ. സ്വാതന്ത്ര്യദിന ഓൺലൈൻ ക്വിസിന് നേതൃത്വം നൽകിയത് ലൈഫ് സീനിയർ വിദ്യാർത്ഥിനി ആൻ മരിയ അജിൻ നിലമ്പൂരാണ്.

**ഡിജിറ്റൽ പോസ്റ്റർ മേക്കിങ്**

സ്വാതന്ത്ര്യ ദിനത്തോടും, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടും അനുബന്ധിച്ച് ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിച്ച ഡിജിറ്റൽ പോസ്റ്റർ മേക്കിങ്ങ് മത്സരത്തിൽ ഇവാന മനോജ് പുതിയിടം ഒന്നാം സ്ഥാനവും റിയാൻ ടോം കാരക്കാമല രണ്ടാം സ്ഥാനവും, ആഗ്നസ്, ഡിയോൺ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**ഹൃദ്യമായ സ്വാഗതം**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ലൈഫ് ട്രെയിനിങ് പ്രോഗ്രാമിന്റെ പുതിയ കോർഡിനേറ്ററായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന സി. ഷിജി മരിയ സി. എം. സി. ക്ക് അഭിനന്ദനങ്ങളും ഹൃദ്യമായ സ്വാഗതവും നേരുന്നു.

**ലൈഫ് ട്രെയിനിങ്ങ് കുടുംബ സംഗമം**

2025 സെപ്റ്റംബർ പതിമൂന്നാം തീയതി ട്രെയിനിങ്ങിലെ 11 ബാച്ചുകളിലെ വിദ്യാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും കുടുംബ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യ അതിഥിയായ ഈ സംഗമത്തിലേക്ക് ലൈഫ് ട്രെയിനിങ്ങ് കുടുംബത്തിലെ മുഴുവൻ അംഗങ്ങളെയും സ്വാഗതം ചെയ്യുന്നു.

**സി. ആൻസി തോമസ് സി.എം.സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

### പ്രതിഷേധ സദസ്സ്

ഛത്തീസ്ഗഡിൽ മനുഷ്യക്കടത്ത് എന്ന വ്യാജ ആരോപണം ചുമത്തി മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ദ്വാരക നാലാംമൈലിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. കെ.സി.വൈ.എം രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ച യോഗം, ദ്വാരക ഫൊറോന വികാരി ഫാ. ബാബു മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. നിരപരാധികൾക്കെതിരായ ഇത്തരം അതിക്രമങ്ങൾ ജനാധിപത്യത്തിന് ഭൂഷണമല്ലെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. രൂപതാ സെക്രട്ടറി ഡ്യൂണ മരിയ കിഴക്കേമണ്ണൂർ സ്വാഗതമാശംസിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻ പ്രസിഡന്റ് സജിൻ ചാലിൽ മുഖ്യപ്രഭാഷണം നടത്തി. കന്യാസ്ത്രീകളെ നിരുപാധികം വിട്ടയക്കണമെന്നും അവർക്കെതിരായ വ്യാജക്കേസ് പിൻവലിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ ഉടൻ ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് എ. കെ. സി. സി. രൂപതാ വൈസ് പ്രസിഡന്റ് റെനിൻ കഴുതാടിയിൽ, സന്യസ്ത സമൂഹങ്ങളുടെ പ്രതിനിധിയായി സി. ജെസ്സി പോൾ എസ്.എച്ച് എന്നിവർ സംസാരിച്ചു. കെ.സി.വൈ.എം രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളും പ്രതിഷേധത്തിന് അഭിവാദ്യമർപ്പിച്ചു. കെ.സി.വൈ.എം, ചെറുപുഷ്പ മിഷൻലീഗ്, എ.കെ.സി.സി, മാതൃവേദി തുടങ്ങിയ സംഘടനകളുടെ ഭാരവാഹികളും പ്രവർത്തകരും പ്രതിഷേധത്തിന് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നുള്ള വൈദികർ, സന്യസ്തർ, അൽമായ പ്രതിനിധികൾ, പ്രദേശവാസികൾ എന്നിവരടക്കം മുന്നൂറിലധികം പേർ പങ്കെടുത്തു.

**Youcat മെഗാ ക്വിസ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ യുക്യാറ്റിനെ കൂടുതൽ അടുത്ത് അറിയുന്നതിന് മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്കായി യുക്യാറ്റ് മെഗാ ക്വിസ് മത്സരം സംഘടിപ്പിച്ചു. വിവിധ മേഖലങ്ങളിൽ നിന്നായി 26 ടീമുകൾ പങ്കെടുത്ത മത്സരം മേരിമാതാ കോളേജ് അധ്യാപകൻ ഫാ. പ്രകാശ് വെട്ടിക്കൽ നിയന്ത്രിച്ചു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ മത്സരത്തിന് നേതൃത്വം നൽകി. കൊട്ടിയൂർ യൂണിറ്റ് ഒന്നാം സമ്മാനവും, (അലൻ പുത്തൻപുരയിൽ & അമൽ വള്ളി ക്കുന്നേൽ ടീം) പയ്യമ്പള്ളി യൂണിറ്റ് രണ്ടാം സമ്മാനവും, (സാൻ മരിയ താഴത്തുകരിമ്പനക്കൽ & എഡ്വിന മേമഠത്തിൽ ടീം) ബത്തേരി യൂണിറ്റ് മൂന്നാം സമ്മാനവും (വിജിത കൊട്ടാട്ടി പ്പറമ്പിൽ & ആൻമരിയ കുറ്റിക്കാട്ട് ടീം) കരസ്ഥമാക്കി. വിജയി കൾക്ക് അഭിനന്ദനങ്ങൾ.

**PPL - Priests' Premier League - 2025 Season 1**

വിയാനി ദിനത്തോടനുബന്ധിച്ച് PPL Priests' Premier League -2025 Season 1 എന്ന പേരിൽ സി.എം.എൽ., കെ.സി.വൈ.എം സംഘടനകളുടെ സംയുക്ത നേതൃത്വത്തിൽ വൈദികർക്കായി ബാഡ്മിന്റൺ ടൂർണമെന്റ് മേരി മാതാ കോളേജിൽ വെച്ച് സംഘ ടിപ്പിച്ചു. ഫാ. സ്റ്റെഫിൻ O.Praem & ഫാ. അനൂപ് കാളിയാനി യിൽ ടീം ഒന്നാം സ്ഥാനവും, ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ട് & ഫാ. പ്രകാശ് വെട്ടിക്കൽ ടീം രണ്ടാം സ്ഥാനവും, ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളിൽ & ഫാ. അഖിൽ ഉപ്പുവീട്ടിൽ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**Follow Jesus as Carlo മാസാചരണം**

ദിവ്യകാരുണ്യത്തെ സ്നേഹിച്ച് പുത്തൻ സാങ്കേതിക വിദ്യ യുടെ സഹായത്തോടെ ദിവ്യകാരുണ്യ അത്ഭുതങ്ങളെ പ്രചരി പ്പിച്ച നവയുഗ വിശുദ്ധൻ, സൈബർ ലോകത്ത് വ്യാപരിക്കുന്ന യുവതലമുറയ്ക്ക് മാതൃക നൽകുന്ന വിശുദ്ധ ജീവിതം നയിച്ച യുവാവ്. സെപ്റ്റംബർ ഏഴാം തീയതി വിശുദ്ധനായി പ്രഖ്യാപി ക്കപ്പെടുന്ന കാർലോസ് അകിറ്റസിന്റെ ജീവിതത്തെ മുൻനിർത്തി യുവ തലമുറയ്ക്ക് പ്രചോദനം നൽകുന്നതിനായി കെ.സി.വൈ. എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഓഗസ്റ്റ്, സെപ്റ്റംബർ മാസാചരണത്തിന് തുടക്കമായി.

**ജനപക്ഷം**

സമകാലിക സാമൂഹിക പ്രാദേശിക വിഷയങ്ങളിൽ കെ.സി.വൈ.എമ്മിന്റെ പങ്ക് ബോധ്യപ്പെടുത്തുക, വരാൻ പോകുന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാടുകൾ ചർച്ച ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ''ജനപക്ഷം അവകാശ പത്രിക'' എന്ന പരിപാടിക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി യൂണിറ്റ് മേഖലാ ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. തുടർന്ന് യൂണിറ്റ് തലത്തിൽ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി

**സംസ്ഥാന സെനറ്റ്**

കെ.സി.വൈ.എം 48-ാമത് സംസ്ഥാന അർദ്ധവാർഷിക സമ്മേളനം ഓഗസ്റ്റ് 9, 10 തീയതികളിൽ ഇരിങ്ങാലക്കുട രൂപതയിൽ കല്ലേറ്റുംകരയിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ രൂപതാ റിപ്പോർട്ട് സമ്മേളനത്തിൽ അവതരിപ്പിച്ചു. സംസ്ഥാന സെനറ്റംഗങ്ങളായ ശ്രീ. ആശിഷ് കാവുങ്കൽ, കുമാരി അമൽഡ തൂപ്പുങ്കര രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ആനിമേറ്റർ സി. റോസ് ടോം എസ്.എ.ബി.എസ്, തുടങ്ങിയവർ പങ്കെടുത്തു.

**ജന്മദിനാശംസകൾ**

രൂപതാ സെക്രട്ടറിമാരായ ഡ്യൂണ കിഴക്കേമണ്ണൂർ, ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായ എയ്ഞ്ചൽ മരിയ, ആൻസിബിൾ സെബാസ്റ്റ്യൻ, മിജാർക്ക് ഏഷ്യൻ പ്രതിനിധി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ വൈദികൻ ഫാ. തോമസ് മണ്ണൂർ, കേരള സംസ്ഥാനത്തിന്റെ മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ, ദ്വാരക മേഖലാ ആനിമേറ്റർ സി. നോബിൾ എസ്.എ.ബി.എസ് ന്റെ പിതാവ് മാനുവൽ മേലേടത്ത് എന്നിവർക്ക് ആദരാഞ്ജലികൾ നേർന്നു.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

ദുക്റാനതിരുനാൾ ദിനത്തിൽ തോമസ് നാമധാരികൾക്ക് ആശംസകൾ അറിയിച്ചു. പുതിയിടം യൂണിറ്റിൽ വെച്ച് മേഖലാ

തലത്തിൽ യുവജന ദിനാഘോഷം സംഘടിപ്പിച്ചു. രൂപതാ അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ മേഖലയിൽ നിന്നും 5 പേർ പങ്കെടുത്തു റിപ്പോർട്ട് അവതരിപ്പിച്ചു. മാനന്തവാടി മേഖലാ ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സി. ജിൽസ ടോം എസ്.എ.ബി.എസ്. നെ മേഖലാ കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. സോഷ്യൽ മീഡിയയിലൂടെ വി. അൽഫോൻസാമ്മയുടെ തിരുനാൾ ആശംസകൾ അറിയിച്ചു. ഛത്തീസ്ഗഡിൽ വച്ച് അന്യായമായി അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് നീതി ലഭിക്കണം എന്ന് ആവശ്യപെട്ട് രൂപതാ സമിതി ദ്വാരകയിൽ സംഘടിപ്പിച്ച പ്രതിഷേധ സദസിൽ മേഖലയിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

**നീലഗിരി**

കെ.സി.വൈ.എം നീലഗിരി മേഖലയുടെ നേതൃത്വത്തിൽ കുന്നലാടി യൂണിറ്റിൽ വച്ച് ഫോളോ ജീസസ് ആസ് കാർലോ പ്രോഗ്രാം നടത്തപ്പെട്ടു. മേഖലയുടെ നേതൃത്വത്തിൽ യൂണിറ്റുകൾക്കായി കാർലോസ് ക്വിസ് മത്സരം നടത്തി. ധർമ്മഗിരി യൂണിറ്റ് ഒന്നും, രണ്ടും സ്ഥാനവും, കൽപ്ര യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**ചുങ്കക്കുന്ന്**

വിയാനി ദിനത്തിൽ ചുങ്കക്കുന്ന് മേഖലയിലെ മുഴുവൻ വൈദികർക്കും ആശംസാ കാർഡുകൾ നൽകി വിയാനി ദിനത്തിന്റെ മംഗളങ്ങൾ നേർന്നു. കൊട്ടിയൂർ യൂണിറ്റിന്റെ ആതിഥേയത്തിൽ പരിശുദ്ധ അമ്മയുടെയും വാ.കാർലോസ് അക്വീറ്റസിന്റെയും രൂപവും വഹിച്ചുകൊണ്ട് യുവജനങ്ങൾ ലോകസമാധാനത്തിനു വേണ്ടി ജപമാല പ്രദിക്ഷിണം നടത്തി

**യൂണിറ്റ് വാർത്തകൾ**

**കയ്യൂന്നി**

യുവജന ദിനമായ ജൂലൈ 6 ന് യൂത്ത് ഡേ ആഘോഷം നടത്തി. ഞായറാഴ്ചകളിൽ യു ക്യാറ്റ് പഠനം നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഗ്രാൻന്റ് പേരന്റ്സ്ഡേയ്ക്ക് കൊന്ത നൽകി ഗ്രാന്റ് പേരന്റ്സിനെ ആദരിച്ചു. ''അരികെ'' വീടുകളിൽ പ്രായമായവർക്ക് കുമ്പസാരിച്ചു കുർബാന നൽകുവാൻ സഹായിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത നടത്തിയ യുക്യാറ്റ് ക്വിസ് മത്സരത്തിൽ പങ്കെടുത്തു. 'CARLO CREW' മീറ്റിംഗ് സംഘടിപ്പിച്ചു. സെന്റ് അൽഫോൻസാ തിരുന്നാൾ ആശംസകൾ നേർന്നു.

**പയ്യമ്പള്ളി**

ജൂലൈ 6 ന് ''സ്പേസ്'' 2K25 യുവജനദിനം, യുവജനങ്ങൾക്ക് വേണ്ടി വിശുദ്ധബലിയും കാഴ്ചവെപ്പും നടത്തി.'Tefillah' യുവജനങ്ങൾക്കായി ആരാധനയും, ക്ലാസ്സും, കുമ്പസാരവും സെന്റ് കാതറിൻസ് ഫൊറോനാ ദേവാലയത്തിൽ വച്ച് നടത്തി. സിസ്റ്റർ ക്രിസ്റ്റി മരിയ എസ്.എ.ബി.എസ്. ക്ലാസ്സിന് നേതൃത്വം നൽകി. യുവജനങ്ങളുടെ നേതൃത്വത്തിൽ പുതിയിടം കപ്പേളയും പരിസരവും വൃത്തിയാക്കി. യൂണിറ്റിന്റെ പുതിയ ഇൻസ്റ്റഗ്രാം അക്കൗണ്ട് ലോഞ്ച് ചെയ്തു. കെ.സി.വൈ.എം. മാനന്തവാടി രൂപത നടത്തിയ യൂക്യാറ്റ് മെഗാ റൗണ്ട് ക്വിസ് മത്സരത്തിൽ പയ്യമ്പള്ളി യൂണിറ്റ് രണ്ടാം സ്ഥാനം നേടി. സമ്മാനാർഹരായവരെ ആദരിച്ചു. കെ.സി.വൈ.എം. മാനന്ത വാടി രൂപതയുടെ നേതൃത്വത്തിൽ ചത്തീസ്ഗഡിലെ മലയാളി കന്യാസ്ത്രീകളുടെ അറസ്റ്റിനെതിരെ ദ്വാരക നാലാം മൈലിൽ വച്ചു നടത്തിയ പ്രതിഷേധ സദസ്സിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. ഇടവക വൈദികരുടെ മധ്യസ്ഥ നായ വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരിയച്ചനെയും കൊച്ചച്ചനെയും ആദരിച്ചു. യൂണിറ്റിലെ യുവജനങ്ങൾ പയ്യമ്പള്ളി ഫൊറോനയിലെ എല്ലാ വൈദിക രെയും സന്ദർശിച്ച് വിയാനി ദിനത്തിന്റെ ആശംസകൾ നേർന്നു. കാർലോ കാർനിവൽ 2025 പോസ്റ്റർ അനാച്ഛാദനം നടത്തി. ഡയറക്ടർ ജിജോ അച്ചനോടൊപ്പം യുവജനങ്ങൾ കിടപ്പു രോഗി കളായവർക്കു ഭവനങ്ങളിൽ വി. കുർബ്ബാന നൽകുന്നതിന് സഹായിച്ചു.

**കൊട്ടിയൂർ**

യുവജനദിനമായ ജൂലൈ 6 ന് കെ.സി.വൈ.എം അംഗങ്ങൾ പതാക വന്ദനം നടത്തി. വി. കുർബാനക്ക് നേതൃത്വം നൽകി. മുൻകാല കെ.സി.വൈ.എം പ്രവർത്തകരെ ആദരിച്ചു. യുവജന ദിനത്തിന്റെ ഭാഗമായി ഇടവകയിലെ യുവജനങ്ങൾക്ക് വചന കാർഡ് നൽകി ആശംസകൾ അറിയിച്ചു. യൂണിറ്റ് ഡയറക്ടർ ബോബി പാലാക്കുഴ അച്ചന് ജന്മദിനാശംസകൾ നേർന്നു. ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് യുവജനങ്ങൾക്കായി പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിച്ചു. യൂണിറ്റിന്റെ സംയുക്ത ആഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ബൈബിൾ വായന,

എഴുത്ത്, വ്യാഖ്യാനം പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ ഒന്നുചേർന്ന് സെമിത്തേരി സന്ദർശിക്കുകയും ക്ലീനിംങ് നടത്തുകയും ചെയ്തു. കൊട്ടിയൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രായമായവർക്ക് ഒരു കൈത്താങ്ങായി വീൽ ചെയർ, walking സ്റ്റിക്ക്, കട്ടിൽ എന്നിവ സംഘടിപ്പിച്ചു. കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റിലെ സിൻഡിക്കേറ്റ് അംഗങ്ങൾ ലൈബ്രറി ക്രമീകരിക്കുകയും ചുറ്റുമുള്ള പ്രദേശം വൃത്തിയാക്കുകയും ചെയ്തു. യുവജനങ്ങൾ പള്ളിപരിസരം, നീണ്ടുനോക്കി വെയിറ്റിംഗ് ഷെഡ്, ''പകൽ'' വയോജന വിശ്രമ കേന്ദ്രം എന്നിവിടങ്ങൾ വൃത്തിയാക്കി. മഴക്കാലത്തു റോഡിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്തുകൊണ്ട് അത് പരിഹരിക്കാൻ സ്ഥലം MLA ക്ക് ഇ മെയിൽ നിവേദനം സമർപ്പിച്ചു. കെ.സി.വൈ.എം അംഗങ്ങൾ പള്ളി പരിസരത്ത് ഔഷധ ചെടികൾ നട്ടുപിടിപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട യൂക്യാറ്റ് മെഗാ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ അമൽ, അലൻ എന്നിവർക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. ഛത്തീസ്ഗഡിൽ സന്യസ്തരെ അറസ്റ്റ് ചെയ്തത് മനുഷ്യാവകാശ ലംഘനം, യാത്രാ സ്വാതന്ത്ര്യത്തിന് എതിര് എന്നിവ ചൂണ്ടികാണിച്ചുകൊണ്ട് മനുഷ്യാവകാശ കമ്മീഷന് പരാതി നൽകി.

**തെനേരി**

യുവജന ദിനത്തിൽ വി. കുർബാനക്ക് യുവജനങ്ങൾ നേതൃത്വം നൽകി. മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി. രണ്ടാം ശനിയാഴ്ച യുവജനങ്ങൾ സഹന ജപമാലയിലും, വിശുദ്ധ കുർബാനയിലും പങ്കെടുത്തു. സെനറ്റ് യോഗം കൂടി പുതിയ പ്രസിഡന്റിനെയും കോ ഓഡിനേറ്ററെയും തെരഞ്ഞെടുത്തു. മാതാവിൻെറ മാതാപിതാക്കളായ അന്ന-ജോവാക്കീം ദമ്പതിമാരുടെ തിരുനാളിന് ഇടവകയിലെ 75 വയസ്സിന് മേലേ പ്രായമുള്ള മാതാപിതാക്കളെ ആദരിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഷോക്കേറ്റു മരിച്ച കെ.സി.വൈ.എം. മുൻ അംഗങ്ങളായ അനൂപ്, ഷിനു എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ കെ.സി.വൈ.എം എക്സിക്യൂട്ടീവ് അംഗങ്ങൾ അൽഫോൻസാമ്മയുടെ കല്ലറ സന്ദർശിച്ച് പ്രാർത്ഥിച്ചു. മുണ്ടക്കയം ചൂരൽമല

ദുരന്ത വാർഷിക ദിനത്തിൽ സ്ഥലം സന്ദർശിക്കുകയും, മരണ മടഞ്ഞ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**പാതിരിപ്പാടം**

യുവജന ദിനത്തിൽ വിശുദ്ധ കുർബാനക്ക് യുവജനങ്ങൾ നേതൃത്വം നൽകി. 26 യുവജനങ്ങൾ പങ്കുകാരായി. യൂണിറ്റ് പ്രസിഡന്റ് അബിൻ പാറേക്കാട്ട് അദ്ധ്യക്ഷനായുള്ള യോഗത്തിന് മേഖലാ സിൻഡിക്കേറ്റ് അംഗം അഖിൽ കൊല്ലംപറമ്പിൽ സ്വാഗതവും. കെ.സി.വൈ.എം യൂണിറ്റ് ഡയറക്ടർ ഫാ.സണ്ണി കൊല്ലാർതോട്ടം ഉദ്ഘാടനവും ഫാ. അനിൽ പാഴുപ്പള്ളി, മിജാർക് ഏഷ്യൻ പ്രധിനിധി ഗ്രാലിയ അന്ന അലക്സ് എന്നിവർ ആശംസകളും അറിയിച്ചു. മേഖലാ അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റിൽ നിന്നും 5 പ്രതിനിധികൾ പങ്കെടുത്ത് അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ ഗെയിംസ് മത്സരത്തിൽ ബാഡ്മിന്റൺ ഗേൾസ് ഒന്നാം സ്ഥാനവും, ഫുട്ബോൾ ബോയ്സ് മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ചത്തീസ്ഗഡിൽ മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിനെതിരെ മണിമൂളി മേഖലയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ സദസ്സിൽ യൂണിറ്റിൽ നിന്നും ഡയറക്ടർ അച്ചനും 15 ഓളം ഇടവകാംഗങ്ങളും പങ്കെടുത്തു.

**വെള്ളൂന്നി യൂണിറ്റ്**

യുവജന ദിനത്തിൽ യുവജനങ്ങൾ കാഴ്ച സമർപ്പണം നടത്തുകയും ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്തു. യുവജന സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് മാർട്ടിൻ കൊല്ലം പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കെ.സി.വൈ.എം രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ. ആമുഖ പ്രഭാഷണവും, ആൻമരിയ പനച്ചിക്കൽ സ്വാഗതവും, രൂപതാ ജനറൽ സെക്രട്ടറി വിമൽ കൊച്ചുപുരയ്ക്കൽ, കൈക്കാരൻ ഷാജി, സിൻഡിക്കേറ്റ് അംഗം ആൻ ലിനറ്റ് എന്നിവർ ആശംസകളും അർപ്പിച്ച് സംസാരിച്ചു. കെ.സി.വൈ.എം രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ക്ലാസുകൾ നയിച്ചു. എൽവിൻ കുന്നുംപുറം നന്ദി അറിയിച്ചു. ഭാരവാഹികൾ രോഗീ സന്ദർശനം നടത്തി. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുന്നാൾ ദിനത്തിൽ യുവജനങ്ങൾ നേതൃത്വം വഹിച്ചു.

**വിമൽ കൊച്ചുപുരക്കൽ**

ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക കോഴ്സ്**

ആഗസ്റ്റ് മാസം 08 മുതൽ 10 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 75 പേർ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 14, 15, 16, തിയതികളിലും, ഒക്ടോബർ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 10, 11, 12 തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

മാമ്മോദീസായിലൂടെ സ്വീകരിച്ച വിശ്വാസത്തെ ഉദ്ദീപിപ്പിച്ചു കൊണ്ട് അനുദിന ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ പ്രാപ്തരാകുന്നതിനായി, ക്രിസ്തുവിന്റെ സുവിശേഷവുമായി കേരളത്തിലേക്ക് കടന്നുവന്ന വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനത്തിലും മാതാപിതാക്കൾക്ക് മാതൃകയും പ്രചോദനവുമായ വി.അന്ന-ജോവാക്കിം ദമ്പതികളുടെ തിരുനാൾ ദിനത്തിലും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിലും രൂപതയിലെ എല്ലാ അമ്മമാരും വിശുദ്ധരുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും പ്രചോദനം ഉൾക്കൊള്ളുകയും ചെയ്തു. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി ബത്തേരി മേഖലയിലെ എല്ലാ യൂണിറ്റുകളും ചേർന്ന് നടത്തിയ ചെയിൻ റോസറിയും ലോകസമാധാനത്തിനുവേണ്ടി എല്ലാ യൂണിറ്റുകളിലും നടത്തിയ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധനയും സമ്പൂർണ്ണ ബൈബിൾ വായനയുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന നിയോഗ പ്രാർത്ഥന കാർഡുകളും എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയ്ക്കുശേഷം അമ്മമാർ ഒരുമിച്ച് ചേർന്ന് ചൊല്ലുന്ന മാതൃവേദി പ്രാർത്ഥനയും മാതൃവേദി അംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമായിരുന്നു. ജൂലൈ 26 ന് വിശുദ്ധ ജോവാക്കിം വിശുദ്ധ അന്ന ദമ്പതികളുടെ തിരുനാൾ ദിനം ഗ്രാൻഡ് പേരന്റ്സ് ഡേയായി രൂപതയിലെ എല്ലാ മാതൃവേദി യൂണിറ്റുകളിലും വൈവിധ്യമാർന്ന പരിപാടികളോടെ ആചരിച്ചു. ജൂലൈ

15ന് ഡയറക്ടർ ഫാ. ബിനു വടക്കേൽ അച്ചന്റെ നേതൃത്വത്തിൽ രൂപതാ ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. ജപമാല പ്രാർത്ഥനയ്ക്കുശേഷം എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി ആനിമേറ്റർ സിസ്റ്റർ ഷോളി ജോസഫ് എസ്.കെ.ഡി ബൈബിൾ ക്വിസ് നടത്തി. തുടർന്ന് ചർച്ചയും പ്ലാനിങ്ങും നടന്നു. എല്ലാ മേഖലയിലും മേഖലകളിലെ വിവിധ യൂണിറ്റുകളിലും ആത്മീയ, ജീവകാരുണ്യ, സാമ്പത്തിക, സംഘടന തലങ്ങളിൽ വ്യത്യസ്തവും നൂതനവുമായ പരിപാടികളോടെ മാതൃവേദി സജീവമായി പ്രവർത്തിക്കുന്നു എന്ന് ചർച്ചയിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. ശ്രീമതി എൽസമ്മ മാനാടൻ ഏവർക്കും നന്ദി അർപ്പിച്ചു. മാതൃവേദി ആന്തത്തോടുകൂടി മീറ്റിംഗ് സമാപിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തലിന്റെ ഭാഗമായി വി. ജോവാക്കിം - അന്ന എന്നിവരെ പരിചയപ്പെടുത്തിക്കൊണ്ട് ശ്രീമതി എൽസമ്മ കാഞ്ഞിരംതൊട്ടിയിലും വിശുദ്ധ അൽഫോൻസാമ്മയെ പരിചയപ്പെടുത്തിക്കൊണ്ട് ശ്രീമതി സുജിത പൈനാടത്തും വീഡിയോകൾ തയ്യാറാക്കി എല്ലാ യൂണിറ്റുകൾക്കും നൽകി. എല്ലാ യൂണിറ്റുകളിലും അമ്മമാരെ പങ്കെടുപ്പിച്ചു കൊണ്ട് ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പൂർത്തീകരിച്ചു. ജൂലൈ 27ന് പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് മാതൃവേദി യൂണിറ്റിലെ അമ്മമാർക്കുള്ള സെമിനാർ നയിച്ചു. ഛത്തീസ്ഗഡിൽ മലയാളികളായ കന്യാസ്ത്രീകൾക്കെതിരെ നടന്ന അറസ്റ്റിൽ മാനന്തവാടി രൂപത സീറോ മലബാർ മാതൃവേദി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ക്രൈസ്തവർക്കെതിരെ രാജ്യത്ത് നടമാടുന്ന അതിക്രമങ്ങളിൽ മാതൃവേദി ശക്തമായ ഖേദം പ്രകടിപ്പിച്ചു. സിസ്റ്റേഴ്സിന്റെ മോചനത്തിന് ആവശ്യമായ നടപടികൾ അധികാരികൾ എത്രയും വേഗം കൈക്കൊണ്ടില്ലെങ്കിൽ ശക്തമായ പ്രതിഷേധ നിയമ നടപടികളുമായി മുന്നോട്ടു പോകുമെന്ന് രൂപതാ മാതൃവേദി ഡയറക്ടർ ഫാ.ബിനു വടക്കേൽ അറിയിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി ബെന്നി അമരികാട്ട് പ്രതിഷേധ പ്രമേയം പാസാക്കി. ഈ പ്രതിഷേധത്തിന് മാതൃവേദി ആനിമേറ്റർ സിസ്റ്റർ ഷോളി ജോസഫ് എസ്.കെ.ഡി, രൂപതാ ഭാരവാഹികളായ ശ്രീമതി മോളി ജോസഫ് പുഞ്ചയിൽ, എൽസമ്മ കാഞ്ഞിരംതൊട്ടിയിൽ, ബ്രില്ലി അന്ന കേളങ്ങാട്ടിൽ, ഷേർളി വലിയവീട്ടിൽ, മേരി പാലമറ്റം, സിൽവി എഴുമായിൽ എന്നിവർ നേതൃത്വം നൽകി.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 9 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 19 ന്.

**മേഖലാ വാർത്തകൾ**

**നിലമ്പൂർ**

സെന്റ് തോമസ് ഡേയിൽ തോമസ് നാമധാരികളെ ആദരിച്ചു. സമ്മാനങ്ങൾ നൽകി. വിശുദ്ധ ജോവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ ദിനത്തിൽ 70 വയസ്സിനു മുകളിലുള്ള മാതാപിതാക്കളെ ആദരിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അൽഫോൻസാ നാമധാരികളെ ആദരിച്ചു. മേഖലയുടെ നേതൃത്വത്തിൽ പൂക്കോട്ടുംപാടം പള്ളിയിൽ വച്ച് മാതൃസംഗമം നടത്തി. നിലമ്പൂർ മേഖലാ ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഇന്നത്തെ കാലഘട്ടത്തിൽ മക്കളെ വളർത്തുന്നതിൽ അമ്മമാർക്കുള്ള പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കിയും, ഫാദർ സജി പുതുക്കുളങ്ങര ലീഡർഷിപ്പിനെകുറിച്ചും ക്ലാസ് എടുത്തു. രോഗികളായി കഴിയുന്ന വൃദ്ധമാതാപിതാക്കളെയും ഹോസ്പിറ്റലിൽ കഴിയുന്നവരെയും സന്ദർശിച്ചു.

**നടവയൽ**

ദുക്റാന തിരുന്നാളിൽ യൂണിറ്റുകൾ കേന്ദ്രീകരിച്ച് സന്ദേശം നൽകി. പുതുതായി തിരഞ്ഞെടുത്ത ആനിമേറ്റർ സി.ജോളിയെ സ്വാഗതം ചെയ്തു. വിശുദ്ധരെ പരിചയപ്പെടുത്താൻ കല്ലുവയൽ യൂണിറ്റിനെയും നടവയൽ യൂണിറ്റിനെയും ചുമതലപ്പെടുത്തി. ഗ്രാൻഡ് പേരന്റ്സ് ഡേയിൽ കണിയാമ്പറ്റ യൂണിറ്റിലെ പേരന്റ്സിനെ മേഖലാ എക്സിക്യൂട്ടീവ് ആദരിച്ചു. രൂപത നടത്തിയ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ അടിസ്ഥാനമാക്കിയുള്ള മത്സരത്തിൽ ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ മേഖല സമ്മാനം നൽകി.

**തരിയോട്**

മേഖലയിലെ തോമസ് നാമധാരികളായ എല്ലാ വികാരിമാരെയും അവരുടെ ശാഖകളിൽ ചെന്ന് ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. കാവുംമന്ദം ദേവാലയത്തിൽ വെച്ച് എക്സിക്യൂട്ടീവ് യോഗം ചേർന്നു. 'തെരുവ് നായ ശല്യവും സ്വീകരിക്കേണ്ട നടപടികളും' എന്ന വിഷയത്തെക്കുറിച്ചു മേരി ടീച്ചർ ക്ലാസ് എടുത്തു. പ്രവർത്തനങ്ങളുടെ ഫണ്ട് ശേഖരണാർത്ഥം കൂപ്പൺ തയ്യാറാക്കി ശാഖകൾക്ക് നൽകി. ശാഖകളിൽ നിന്നു സ്വരൂപിച്ച സെമിനാരിഫണ്ട് മാനന്തവാടി സെമിനാരിയിൽ കൊണ്ടു

പോയി നൽകി. വി. അൽഫോൻസാമ്മയെ പരിചയപ്പെടുത്തി കോട്ടത്തറ യൂണിറ്റ് വീഡിയോ തയ്യാറാക്കി ഗ്രൂപ്പിൽ ഇട്ടു. യൂണിറ്റുകളിൽ ഗ്രാൻഡ് പേരന്റ്സ് ഡേ പ്രമാണിച്ചു ഗ്രാൻഡ് പേരന്റ്സ്സിനെ ആദരിക്കുകയും അവരോടൊപ്പം എടുത്ത ഫോട്ടോ ചേർത്തു പോസ്റ്റർ ഉണ്ടാക്കുകയും ചെയ്തു. അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ചു ചെന്നലോട് ശാഖയിൽ നെയ്യപ്പം ഉണ്ടാക്കി നൽകി. ഛത്തീസ്ഗഡിൽ കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് പ്രതിഷേധ യോഗം ചേർന്ന് പ്രസ്താവന ഇറക്കി പത്രങ്ങളിൽ നൽകി.

**ശാഖാ വാർത്തകൾ**

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. അനുദിന വിശുദ്ധരെ പരിചയപ്പെടുത്തി അമ്മമാർ വീഡിയോ തയ്യാറാക്കി. ഒരു രോഗിക്ക് 2000 രൂപ ധനസഹായം നൽകി. അക്രൈസ്തവയായ നിർധന കുടുംബത്തിലെ അമ്മയ്ക്ക് 500 രൂപ ധനസഹായം നൽകി. എക്സിക്യൂട്ടീവ് അംഗങ്ങൾ പുൽപള്ളി ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ചു. 11 രോഗികൾക്ക് ഭക്ഷണം വാങ്ങി നൽകി. 80 വയസ്സിന് മുകളിൽ പ്രായമായ ഇടവകയിലെ അമ്മയെ ആദരിച്ചു.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. ചികിത്സ സഹായം 2500 രൂപ നൽകി. രണ്ടു കുടുംബങ്ങൾക്ക് ആയി 50500 രൂപ നൽകി. സെമിനാരി വിദ്യാർത്ഥികൾക്ക് പഠനസഹായമായി 1000 രൂപ നൽകി. വിശുദ്ധരെ പരിചയപ്പെടുത്തി.

**വാളവയൽ**

എക്സിക്യൂട്ടീവ് കൂടി. തോമസ് നാമധാരികളെ ആദരിച്ചു. ഉത്തരീയ നാഥയോടുള്ള ഭക്തി അനുസ്മരിച്ച് അമ്മമാർ ഉത്തരീയം ധരിക്കാൻ തിരുമാനിച്ചു. ഗ്രാൻഡ് പേരന്റ്സ് ഡേയോടനുബന്ധിച്ച് രണ്ടു കുടുംബങ്ങളിലെ വൃദ്ധരായ മാതാപിതാക്കളെ സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി.

**മൺവയൽ**

വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി. കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച് വിവാഹ ജീവിതത്തിന്റെ 50, 25 വർഷം പൂർത്തിയാക്കിയ ദമ്പതിമാരെ ആദരിച്ചു. എക്സിക്യൂട്ടിവ്, ജനറൽ ബോഡി എന്നിവ നടത്തി. രോഗീ സന്ദർശനം നടത്തി. സെമിനാരി ഫണ്ട് 2000 രൂപ നൽകി.

**കാരയ്ക്കാമല**

വി. ജോവാക്കിം അന്ന ദമ്പതികളുടെ തിരുന്നാൾ ഗ്രാൻഡ് പേരന്റ്സ് ഡേ  ആയി ആചരിച്ചു. മാതൃവേദിയും മിഷൻലീഗും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങിൽ 90 പേർ പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിച്ചു. അൽഫോൻസാ ക്വിസ് നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. രോഗീ സന്ദർശനം നടത്തി.

**കുറുമ്പാല**

സെന്റ് തോമസ്  ദിനത്തിൽ തോമസ് നാമധാരികളെ ആദരിച്ചു. മാതാപിതാക്കൾക്ക് വേണ്ടി സെമിനാർ നടത്തി. മേഖലാ ചെയിൻ റോസറിയിൽ പങ്കെടുത്തു. മാനന്തവാടിയിലുള്ള സമരിറ്റൻ ഭവൻ സന്ദർശിച്ചു മധുരപലഹാരങ്ങളും സ്റ്റേഷനറി സാധനങ്ങളും നൽകി. എക്സിക്യൂട്ടീവ് കൂടി. വി. യോവാക്കീം- അന്ന വിശുദ്ധരുടെ തിരുനാളിനോടനുബന്ധിച്ച് ഗ്രാൻഡ് പേരന്റ്സ് വിത്ത് സെൽഫീസ് എന്ന പ്രോഗ്രാം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

**പുൽപ്പള്ളി**

ദുക്റാന തിരുനാൾ ആഘോഷിച്ചു. കർമ്മല മാതാവിന്റെ തിരുനാൾ ദിവസം സി.എം.സി കോൺവെന്റിലെ ചാപ്പലിൽ പോയി ആരാധന നടത്തി. സിസ്റ്റേഴ്സിന് ആശംസകൾ നേർന്നു. വി. യോവാക്കിം - അന്ന തിരുനാൾ ദിവസം ഗ്രാൻഡ് പേരന്റ്സ് ഡേ ആയി ആചരിക്കുകയും ഗ്രാൻഡ് പേരന്റ്സിനെ ആദരിക്കുകയും ചെയ്തു.

**തരിയോട്**

സെമിനാരി വിദ്യാർത്ഥികൾക്കുള്ള ഇടവക വിഹിതം നൽകി. തരിയോട് മേഖല മാതൃവേദിയുടെ നേതൃത്വത്തിൽ നൽകിയ സംഭാവന കൂപ്പൺ ഇടവകകളിൽ വിൽപന നടത്തി. സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് മേഖല നടത്തിയ പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. ഗ്രാൻഡ് പേരന്റ്സ് ഡേ യോടനുബന്ധിച്ച് പ്രായമായ ദമ്പതികളെ ആദരിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഫാമിലി ക്വിസ് പ്രോഗ്രാം നടത്തി.

**പട്ടാണിക്കൂപ്പ്**

ലോകസമാധാനത്തിന് വേണ്ടി ആരാധന നടത്തി പ്രാർത്ഥിച്ചു വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച്

9 ദിവസത്തെ നൊവേനയിലും കുർബാനയിലും അമ്മമാർ പങ്കെടുത്തു പ്രാർത്ഥിച്ചു. വിശുദ്ധ അന്ന – യോവാക്കിം തിരുനാൾ ദിനത്തിൽ ഭവനങ്ങളിൽ പോയി വൃദ്ധദമ്പതികളെ ആദരിച്ചു.

**മരകാവ്**

ഡോക്ടേഴ്സ് ദിനത്തിൽ ഇടവകയിലെ ഡോക്ടർമാരെ ഫോണിൽ വിളിച്ച് ആശംസകൾ അറിയിച്ചു. വി. യോവാക്കിം – അന്ന ദമ്പതികളുടെ തിരുനാൾ ദിനത്തിൽ 90 വയസ്സിനു മുകളിൽ പ്രായമുള്ള 14 മാതാപിതാക്കളെ വീട്ടിൽ പോയി ആദരിച്ചു. രോഗീ സന്ദർശനം, ഭവനസന്ദർശനം, ഏലീശ്വ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. മാസത്തിലെ ഒന്നാമത്തേയും മൂന്നാമത്തേയും ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. എക്സിക്യൂട്ടീവ് കൂടി. ചത്തീസ്ഘട്ടിൽ മലയാളി കന്യാസ്ത്രീകളെ മതപരിവർത്തനം ആരോപിച്ച് ജയിലിലടച്ചതിൽ കത്തോലിക്ക കോൺഗ്രസുമായി ചേർന്നു മാതൃവേദി പ്രതിഷേധം നടത്തി.

**പോരൂർ**

രോഗീ സന്ദർശനം നടത്തി. സെമിനാരി ഫണ്ട് നല്കി. വിളക്കന്നൂർ തീർത്ഥാടനം നടത്തി. ഗ്രാന്റ് പേരെന്റ്സ് ഡേ യിൽ ഇടവകയിൽ പ്രായമായ മാതാപിതാക്കൾക്ക് മധുരം നൽകി ആദരിച്ചു.

**നിലമ്പൂർ**

മേഖലാ സംഗമത്തിൽ പങ്കെടുത്തു. ഗ്രാന്റ് പേരന്റ്സ്ഡേയിൽ എല്ലാ ഗ്രാന്റ് പേരന്റ്സിനേയും ആദരിച്ചു. ചത്തീസ്ഘട്ടിൽ മതപരിവർത്തനം ആരോപിച്ച് ജയിലിലടച്ച മലയാളി കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. സിമിത്തേരി വൃത്തിയാക്കി.

**വടപുറം**

പൂക്കോട്ടുംപാടത്ത് വച്ച് നടത്തിയ നിലമ്പൂർ മേഖലാ സെമിനാറിൽ പങ്കെടുത്തു. ഗ്രാൻഡ് പേരന്റ്സ് ഡേയിൽ 80 വയസ്സിനു മുകളിലുള്ള ദമ്പതികളെ പൊന്നാട അണിയിച്ച് ആദരിച്ചു. രോഗികളായ വൃദ്ധമാതാപിതാക്കളെയും സന്ദർശിച്ചു. 'മാതാവിനെ കുറിച്ചുള്ള ചിന്തകൾ' പങ്കുവയ്ക്കുന്ന വീഡിയോ നിലമ്പൂർ മേഖലയ്ക്ക് അയച്ചു. ചികിത്സാസഹായം നൽകി.

**ടൗൺ ചർച്ച്, മാനന്തവാടി**

സെമിനാരി സഹായമായ 5000 രൂപ മേഖലയ്ക്ക് നൽകി. ഗ്രാന്റ് പേരന്റ്സ് ഡേയിൽ വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ സമ്മാനങ്ങളും പൂച്ചെണ്ടും നൽകി ആദരിച്ചു. സമരിറ്റൻ ഭവനിൽ 4000 രൂപ സംഭാവന നൽകി. ആൻസ് ഭവനിൽ കേക്ക് വിതരണം ചെയ്തു. ഗ്ലോബൽ പ്രസംഗ മത്സരത്തിൽ ഡോണിയ മേഖലയിൽ ഒന്നാം സ്ഥാനം നേടി.

**താളിപ്പാടം**

അന്ന-യോവാക്കിം ദമ്പതികളുടെ തിരുനാൾ ദിനത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേ ആയി ആഘോഷിച്ചു. ഇടവകയിൽ 75 വയസ്സിന് മുകളിലുള്ളവരെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. വിശുദ്ധരെ പരിചയപ്പെടുത്തൽ നടത്തി. എക്സിക്യൂട്ടീവ് കൂടി.

**മാർട്ടിൻനഗർ**

സെന്റ് തോമസ് ഡേയിൽ തോമസ് നാമധാരികളായ വൈദികർക്ക് വേണ്ടി പ്രാർത്ഥിച്ചു. വി. യൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ ദിനത്തിൽ പ്രായമായ ഒരു കുടുംബത്തിലെ ദമ്പതികളെ കേക്ക് മുറിച്ച് ആദരിച്ചു. ജനറൽബോഡി നടത്തി. കമ്പ്യൂട്ടർ സയൻസിൽ പി.എച്ച്.ഡി. കരസ്ഥമാക്കിയ ജിഷ ടീച്ചറെ പൊന്നാട അണിയിച്ച് ശാഖാ ഡയറക്ടർ ആദരിച്ചു. സെമിനാരി പഠന സഹായം ലഭിച്ചു. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു.

**പ്രശാന്തഗിരി**

സെമിനാരി വിദ്യാർത്ഥികൾക്ക് സഹായം നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. മാതാവിനെ അലങ്കരിക്കൽ മത്സരം മേഖലാതലത്തിൽ പ്രശാന്തഗിരി ഇടവകയിലെ ശ്രീമതി മിനി ചാത്തോളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പൊള്ളലേറ്റ് ചികിത്സയിൽ കഴിയുന്ന ഒരു സഹോദരിക്ക് രോഗീസഹായം നൽകി. WSSS ന്റെ കീഴിൽ നിന്നും കൊണ്ടുവരുന്ന മായം ഇല്ലാത്ത കറി മസാല പൊടികൾ അമ്മമാരുടെ നേതൃത്വത്തിൽ വിൽപ്പന നടത്തുന്നു.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് കൂടി. തോമസ് നാമധാരികളെ ആദരിച്ചു. പഴൂർ തേജസ് ഹോം സന്ദർശിച്ചു. ധനസഹായം നൽകി. ചിപ്സ് ശർക്കര വരട്ടി ഉണ്ടാക്കി വിൽപ്പന നടത്തി. ഛത്തീസ്ഗഡിൽ

അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. വിശുദ്ധരെ പരിചയപ്പെടുത്തി പള്ളിയും പരിസരവും വൃത്തിയാക്കി.

**കൽപ്ര**

പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ ദിനത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം ഒരു മണിക്കൂർ ആരാധന നടത്തി. ഏലീശ്വ, നവോമി, രോഗി, വൃദ്ധ ദമ്പതികൾ എന്നിവരെ സന്ദർശിച്ചു. മാർവാലാഹ് പ്രസംഗ മത്സരത്തിൽ മേഖലാതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**കേളകം**

എല്ലാമാസവും മുടങ്ങാതെ രണ്ടാമത്തെ ചൊവ്വാഴ്ച അഗതിമന്ദിരത്തിൽ പൊതിച്ചോറുകൾ നൽകുന്നു. അമ്മമാരുടെ ഉപവാസത്തിലൂടെ കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു. വൈദിക വിദ്യാർത്ഥികൾക്ക് പഠനസഹായമായി സാമ്പത്തിക സഹായം നൽകി. പാവപ്പെട്ട ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

തോമസ് നാമധാരികളെ പൂച്ചെണ്ടു നൽകി ആദരിച്ചു. എക്സിക്യൂട്ടീവ് കൂടി. സെമിനാരി വിദ്യാർത്ഥികൾക്കായുള്ള കളക്ഷൻ ഇടവകയിലെ ഓരോ അമ്മമാരിൽ നിന്നും സമാഹരിച്ചു. ഇടവകയിലെ ഏറ്റവും പ്രായം കൂടിയ ദമ്പതികളെ എക്സിക്യൂട്ടീവ് അംഗങ്ങൾ ആദരിച്ചു. രോഗീ സന്ദർശനം നടത്തി. മാതാവിനെ അലങ്കരിക്കൽ മേഖലാ മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പറളിക്കുന്ന്**

ദുക്റാന തിരുന്നാൾ, കർമ്മല മാതാവിന്റെ തിരുനാൾ എന്നീ ദിനങ്ങളിൽ സന്ദേശം നൽകി. വി. അന്ന - ജെവാക്കീം, വി. അൽഫോൻസാമ്മ എന്നീ വിശുദ്ധരെ പരിചയപ്പെടുത്തി. ഗ്രാൻറ് പാരൻസ് ഡേയിൽ പ്രായമായവരെ ആദരിച്ചു.

**പന്തിപ്പൊയിൽ**

മേഖലാ മാതൃവേദി മീറ്റിംഗിൽ ശാഖാ ഭാരവാഹികൾ പങ്കെടുത്തു. തോമസ് നാമധാരികളെ ആദരിച്ചു. പ്രകൃതിക്ഷോഭ ദുരന്തം

ഉണ്ടാവാതിരിക്കാൻ ചെയിൻ റോസറി നടത്തി. സെമിനാരി ഫണ്ട് ആയി ആയിരം രൂപ നൽകി. കാരുണ്യനിധി ചാരിറ്റി ഫണ്ടിലേക്ക് അമ്മമാർ 20 രൂപ വീതം സംഭാവന നൽകി. എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. വിധവാ സഹായം, പഠനസഹായം എന്നിവയ്ക്കായി 1000 രൂപയും; രോഗീ സഹായമായി 1000 രൂപയും നൽകി.

**പൂക്കോട്ടുംപാടം**

തോമസ് നാമധാരികളെ ആദരിച്ചു. മേഖലാ സംഗമം ശാഖയിൽ വച്ചു നടത്തി. മാതൃവേദി ഫണ്ടിനായി സ്വിഗ്വി ഉത്പന്നങ്ങൾ വില്പന ആരംഭിച്ചു. മുതിർന്ന മാതാപിതാക്കളെ സന്ദർശിച്ചു. അന്ന നാമധാരികളെ ആദരിച്ചു. 3 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

**ദ്വാരക**

തോമസ് നാമധാരികളെ ആദരിച്ചു. കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ ഉത്തരീയം നൽകി. വി. ജോവാക്കിം അന്ന ദമ്പതികളുടെ തിരുനാൾ ദിനത്തിൽ ഗ്രാൻഡ് പാരൻസിനെ ആദരിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അൽഫോൻസാ നാമധാരികളെ ആദരിച്ച് അൽഫോൻസാമ്മയുടെ പടം നൽകി. മേഖലാ തലത്തിൽ നടന്ന അൽഫോൻസാ ക്വിസിൽ പങ്കെടുത്തു. സെമിനാരി ഫണ്ട് മേഖലയ്ക്ക് കൈമാറി.

**വാളേരി**

തോമസ് നാമധാരികളെ ആദരിച്ചു. പ്രായമായ മാതാപിതാക്കൻമാരെ വീടുകളിൽ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി തിരുനാൾ ദിനത്തിൽ മാതൃവേദി നടത്തിയ വിവിധ മത്സര വിജയികൾക്ക് സമ്മാനം നൽകി. സാന്താമോനിക്കാ, വചന കവചം, ചെയിൻ റോസറി, രോഗീസന്ദർശനം എന്നിവ നടത്തി. ആശുപത്രിയിൽ ഭക്ഷണമുണ്ടാക്കുവാൻ സഹായിച്ചു.

**കരിമാനി**

ഗ്രാൻഡ് പേരന്റ്സ് ദിനത്തിൽ 80 വയസ്സു കഴിഞ്ഞ ദമ്പതികളെ സന്ദർശിച്ച് അവർക്ക് പൂക്കൾ നൽകി ആശംസകൾ അറിയിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു. വൈദിക വിദ്യാർത്ഥികൾക്കുള്ള പഠനസഹായം നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി

**കുറുമണി**

സെന്റ് തോമസ് ഡേയിൽ തോമസ് നാമധാരികളെ ആദരിച്ച് മധുരം നൽകി. ആദിവാസി കുടുംബങ്ങളിൽ കിറ്റ് വിതരണം

ചെയ്തു. രോഗീ സന്ദർശനം നടത്തി. ഏകസ്ഥരെ സന്ദർശിച്ച് പ്രാർത്ഥിച്ചു. പാരൻസ് ഡേയിൽ വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം പ്രസംഗ മത്സരം നടത്തി.

**കൊട്ടിയൂർ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. രോഗീസന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി. വായനാദിനത്തോടനുബന്ധിച്ച് അമ്മ ലൈബ്രറി വികസിപ്പിച്ച് മാതൃവേദി അംഗങ്ങൾക്ക് വായിക്കുവാൻ അവസരം നൽകി. പരിസ്ഥിതി ദിനത്തിൽ ദേവാലയത്തോട് ചേർന്നുള്ള പൊതുനിരത്തിൽ പൂച്ചെടികൾ നട്ടു.

**തേൾപ്പാറ**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. പരിസരം വൃത്തിയാക്കി. സ്നേഹസദൻ സന്ദർശിച്ചു. പഠനോപകരണങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം നല്കി. ലഹരി വിരുദ്ധ ദിനത്തിൽ ഇടവകയിലെ എല്ലാ കുടുംബങ്ങളും ലഹരി വിരുദ്ധ പ്ലക്കാഡുകൾ പിടിച്ച് നിൽക്കുന്ന വീഡിയോ പ്രസന്റേഷൻ നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് യോഗം കൂടി. പ്രോവിഡൻസ് അഗതിമന്ദിരം സന്ദർശിച്ച് 3000 രൂപ സഹായം നൽകി. ഒരു നിർധന കുടുംബത്തിന് 1000 രൂപയുടെ കിറ്റ് നൽകി. വൈദിക വിദ്യാർത്ഥികളുടെ പഠനസഹായമായി 36,00 രൂപ നൽകി. ഛത്തീസ്ഗഡിൽ അറസ്റ്റിലായ സിസ്റ്റേഴ്സിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രതിഷേധിച്ചു. ആശുപത്രി, മരണവീട് എന്നിവ സന്ദർശിച്ചു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സെമിനാരി വിദ്യാർത്ഥികൾക്കുള്ള ഫണ്ട് ശേഖരണാർത്ഥം ഫുഡ് ഫെസ്റ്റ് നടത്തി. 10000 രൂപ മാനന്തവാടി മൈനർ സെമിനാരിയിൽ ഏല്പിച്ചു. ബൈബിളിലെ കുടുംബം-സ്കിറ്റ് എന്ന വിഭാഗത്തിൽ രൂപതയിൽ 2-ാം സ്ഥാനം കരസ്ഥമാക്കിയവരെ ആദരിച്ചു. സാന്താ മോനിക്ക വചന കവചം, മാതൃവേദി പ്രാത്ഥന എന്നിവ നടത്തി. എമ്മാവൂസ് വില്ല സന്ദർശിച്ച് ഭക്ഷണത്തിന്റെ പൈസ കൊടുത്തു. ഛത്തീസ്ഗഡിലെ അറസ്റ്റിലായ സിസ്റ്റേഴ്സിന് വേണ്ടി നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

**കബനിഗിരി**

ദുക്റാന തിരുനാൾ ആചരിച്ചു. എല്ലാ തോമസ് നാമധാരി

കളെയും ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി. വിളക്കന്നൂർ തീർത്ഥയാത്ര നടത്തി, ചെമ്പേരി ബസിലിക്ക പള്ളി സന്ദർശിച്ചു. ഗ്രാൻഡ് പേരന്റ്സ് ഡേ ദിനത്തിൽ ഇടവകയിലെ എല്ലാ ഗ്രാൻഡ് പേരന്റ്സിനും ജപമാലയും പൂവും കൊടുത്ത് ആദരിച്ചു. ഛത്തീസ്ഗഡിൽ അറസ്റ്റിലായ സിസ്റ്റേഴ്സിനു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കളത്തുവയൽ**

എക്സിക്യൂട്ടീവ്, ജനറൽബോഡി എന്നിവ കൂടി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. ദുക്റാന തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ എന്നിവ ആചരിച്ചു.

**ഇരുളം**

എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽബോഡി, സെമിനാർ എന്നിവ നടത്തി. ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ച് ഇരുളം ജെഡിസി ഹോസ്പിറ്റലിലെ ഡോക്ടറെയും നഴ്സുമാരെയും ആദരിച്ചു. വിളക്കന്നൂരിലേക്ക് തീർത്ഥാടന യാത്ര നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം നടത്തി. രണ്ടു കുടുംബങ്ങൾക്ക് 2000/- രൂപ സാമ്പത്തിക സഹായം നൽകി. 75 വയസ്സിനുമേൽ പ്രായമുള്ള 12 ഗ്രാൻഡ് പേരന്റിസിനെ പൊന്നാട അണിയിച്ച് ആദരിച്ചു.

**ചോക്കാട്**

പള്ളിയും പരിസരവും വൃത്തിയാക്കി. പൂക്കോട്ടുംപാടം ഇടവകയിൽ വെച്ച് നടന്ന സെമിനാറിൽ ഇടവകയിൽ നിന്നും 12 പേർ പങ്കെടുത്തു. നവോമി സന്ദർശനം, രോഗീ സന്ദർശനം, മരണ വീട് സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**സീതാമൗണ്ട്**

മാതാപിതാക്കൾക്കായി സെമിനാർ നടത്തി. രോഗീ സന്ദർശനം നടത്തി. രോഗിക്കായുള്ള ധനസഹായം നൽകി. വി. അന്ന ജോവാക്കിം ദമ്പതികളുടെ തിരുനാളിൽ പ്രായമായ ദമ്പതികളെ ആദരിച്ചു. 75 വയസിനു മുകളിലുള്ള മാതാപിതാക്കളെ ആദരിച്ചു.

**റൂബിനഗർ**

തോമസ് നാമധാരികളെ ആദരിച്ചു. രൂപതാ പാസ്റ്റർ കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഷീബ പടവിലിനെ ആദരിച്ചു. മേഖലാ സംഗമത്തിൽ 19 അംഗങ്ങൾ പങ്കെടുത്തു.

2 ഭവനങ്ങൾക്ക് 3000 രൂപയുടെ ഭക്ഷണ കിറ്റ് നൽകി. ഭവന സന്ദർശനം നടത്തി. ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷിച്ചു. ഒരു കുടുംബത്തിന് വസ്ത്രം നൽകി.

**ശിശുമല**

കുരിശുമല തീർത്ഥാടനം നടത്തി. വി. മരിയ ഗൊരേത്തിയുടെ തിരുനാൾ, കർമ്മല മാതാവിന്റെ തിരുനാൾ എന്നിവ ആചരിച്ചു. ഭവന സന്ദർശനം, രോഗീസന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി. ചെയിൻ റോസറി നടത്തി. ഗ്രാന്റ് പേരന്റ്സ് ഡേ ആചരിച്ചു. അൽഫോൻസാ സൂക്തങ്ങൾ പ്രിന്റ് ചെയ്തു 5-ാം ക്ലാസ്സിലെ കുട്ടികൾക്ക് നൽകി. വി. അൽഫോൻസാ ഫാമിലി ക്വിസ്സ് സംഘടിപ്പിച്ചു.

**പാതിരിപ്പാടം**

ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ ആദരിച്ചു. സിഗ്‌വി കറിമസാലകളുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. എല്ലാ ഞായറാഴ്ചകളിലും കറിമസാലകൾ വിറ്റഴിച്ചു. ഗ്രാന്റ് പേരന്റ്സ് ഡെ ദിനത്തിൽ. ഗ്രാന്റ് പേരന്റ്സിനെ പൂക്കൾ നൽകി ആദരിച്ചു. അന്ന, അൽഫോൻസാ നാമധാരികളെ പൂക്കൾ നൽകി ആദരിച്ചു. ഭവന സന്ദർശനം, രോഗീ സന്ദർശനം നടത്തി. പള്ളിയും, പരിസരവും, സെമിത്തേരിയും വൃത്തിയാക്കി.

**പനവല്ലി**

തോമാ ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ ഭക്തിപൂർവ്വം ദിവ്യബലിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. എല്ലാ ഞായറാഴ്ചയും മാതൃവേദി പ്രാർത്ഥന ചൊല്ലുന്നു. രോഗീ സന്ദർശനം നടത്തി. അവർക്കായി പ്രാർത്ഥിച്ചു മാസം തോറും വിശുദ്ധരെ പരിചയപ്പെടുത്തുന്നു.

**പാലങ്കര**

ഡോക്ടേഴ്സ് ഡേ ആചരിച്ചു. തോമസ് നാമധാരികൾക്ക് പൂവ് നൽകി ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി. സിമിത്തേരി വൃത്തിയാക്കി. മരണവീട് സന്ദർശനം നടത്തി. സ്വിഗ്‌വി കറി മസാലയുടെ ഉദ്ഘാടനം നടത്തി. അൽഫോൻസാ നാമധാരിയെ ആദരിച്ചു. ഗ്രാൻഡ് പേരെന്റ്സ് ഡേ നടത്തി.

**വാകേരി**

വി. റോസാമിസ്റ്റിക്ക മാതാവിന്റെ തിരുനാൾ ദിനത്തിൽ ദൈവവിളി സ്വീകരിച്ചവരുടെ മാതാപിതാക്കളെ ആദരിച്ചു. ബയോവിൻ പ്രൊഡക്റ്റുകളുടെ ഉദ്ഘാടനം നടത്തി വിപണനം ആരംഭിച്ചു.

ഗ്രാന്റ് പേരെന്റ്സ് ദിനത്തിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ചു.

**മണിമൂളി**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം, ഏലീശ്വ സന്ദർശനം, മാതാപിതാക്കളുടെ സെമിനാർ എന്നിവ നടത്തി. രണ്ടു കുടുംബങ്ങളെ സാമ്പത്തികമായി സഹായിച്ചു. ഉത്തരേന്ത്യയിൽ, കന്യാസ്ത്രീകളുടെ അറസ്റ്റിൽ പ്രതിഷേധിച്ചു റാലി നടത്തി. ദേവാലയ പരിസരം, പാസ്റ്ററൽ സെന്റർ എന്നീ പരിസരങ്ങളിൽ മഴക്കാല ശുചീകരണം നടത്തി. സ്വിഗ്‌വി ഔട്ട്ലെറ്റ് വഴി വിൽപ്പന നടത്തുന്നു.

**പുതുശ്ശേരിക്കടവ്**

തോമാശ്ലീഹായുടെ നാമധാരിയായ ഇടവക വികാരി ജിമ്മി മൂലയിലച്ചന് നാമഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് 'ഭാരതത്തിലെ പ്രഥമ വിശുദ്ധ അൽഫോൻസാമ്മ' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസമത്സരം നടത്തി. ഇടവകയിലെ ജവാൻമാരെ ആദരിച്ചു.

**തലഞ്ഞി**

തോമസ് നാമധാരികളെ ആദരിച്ച് ആശംസകൾ നേർന്നു. മാതൃവേദി ചാരിറ്റി ഫണ്ട് സ്വരൂപിക്കുന്നതിനായി ഒരു ലക്ഷം രൂപയുടെ സംഭാവന കൂപ്പൺ വിതരണം ചെയ്തു. സ്വിഗ്‌വി വിപണിയിലിറക്കുന്ന ഉയർന്ന ഗുണമേന്മയിൽ മായം ചേർക്കാത്തതും ശുദ്ധവും വിഷരഹിതവുമായ നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന ബഹുമാനപ്പെട്ട വികാരിയച്ചൻ നിർവ്വഹിച്ചു.

**മീനങ്ങാടി**

തോമസ് നാമധാരികളെ ആദരിച്ചു. പേരന്റ്സ് ഡേയിൽ പ്രായമായ മാതാപിതാക്കളെ സന്ദർശിച്ച് ആദരിച്ചു. അൽഫോൻസാ നാമധാരികളെ ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി. കിടപ്പു രോഗികളെ സന്ദർശിച്ചു.

**ചെന്നലോട്**

സെന്റ് തോമസ് ഡേയിൽ തോമസ് നാമധാരിയായ വികാരിയച്ചനെ ആദരിച്ചു. സെമിനാരി ഫണ്ട് 1000 രൂപ നല്കി. മേഖല ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി തന്ന കൂപ്പൺ ഇടവകയിൽ നിന്നും പിരിച്ചു കൊടുത്തു. ഗ്രാന്റ് പേരന്റ്സ് ഡേയിൽ ഇടവകയിലെ പ്രായം കൂടിയ ദമ്പതികളെ സന്ദർശിച്ച് സമ്മാനങ്ങൾ നൽകി.

കുടുംബങ്ങളിൽ മക്കൾ മാതാപിതാക്കൾക്ക് പൂക്കൾ നൽകി ആദരിച്ചു.

**ആടിക്കൊല്ലി**

ഡോക്ടേഴ്സ് ദിനത്തിൽ ഇടവകയിലെ എല്ലാ ഡോക്ടർമാരെയും ആദരിച്ചു. ജനറൽബോഡി, എക്സിക്യൂട്ടീവ് എന്നിവ നടത്തി. നറുക്ക് ചിട്ടി ആരംഭിച്ചു. കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ സുനിൽ വട്ടുകുന്നേൽ അച്ചൻ ഉത്തരീയ മാതാവിന്റെ പ്രസക്തിയെക്കുറിച്ച് ഒരു വീഡിയോ തയ്യാറാക്കി അവതരിപ്പിച്ചു. ഗ്രാൻഡ് പേരന്റ്സിനെ വീടുകളിൽ ആദരിച്ചു. നറുക്കുചിട്ടിയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി. മരണ വീട് സന്ദർശിച്ച് പ്രാർത്ഥിച്ചു. രോഗീ സഹായമായി 12000 രൂപ നൽകി.

**നടവയൽ**

തോമസ് നാമധാരികളായ മാതാധ്യാപകരെ ആദരിച്ചു. ഇടവകയിലെ 75 വയസ്സിനു മുകളിലുള്ള ഗ്രാൻഡ് പേരന്റ്സിനെ സമ്മാനങ്ങൾ നൽകി ആദരിച്ചു. സെമിനാരി വിദ്യാർത്ഥികളെ സഹായിക്കുന്നതിനു വേണ്ടി ഫണ്ട് ശേഖരിച്ചു. വിദ്യാഭ്യാസ സഹായം, ചികിത്സാസഹായം എന്നീ ഇനങ്ങളിലായി 3600 രൂപ ധനസഹായം നൽകി.

**മീനങ്ങാടി**

തോമസ് നാമധാരികളെ ആദരിച്ചു. പേരന്റ്സ്ഡേ യിൽ പ്രായമായ മാതാപിതാക്കളെ ആദരിച്ചു. അൽഫോൻസാ നാമധാരികളെ ആദരിച്ചു. കിടപ്പു രോഗികളെ സന്ദർശിച്ചു.

**മൂലങ്കാവ്**

തോമസ് നാമധാരികളെ ആദരിച്ചു. പേരന്റ്സ്ഡേയിൽ പ്രായമായ മാതാപിതാക്കൾക്ക് സെറ്ററും കേക്കും നൽകി ആദരിച്ചു. അൽഫോൻസാ നാമധാരികളെ ആദരിച്ചു

**വടക്കനാട്**

ലഹരിവിരുദ്ധ നോട്ടീസ് വിതരണം നടത്തി. പള്ളിമുറി, പള്ളി ഗ്രൗണ്ട് നവീകരണത്തിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനം നടത്തി. വൃദ്ധരായ മാതാപിതാക്കളെ സന്ദർശിച്ചു.

**യവനാർകുളം**

രോഗീ സന്ദർശനം നടത്തി. എല്ലാ ബുധനാഴ്ചയും ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**ഓഗസ്റ്റ് 2025**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഓഗസ്റ്റ് 01 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

ഓഗസ്റ്റ് 02 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസഫ് വട്ടക്കുന്നേൽ സ്തുതി ആരാധനയ്ക്കും ബഹു. ബ്രദർ ബിജു പുളിക്കൽ, സി. ധന്യ FCC, എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സി. ആൻസി SCV, സി. മരിയ CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിംഗ്**

ഓഗസ്റ്റ് 09 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിംഗ് ശുശ്രൂഷ നടന്നു.

**ആന്തരീക സൗഖ്യ ധ്യാനം**

ഓഗസ്റ്റ് 21 വ്യാഴം മുതൽ 24 ഞായർ വരെ താമസിച്ചുള്ള ധ്യാനം നടത്തപ്പെട്ടു.

**അഖണ്ഡ ജപമാല**

ഓഗസ്റ്റ് 29 വെള്ളി രാവിലെ 08.30 മുതൽ രാത്രി 08.30 വരെ സീയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും ആരാധനയും നടത്തപ്പെട്ടു. സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

അന്വേഷണങ്ങൾക്ക് - 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ - 9544606936

# സാമൂഹ്യ സേവനരംഗം (WSSS)

**കാലാവസ്ഥാമാറ്റത്തെ നേരിടാൻ ഉതകുന്ന ദീർഘകാല പദ്ധതികൾ രൂപപ്പെടുത്തണം: മാർ ജോസ് പൊരുന്നേടം**

കാലാവസ്ഥാമാറ്റം നമ്മുടെ ജീവിതത്തെയും ജീവനോപാധികളെയും ഗൗരവമായി ബാധിക്കുന്ന സാഹചര്യത്തിൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാലാവസ്ഥാമാറ്റത്തെ നേരിടാൻ ഉതകുന്ന ദീർഘകാല പദ്ധതികൾ രൂപപ്പെടുത്തണമെന്ന് മാർ ജോസ് പൊരുന്നേടം അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2024-2025 വർഷത്തെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരിന്നു അദ്ദേഹം. ജലസംരക്ഷണം, മണ്ണിന്റെ ആരോഗ്യവർധന, കാർബൺ ഉൽപാദനം കുറയ്ക്കുന്ന കാർഷിക രീതികൾ, ജൈവകൃഷി വ്യാപനം, സോളാർ, ബയോഗ്യാസ്, എൽ.ഇ.ഡി. ലൈറ്റുകൾ പ്രോത്സാഹിപ്പിക്കൽ, ജൈവ വൈവിധ്യ സംരക്ഷണം, കാലാവസ്ഥാ സൗഹൃദ ജീവിത രീതികളെക്കുറിച്ചുള്ള പരിശീലനങ്ങളും പ്രചരണ പരിപാടികളും, മരങ്ങൾ വെച്ചുപിടിപ്പിക്കൽ തുടങ്ങിയവ ദീർഘകാല പദ്ധതികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ എന്നിവ അവതരിപ്പിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ. ബഡ്ജെറ്റ്, ഭാവി പ്രവർത്തങ്ങൾ എന്നിവയും അവതരിപ്പിച്ചു. കൂടാതെ ബയോവിൻ പ്രവർത്തനങ്ങളെകുറിച്ച് മാനേജിങ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലിയെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, ജീവസ്-കേരള ലേബർ മൂവ്മെന്റ് പ്രവർത്തനങ്ങളെകുറിച്ച് ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണസമിതി അംഗങ്ങളായ, റവ. ഫാ. ജോസഫ്

പരുവുമ്മേൽ, റവ. ഫാ. അനൂപ് കളിയാനിയിൽ, റവ. ഫാ. ജോണി മലയിൽ, റവ. ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ, റവ.ഫാ. ബിനു പൈനുങ്കൽ, സി. നവ്യ റോസ്, പ്രദീപ് മാസ്റ്റർ, ബാലൻ പുതൂർ, വത്സ, ബിജു ചുങ്കക്കുന്ന്, മുനിസിപ്പൽ കൗൺസിലർ സ്മിത ടീച്ചർ, സിസിലി മാത്യു എന്നിവർ സംസാരിച്ചു.

**സംരംഭകത്വ പരിശീലന പരിപാടി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള ലേബർ മൂവ്മെന്റ് എന്നിവ സംയുക്തമായി സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി)എന്നിവയുടെ സാമ്പത്തിക സഹായത്തോടെ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. കേരള ലേബർ മൂവ്മെന്റ് രൂപതാ പ്രസിഡ് ബിജു പൊയിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ ശ്രീ. വരുൺ പദ്ധതി വിശദീകരണം നടത്തി. ശിവ പ്രദീപ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കേരള ലേബർ മൂവ് മെന്റ് രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, കോ ഓർഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ എന്നിവർ സംസാ രിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതി നുള്ള വായ്പാ സൗകര്യവും സാങ്കേതിക സഹായവും നൽകു മെന്ന് കേരള ലേബർ മൂവ്മെന്റ് രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ അറിയിച്ചു.

**ചോർന്നൊലിക്കുന്ന കുടുംബങ്ങൾക്ക് കൈത്താങ്ങായി ഹാബിറ്റാറ്റും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും**

വയനാട്ടിൽ കാലവർഷം ശക്തി പ്രാപിച്ചു വരികയാണ്. അതോടൊപ്പം ദുരിതങ്ങളും. വയനാട്ടിലെ വിവിധ പ്രദേശങ്ങ ളിൽ നൂറുകണക്കിന് കുടുംബങ്ങൾ ആണ് ചോർന്നൊലിക്കുന്ന കുടിലുകളിലും ഭവനങ്ങളിലും കഴിയുന്നത്. ഇത്തരം കുടും

ബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഹാബിറ്റാറ് ഇന്റർനാഷണലുമായി സഹകരിച്ച് താൽക്കാലിക ഷെഡുകൾ നിർമ്മിക്കുന്നതിന് സഹായകരമാകുന്ന കിറ്റുകൾ വിതരണം ചെയ്തു. 02 ടാർപോളിൻ ഷീറ്റ്, തറയിൽ വിരിക്കുന്നതിനുള്ള പ്ലാസ്റ്റിക് ഷീറ്റ്, കയർ, കെട്ടുകമ്പി, ആണി, വാഷർ, ചുറ്റിക, പ്ലെയർ, തൂമ്പ തുടങ്ങി 09 വസ്തുക്കൾ അടങ്ങിയ 522 കിറ്റുകൾ ആണ് വിതരണം ചെയ്തത്.

വിതരണ ഉത്ഘാടനം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ചോയിമൂലയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എൽസി ജോയി നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഹാബിറ്റാറ് ഇന്റർനാഷണൽ സൗത്ത് റീജിയണൽ ഡയറക്ടർ ശ്രീ. ജോർജ് കുര്യൻ പദ്ധതി വിശദീകരണം നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, വാർഡ് മെമ്പർ ലൈജി തോമസ്, സ്റ്റാഫ് സെക്രട്ടറി ചിഞ്ചു മരിയ പീറ്റർ എന്നിവർ സംസാരിച്ചു.

ചോയിമൂല, കുറുമണി, എടപെട്ടി, കമ്മന, കല്ലോടി, താഴെയങ്ങാടി, കുറുക്കൻമൂല, ഗോദാവരി, പാത്രച്ചാൽ, എള്ളുമന്നം, തൃശ്ശിലേരി, പേരിയ, പോരൂർ, പുൽപ്പള്ളി, തവിഞ്ഞാൽ എന്നിവിടങ്ങളിൽ നടന്ന വിതരണത്തിന് ഹാബിറ്റാറ്റ് ഫിനാൻസ് മാനേജർ ചിന്നദുരൈ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ രവികുമാർ, പ്രോഗ്രാം കോ ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, ജാൻസി ജിജോ, കെവിൻ സുനിൽ, റീജിയണൽ കോ ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ലിജ കുര്യാക്കോസ്, ജിനി ഷിനു, സെന്റ് ഫിലോമിനാസ് കോളേജ് മൈസൂർ, ഡീ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് ആൻഡ് ടെക്നോളജി അങ്കമാലി എന്നീ കോളേജുകളിൽ നിന്നുമുള്ള സോഷ്യൽവർക്ക് വിദ്യാർത്ഥികളായ ആൻമേരി, ക്രിസ്റ്റീന, ട്രീസ സെബാസ്ററ്യൻ എന്നിവർ നേതൃത്വം നൽകി.

**ജനകീയ കർമ്മസേന രൂപീകരണവുമായി ബന്ധപ്പെട്ട 3 ദിവസത്തെ സംസ്ഥാനതല പരിശീലന ശിബിരം നടത്തി**

കാരിത്താസ് ഇന്ത്യയും, കേരളാ സോഷ്യൽ സർവീസ് ഫോറവും സംയുക്തമായി കാലാവസ്ഥാ മാറ്റം മൂലം കേരളത്തിൽ

ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച് മുന്നറിയിപ്പുകൾ നൽകുവാനും ഒരു ദുരന്തമുണ്ടായാൽ എങ്ങനെ ശാസ്ത്രീയമായി രക്ഷാപ്രവർത്തനങ്ങൾ, ദുരിതാശ്വാസ പുനഃരധിവാസ പദ്ധതികൾ എങ്ങനെ രൂപപെടുത്താം എന്ന വിഷയത്തിൽ ഊന്നി മൂന്ന് ദിവസത്തെ പരിശീലന ശിബിരം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) യിൽ നടത്തി. പരിശീലന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ബേബി നിർവ്വഹിച്ചു. ഇന്നത്തെ കാലഘട്ടത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയിലൂടെ സമൂഹങ്ങൾ നേരിടുന്ന വെല്ലുവിളികൾ കൂടിവരുന്ന സാഹചര്യത്തിൽ, ഒരുങ്ങിയിരിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട വസ്തുത എന്നും മുൻപ് നേരിട്ട പ്രകൃതി ദുരന്തങ്ങളും അനുഭവങ്ങളും ഓർമ്മിപ്പിച്ച്, അതിൽ നിന്ന് പാഠങ്ങൾ എടുത്തുകൊണ്ട് ഭാവിയിൽ കൂടുതലായും ശാസ്ത്രീയവും ദീർഘകാലപരവുമായ പ്രതിരോധ സംവിധാനങ്ങൾ രൂപപെടുത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പരിശീലന പരിപാടിയിലൂടെ സമൂഹതലത്തിൽ പ്രതിരോധശേഷിയും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാനുള്ള ശേഷിയും ഉയർത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്താനും, ജനകീയ കർമ്മസേന രൂപപ്പെടുത്തുവാനും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ രൂപീകരിക്കുവാനും അതിന് നേതൃത്വം നൽകുവാൻ സുസജ്ജമായ ഒരു ടീം രൂപീകരണവും ആണ് ഈ പരിശീലനം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത് എന്ന് മുഖ്യപരിശീലകനായ കാരിത്താസ് ഇന്ത്യ ലീഡ് മാനേജർ ഡോക്ടർ ജെയ്സൺ വർഗീസ് അഭിപ്രായപ്പെട്ടു. കേരളാ സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോ. വി.ആർ ഹരിദാസ്, സംസ്ഥാന കോർഡിനേറ്റർ അബീഷ് ആന്റണി, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, കേരളാ സോഷ്യൽ സർവീസ് ഫോറം പ്രോഗ്രാം മാനേജർ എബി ജോർജ് എന്നിവർ സംസാരിച്ചു. പരിശീലനത്തിന്റെ

ഭാഗമായി റേഡിയോ മാറ്റൊലി, ആദിമ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഫീൽഡ് സന്ദർശനങ്ങളും നടത്തി. പരിശീലനത്തിൽ കേരളത്തിലെ വിവിധ സോഷ്യൽ സർവീസ് സൊസൈറ്റികളിൽ നിന്നായി 35 പ്രതിനിധികൾ പങ്കെടുത്തു.

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇനി പൂർണ്ണമായും സോളാർ എനർജിയിൽ പ്രവർത്തിക്കും**

സാമൂഹ്യ വികസന പ്രവർത്തന മേഖലയിൽ 50 വർഷം പിന്നിട്ട വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അതിന്റെ പ്രവർത്തങ്ങൾ ഇനി മുതൽ പൂർണ്ണമായും സോളാർ എനർജിയെ ഉപയോഗപ്പെടുത്തി മുന്നോട്ട് പോകും. കാലാവസ്ഥാ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഏവരും ഇനി കൂടുതൽ ആശ്രയിക്കേണ്ടത് സോളാർ എനർജിപോലുള്ള ബദൽ ഊർജ്ജ സ്രോതസുകളെയാണ് എന്ന ലക്ഷ്യം മുൻനിറുത്തിയാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സോളാർ സംവിധാനം ക്യാമ്പസിൽ സ്ഥാപിച്ചത്. പദ്ധതിയുടെ സ്വിച്ച് ഓൺ കർമ്മം മാനന്തവാടി രൂപത അദ്ധ്യക്ഷനും വയനാട്സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റുമായമാർ. ജോസ് പൊരുന്നേടം നിർവ്വഹിച്ചു. റോട്ടൻബർഗ് രൂപതയുടെ സാമ്പത്തിക സഹായത്തോടെയും പാലക്കാട് ആസ്ഥാനമായ ഗ്രീൻടേൺ എനർജി എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയുമാണ് 30 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ശേഷി ഉള്ള സോളാർ സംവിധാനം സ്ഥാപിച്ചത്. ഇതിലൂടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഴുവൻ പ്രവർത്തങ്ങളും കാര്യക്ഷമമായി നടത്തുവാനും ബാക്കി ഉള്ള വൈദുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകുവാനും സാധിക്കും. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ**

കാരക്കാമല, മംഗലശ്ശേരി, മൊതക്കര, ചുങ്കക്കുന്ന്, ജൂഡ്സ് മൗണ്ട്, അരിഞ്ചേർമല, മഞ്ഞൂറ, പടമല, കമ്മന, കണിയാരം,

ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, നടവയൽ, പട്ടാണികൂപ്പ്, അമരക്കുനി, തവിഞ്ഞാൽ, കല്ലോടി, നിരവിൽപ്പുഴ, യവനാർകുളം എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ. ടോണി ഏലംകുന്നേൽ, SWS റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്റ്റുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ നിരവിൽപുഴ, വാറുമ്മൽക്കടവ്, അരണപ്പാറ, കല്ലിയോട്ട് എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

പടമല, ശശിമല എന്നീ സ്ഥലങ്ങളിൽ സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2025-2027 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ തുടരുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 04935 240314 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ഫാമിലി ഹെൽത്ത് കെയർ പ്രോഗ്രാം**

എല്ലാവർക്കും ഇൻഷൂറൻസ് പരിരക്ഷ എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കി വരുന്ന ഫാമിലി ഹെൽത്ത് കെയർ പ്രോഗ്രാമിൽ ഈ വർഷം 253 കുടുംബങ്ങളെ ചേർക്കാൻ സാധിച്ചു. ഇവരെ ഫോറോനാ തലത്തിൽ വിളിച്ച് ചേർത്ത് പോളിസി രേഖകൾ വിതരണം ചെയ്യുകയും പദ്ധതി തുടർച്ചയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

മാനന്തവാടി, പയ്യമ്പള്ളി, കല്ലോടി ഫൊറോനാതല മീറ്റിംഗ് WSSS ൽ വെച്ച് 11-8-2025 ന് നടന്നു. സ്റ്റാർ ഹെൽത്ത് മാനന്തവാടി ബ്രാഞ്ച് മാനേജർ ശ്രീ. ബൈജു പദ്ധതി വിശദീകരിച്ചു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ രേഖകൾ വിതരണം ചെയ്തു.

ഇതേ ദിവസം തന്നെ ചുങ്കക്കുന്ന് ഫോറോനയിലും യോഗം നടന്നു. കെ.എൽ.എം രൂപതാ പ്രസിഡന്റ് ബിജു പോൾ നേതൃത്വം നല്കി. സ്റ്റാർ ഹെൽത്ത് ഓഫീസർ ശ്രീ. ബൈജു ക്ലാസ്സ് നയിച്ചു. ഫൊറോനാ വികാരി ഫാ. പോൾ കൂട്ടാല യോഗം ഉദ്ഘാടനം ചെയ്യുകയും പോളിസി രേഖകൾ കൈമാറുകയും ചെയ്തു. ഫൊറോനാ കോഡിനേറ്റർ സൗമ്യ മലയിൽ നന്ദി പറഞ്ഞു.

ദ്വാരക ഫൊറോനയിലെ യോഗം കാരക്കാമല ഇടവകയിൽ വെച്ച് ഓഗസ്റ്റ് 15ന് നടന്നു. വികാരി. ഫാ. ജേക്കബ് പനക്കൽ O.Pream ഉദ്ഘാടനം ചെയ്തു. സ്റ്റാർ ഹെൽത്ത് സെയിൽസ് ഓഫീസർ ലിന്റോ പദ്ധതി വിശദീകരിച്ചു. രൂപതാ കോഡിനേറ്റർ മിനിമോൾ, രൂപതാ ടീം അംഗം ജോൺസൺ ചിറായിൽ, ഫൊറോനാ കോഡിനേറ്റർ തങ്കച്ചൻ പിലാപ്പള്ളി എന്നിവർ നേതൃത്വം നൽകി.

ബത്തേരി ഫൊറോനയിലെ യോഗം ഫൊറോനാ വികാരി ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്ത് രേഖകൾ കൈമാറി. രൂപതാ ഡയറക്ടർ പദ്ധതി വിശദീകരിച്ചു. ഫൊറോനാ കോഡിനേറ്റർ ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നല്കി.

നിലമ്പൂർ, മണിമൂളി റീജിയണിലെ അംഗങ്ങളുടെ രേഖകൾ റീജിയണൽ കോഡിനേറ്റർ ജോയി ചാച്ചിറ, ഫൊറോനാ കോഡിനേറ്റർ അനീഷ് മൂലയിൽ എന്നിവരുടെ നേതൃത്വത്തിൽ വിതരണം നടത്തി.

**ഗാർമെന്റ്സ് യൂണിറ്റ് രൂപീകരണം**

നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫോറോന ദേവാലയത്തിലെ വനിതകൾ KLM & ജീവസിന്റെ ആഭിമുഖ്യത്തിൽ ഇടവകയിൽ ഒരു തൊഴിൽ സംരംഭം ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കാൻ ചേർന്ന യോഗത്തിൽ വച്ച് ഒരു GARMENTS UNIT തുടങ്ങുവാൻ തിരുമാനിച്ചു. തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ 5 അംഗങ്ങളുടെ ഒരു കോർകമ്മറ്റി യോഗം തെരഞ്ഞെടുത്തു.

യോഗത്തിൽ ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ അദ്ധ്യക്ഷത വഹിച്ചു. റീജിണൽ കോ ഓർഡിറ്റേർ ജോയി ചാച്ചിറ വിഷയാവതരണം നടത്തി. സ്റ്റെല്ല പരുവനാടിയിൽ, വാസന്തി കാഞ്ഞിരംക്കോട്ടിളയിൽ, ഗ്രേസി പിണക്കാട്ട് എന്നിവർ പ്രസംഗിച്ചു.

**സംരംഭകത്വ സെമിനാർ**

എല്ലാവർക്കും തൊഴിൽ-എന്ന ലക്ഷ്യത്തിന്റെ ഭാഗമായി വിവിധ സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള 50 വനിതകൾക്കായി WSSSൽ വെച്ച് 14-8-25 ന് സിഡ്ബി (സ്മോൾ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക്) യുടെ സഹകരണത്തോടെ പരിശീലനം നല്കി. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകളും നല്കി. പരിശീലനം WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം രൂപതാ പ്രസിഡന്റ് ബിജു പോൾ അധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ തുടർ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ജീവസ് ട്രഷറർ പി. എ ജോസ് സ്വാഗതവും കെ.എൽ.എം കോഡിനേറ്റർ നന്ദിയും പറഞ്ഞു. കുടുംബശ്രീ ജില്ലാ മാർക്കറ്റിംഗ് മാനേജർ ശിവപ്രദീപ് പരിശീലനത്തിന് നേതൃത്വം നല്കി.

**മുതിർന്ന പൗരൻമാരുടെ സൗജന്യ ആരോഗ്യ ഇൻഷൂറൻസ് ക്യാമ്പ്**

പയ്യംപള്ളി സെന്റ് കാതറൈൻസ് ഇടവകയിൽ നടന്ന പാരീഷ് ക്യാമ്പിൽ വെച്ച് കേന്ദ്ര സർക്കാർ പദ്ധതിയായ ആയുഷ് ആരോഗ്യ ഇൻഷൂറൻസിൽ 70 വയസ്സു പൂർത്തിയായവരെ അംഗങ്ങളാക്കി. തയ്യൽ, ചെറുകിടതോട്ടം നിർമ്മാണം എന്നീ ക്ഷേമനിധികളിലേക്കും രജിസ്ട്രേഷൻ നടന്നു. ക്യാമ്പിൽ 93 പേർ സംബന്ധിച്ചു. ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ അധ്യക്ഷത വഹിച്ചു. ഇടവകാ കോഡിനേറ്റർ സജി ജോൺ സ്വാഗതവും രൂപതാ കോഡിനേറ്റർ മിനിമോൾ നന്ദിയും പറഞ്ഞു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**NDS അസി. ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചന് സ്വാഗതം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ അസി. ഡയറക്ടറായി നിയമിതനായ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചന് 29-07-2025 ചൊവ്വാഴ്ച്ച, ബത്തേരി ഫെറോന വികാരി ബഹു. തോമസ് മണക്കുന്നേലച്ചന്റെ സാന്നിധ്യത്തിൽ NDS ലേക്ക് ഹൃദ്യമായ വരവേൽപ്പ് നല്കി. രണ്ട് പേരെയും NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചൻ പൂക്കൾ നല്കി സ്വീകരിച്ചു. തുടർന്ന് അസി. ഡയറക്ടർ അച്ചന്റെ ഓഫീസിൽ ഇരുത്തുകയും ഫയലുകൾ ഏൽപ്പിക്കുകയും ചെയ്തു.

**പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

02-08-2025 ന് പാട്ടവയലിലും, 09-08-2025 ന് ബെക്കി, കുന്നലാടി പ്രദേശങ്ങളിലും, 11-08-2025 ന് കയ്യൂന്നിയിലും പാലിയേറ്റീവ് കെയറിനുവേണ്ടി പോയിരുന്നു. പാട്ടവയൽ പ്രദേശത്ത് 16 ഭവനങ്ങളും, ബെക്കി, കുന്നലാടി പ്രദേശങ്ങളിൽ 17 ഭവനങ്ങളും, കയ്യൂന്നിയിൽ 9 ഭവനങ്ങളും സന്ദർശിച്ച്, വേണ്ട ചികിത്സാസഹായങ്ങളും, പരിചരണവും നൽകി. ഭക്ഷണം കൊടുക്കുന്നതിനുവേണ്ടി മൂക്കിൽ ട്യൂബ് ഇട്ടു കൊടുത്തു. കാതറൈസേഷൻ, ബെഡ് ബാത്ത് എന്നിവയും ചെയ്തു കൊടുത്തു. വീട്ടിൽ രോഗികളെ പരിചരിക്കുന്നവരെ RT Feeding പഠിപ്പിച്ചു കൊടുത്തു ബിപി, ടെമ്പറേച്ചർ, ഓക്സിജൻ, സാച്ചുറേഷൻ, ഷുഗർ ഇവയെല്ലാം ടെസ്റ്റ് ചെയ്തു. ചില ഭവനങ്ങളിൽ മരുന്നും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തു. ചെറിയ ധനസഹായം ചില ഭവനങ്ങളിൽ നൽകി. സംഭാവനയായി ലഭിച്ച 1000 രൂപ മരുന്ന് വാങ്ങുന്നതിനായി ഒരു ഭവനത്തിൽ നൽകി. അതോടൊപ്പംതന്നെ ഒരു കുടുംബത്തിലെ മാതാവിന് ഡയാലിസിസ് ചെയ്യുവാനായി NDS കൽപ്ര യൂണിറ്റിൽ നിന്നും 5000 രൂപ നൽകുകയും NDS കൽപ്ര യൂണിറ്റ്

ഡയറക്ടർ ജോർജ്ജുകുട്ടി അച്ചനും, ആനിമേറ്റർ സിസ്റ്ററും, എക്സിക്യൂട്ടീവ് അംഗങ്ങളും അവരുടെ ഭവനം സന്ദർശിക്കുകയും ചെയ്തു.

**NDS അക്കൗണ്ട്സ് ഓഡിറ്റിംഗ്**

2024-25 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകളുടെ ഓഡിറ്റിംഗ് 07-08-2025 ന് ഓഡിറ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**ബോസ്പാറ യൂണിറ്റ്**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിങ്ങുകൾ നടത്തപ്പെട്ടു. മഴക്കാല രോഗങ്ങളെക്കുറിച്ച് ഗ്രൂപ്പുകളിൽ ക്ലാസുകൾ നടത്തപ്പെട്ടു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നട്ടു. പഞ്ചായത്തിന്റെ റോഡും പരിസരവും അംഗങ്ങൾ വൃത്തിയാക്കി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി യൂണിറ്റിലെ ഒരംഗം ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുകയും അത് വിൽക്കുകയും ചെയ്യുന്നു. NDS ബോസ്പാറ യൂണിറ്റിന്റെ ജൂൺ, ജൂലൈ മാസത്തെ ക്രെഡിറ്റ് യൂണിയന്റെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു.

**വിമലഗിരി യൂണിറ്റ്**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി മഴക്കാല രോഗങ്ങളെ കുറിച്ചുള്ള ക്ലാസ്സ് സംഘടിപ്പിക്കുകയും അംഗങ്ങൾ വീടും പരിസരവും വൃത്തിയാക്കുകയും ഫലവൃക്ഷത്തൈകൾ നടുകയും ചെയ്തു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. ദീപ്തി ഗ്രൂപ്പ് യൂണിറ്റിലെ പാവപ്പെട്ട ഒരു കുടുംബത്തിന് 1000 രൂപയുടെ വസ്ത്രങ്ങൾ വാങ്ങി നൽകി. പ്രതീക്ഷ ഗ്രൂപ്പ് റോഡിന്റെ ഇരുവശങ്ങളിലെയും കാട് വെട്ടി വൃത്തിയാക്കി. യൂണിറ്റ് നേതൃത്വത്തിൽ തയ്യാറാക്കിയ മുറിവെണ്ണയുടെ വില്പന കൃത്യമായി നടത്തിവരുന്നു.

**കൽപ്ര യൂണിറ്റ്**

കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. പരിസ്ഥിതി

ദിനാചരണത്തിന്റെ ഭാഗമായി പരിസര ശുചീകരണവും, മഴക്കാല രോഗങ്ങളെകുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സും നടത്തി. ബയോവിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഓർഗാനിക് കറി മസാല പൊടികളുടെ വിതരണം ഭംഗിയായി നടത്തിവരുന്നു. ഈ രണ്ടു മാസങ്ങളിലായി രണ്ട് ബിസിനസ് ലോണുകൾ യൂണിറ്റിൽ നിന്നും നൽകുവാൻ സാധിച്ചു. യൂണിയനിൽ പുതിയതായി അംഗങ്ങളെ ചേർക്കുകയും ചെയ്തു.

**ധർമ്മഗിരി യൂണിറ്റ്**

ധർമ്മഗിരി യൂണിറ്റിന്റെ കർമ്മസമിതി മീറ്റിംഗും ഇവാലുവേഷൻ മീറ്റിങ്ങും ഒരേ ദിവസം നടത്തപ്പെട്ടു. യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ചുമമരുന്ന്, വിഷ്ണുതൈലം, അജമാംസ രസായനം എന്നിവയുടെ വിപണനം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഇഞ്ചി മേടിച്ച് നടുകയും അത് പരിചരിക്കുകയും ചെയ്തുവരുന്നു. ഈ മാസം പാവപ്പെട്ട ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായമായി 5000 രൂപ നൽകി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഗ്രൂപ്പുകളിൽ സന്ദർശനം നടത്തുകയും കറി മസാല പൊടികളുടെ വിപണം നടത്തിവരികയും ചെയ്യുന്നു.

**കയ്യൂന്നി യൂണിറ്റ്**

കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഗ്രൂപ്പ് സന്ദർശനം നടത്തി. ഗ്രൂപ്പ് ഓഡിറ്റിങ്ങുകൾ നടത്തി. മഴക്കാല രോഗങ്ങളെകുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസ് ശ്രീ. നന്ദകുമാർ ഡോക്ടറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടു. റോഡിന്റെ ഇരുവശങ്ങളിലേയും കാട് വെട്ടിമാറ്റി. യൂണിറ്റിലെ പാവപ്പെട്ട ഒരു രോഗിയെ സന്ദർശിച്ച് സഹായം നൽകി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**ഉണർവ് 2025**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ പ്രവർത്തക സമിതി അംഗങ്ങൾക്കും, ഫൊറോന നേതാക്കന്മാർക്കും. വിവിധ സംഘടനകളിലെ മുൻകാല നേതാക്കന്മാർക്കുമായി *ഉണർവ് 2025* എന്ന പേരിൽ ഏകദിന ക്യാമ്പ് നടത്തി. നടവയൽ ലാസലെറ്റ് ആശ്രമത്തിൽ വച്ച് നടന്ന ക്യാമ്പ് നടവയൽ ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഗർവ്വാസീസ് മറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി. തുടർന്ന് 3 സെക്ഷനിലുകളിലായി ചർച്ചകൾ നടത്തി.

കത്തോലിക്കാ കോൺഗ്രസ് നേരിടുന്ന വെല്ലുവിളികൾ, സാമുദായിക വിഷയങ്ങൾ, രാഷ്ട്രീയ നിലപാടുകൾ, സാമുദായ സംഘടനാ ശാക്തീകരണം എന്നീ വിഷയങ്ങളിൽ ചർച്ച നടത്തി. മിഷൻലീഗ് മുൻ സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിനു മാങ്കൂട്ടം, കെ.സി.വൈ.എം മുൻ രൂപതാ പ്രസിഡണ്ടുമാരായ ശ്രീ. തോമസ് തറയിൽ, ശ്രീ. ബിജു അരീക്കാട്, ശ്രീ. അനീഷ് ഓമക്കര, വിൻസെൻറ് ഡിപ്പോൾ സൊസൈറ്റി മുൻ രൂപതാ പ്രസിഡൻ്റ് ജോർജ് ആക്കാന്തിരി എന്നിവരുടെ സാന്നിധ്യം ഏറെ പ്രോത്സാഹന ജനകമായിരുന്നു. രൂപതാ ട്രഷറർ സജി ഫിലിപ്പ് നന്ദി അർപ്പിച്ചു. രൂപതാ ഭാരവാഹികളായ തോമസ് പാഴൂക്കാല, തോമസ് പട്ടമന, സാജു പുലിക്കോട്ടിൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ, ഗ്ലാഡീസ് ചെറിയാൻ, മോളി മാമൂട്ടിൽ, റെജിമോൻ പുന്നോലിൽ, ജോൺസൺ കുറ്റിക്കാട്ടിൽ, ബീന കരിമാംകുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി. ക്യാമ്പിന് സൗകര്യം ഏർപ്പെടുത്തിയ ആശ്രമത്തിലെ വൈദികരോടും, ക്യാമ്പിന് ആതിഥേയത്വം നൽകിയ നടവയൽ ഫൊറോന സമിതിയോടും, നടവയൽ യൂണിറ്റ് ഭാരവാഹികളോടും നടവയൽ ഫൊറോന പ്രസിഡണ്ട് ശ്രീ. വിൻസെൻറ് ചേരവേലിൽ, യൂണിറ്റ് പ്രസിഡണ്ടും രൂപതാ

സെക്രട്ടറിയുമായ സജി ഇരട്ടമുണ്ടക്കൽ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**സന്യസ്തരെ ആക്രമിച്ചതിൽ പ്രതിഷേധം**

ഛത്തീസ്ഗഡിൽ നിർബന്ധിത മതപരിവർത്തനവും മനുഷ്യക്കടത്തും ആരോപിച്ച് കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തു ജയിലിലടച്ച സംഭവത്തിൽ, കത്തോലിക്ക കോൺഗ്രസ് ശക്തമായി പ്രതിഷേധിച്ചു. ഇടവക സമിതികളുടെയും മേഖലാസമിതികളുടെയും നേതൃത്വത്തിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തി. സന്യാസിനികളെ നിരുപാധികം വിട്ടയക്കണമെന്നും, കള്ളക്കേസുകൾ പിൻവലിക്കണമെന്നും രൂപതാ സമിതി ആവശ്യപ്പെട്ടു.

**കാർഷിക സെമിനാർ**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതയുടെയും യുണൈറ്റഡ് ഫാർമേഴ്സ് ആൻഡ് പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെയും നേതൃത്വത്തിൽ നടവയൽ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് അറിവ് കാർഷിക ജാഗ്രത സെമിനാർ നടത്തി. യു.എഫ്.പി.എ സെക്രട്ടറി ബേബി പെരുംകുളം സ്വാഗതം ആശംസിച്ചു. എമിസൺ തോമസ് അധ്യക്ഷത വഹിച്ചു. നടവയൽ ഫെറോനാ വികാരിയും ആർച്ച് പ്രീസ്റ്റുമായ റവ. ഫാ. ഗർവാസിസ് മറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ആശംസ അർപ്പിച്ചു. കത്തോലിക്ക കോൺഗ്രസ് രൂപതാ സെക്രട്ടറിയും യു.എഫ്.പി.എ ട്രഷററുമായ ജോസ് എം. എ നന്ദി പറഞ്ഞു. വിവിധ വിഷയങ്ങളിൽ അജീഷ് ആന്റണി. വിപിൻ പി. എൽ, പ്രേംകുമാർ ആർ, ഡാനിയൽ എബ്രഹാം, തുടങ്ങിയവർ ക്ലാസ്സ് നയിച്ചു

കത്തോലിക്ക കോൺഗ്രസിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, സജി ഇരട്ടമുണ്ടക്കൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ, ലൗലി ഇല്ലിക്കൽ, സാജു പുലിക്കോട്ടിൽ, വിൻസെന്റ് ചേരവേലിൽ എന്നിവർ നേതൃത്വം നൽകി.

**കർഷക വഞ്ചനാദിനം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാന പ്രകാരം ആഗസ്റ്റ് 16 കർഷക വഞ്ചനാ ദിനമായി രൂപത ആചരിച്ചു. കൽപ്പറ്റ കളക്ടറേറ്റിൽ കർഷക വഞ്ചനാദിന ധർണ്ണ നടത്തി. എസ്.ബി.ഐ പരിസരത്തുനിന്ന് പ്രതിഷേധ മാർച്ച് ആരംഭിച്ചു.

കലക്ടറേറ്റിനു മുമ്പിൽ കർഷകധർണ്ണ കത്തോലിക്ക കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ട്രഷറർ സജി ഫിലിപ്പ് സ്വാഗതം ആശംസിച്ചു. തോമസ് പഴുക്കാല, മോളി മാമ്മൂട്ടിൽ, സാജു പുലിക്കോട്ടിൽ, ജോൺസൺ കുറ്റിക്കാട്ടിൽ, സജി ഇരട്ടമുണ്ടക്കൽ, മാത്യു ചേമ്പാലാ, ചാൾസ് വടശ്ശേരി, ബെന്നി അരിഞ്ചേർമല, ജേക്കബ് ബത്തേരി, ബീന കരിമംകുന്നേൽ, സുനിൽ പാലമറ്റം എന്നിവർ നേതൃത്വം നൽകി.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കർഷക വിരുദ്ധ നയം തിരുത്തുക, കാർഷിക വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുക, കാർഷിക ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുക, പലിശ രഹിത കാർഷക വായ്പ്പകൾ അനുവദിക്കുക, കെ.സി.സി ബാങ്ക് വായ്പ്പ പരിധി മൂന്നു ലക്ഷത്തിൽ നിന്ന് 5 ലക്ഷം ആക്കിയത് ബാങ്കുകൾ വിതരണം ചെയ്യുക, പാലിന് 80 രൂപ വില നിശ്ചയിക്കുക, കാർഷിക സബ്സിഡികൾ പുനഃസ്ഥാപിക്കുക, രാസവള വിലവർദ്ധനവ് നിയന്ത്രിക്കുക, ഇഞ്ചി, വാഴ കർഷകർക്ക് സമാശ്വാസ ധനം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു.

**ഗ്ലോബൽ യൂത്ത് മീറ്റ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമതിയുടെ ആഭിമുഖ്യത്തിൽ യൂത്ത് കൗൺസിൽ നേതൃത്വത്തിൽ പാലക്കാട് യുവക്ഷേത്രയിൽ വെച്ച് നടന്ന യൂത്ത് ദിന കൺവെൻഷനിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് മൂന്ന് പേർ പങ്കെടുത്തു. യൂത്ത് കൺവെൻഷൻ ഒരു അനുഭവവും പ്രചോദനവും ആണെന്നും പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

**കൽപ്പറ്റ ഫൊറോന**

കത്തോലിക്കാ കോൺഗ്രസ് കൽപ്പറ്റ ഫൊറോന കൗൺസിലും ഫൊറോന ഡയറക്ടറായി നിയമിക്കപ്പെട്ട ബഹുമാനപ്പെട്ട ഷിജു ഐക്കരക്കാനായിൽ അച്ചന് സ്വീകരണവും കൽപ്പറ്റ ഡി പോൾ പള്ളിയിൽ വച്ച് നടന്നു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. ഛത്തീസ്ഗഡിൽ കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ യോഗം പ്രതിഷേധിച്ചു. ആഗസ്റ്റ് 16 ലെ കർഷക വഞ്ചനാദിന പരിപാടികൾ വിജയിപ്പിക്കാനും

എല്ലാ മാസവും ഓരോ ഇടവകയിൽ വെച്ച് യോഗം ചേരുവാൻ തീരുമാനിച്ചു.

ഫൊറോന വികാരി ഫാ. ജോണി പെരുമാട്ടിക്കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫൊറോന സെക്രട്ടറി ജോൺസൺ കുറ്റിക്കാട്ടിൽ ശ്രീമതി റാണി വർക്കി, ഷിബിൻ കാഞ്ഞിരത്തിങ്കൽ, ജിബോയ് വൈപ്പന, സിബി സാർ തുടങ്ങിയവർ നേതൃത്വം നൽകി.

**കല്ലോടി മേഖല**

കത്തോലിക്ക കോൺഗ്രസ് കല്ലോടി ഫൊറോന കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 17 ഞായറാഴ്ച നടന്നു. പ്രസിഡന്റ് കെ. ജെ. സേവ്യർ അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട് ഉദ്ഘാടനം ചെയ്തു. ഫാ. അമൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജോർജ് വാദ്യപള്ളി, സജി മാത്യു അറക്കൽ, തോമസ് മുകളേൽ, സെബാസ്റ്റ്യൻ ഇ.റ്റി. എന്നിവർ പ്രസംഗിച്ചു.

സെപ്റ്റംബർ 21ന് മുൻപ് കല്ലോടി ഫൊറോനയിലെ എല്ലാ ഇടവകകളിലും സെമിനാർ നടത്തി, യൂണിറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. എല്ലാ ഇടവകകളിലേക്കും ഫൊറോന ഭാരവാഹികളും രൂപതാ ഭാരവാഹിയും സന്ദർശനം നടത്തി, യൂണിറ്റ് രൂപീകരിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്യാൻ തീരുമാനിച്ചു. സെപ്റ്റംബർ 21ന് നടക്കുന്ന രൂപതാ വർക്ക്ഷോപ്പിൽ ഇടവക ഭാരവാഹികളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധ്യതയുള്ള കത്തോലിക്കരായ സ്ഥാനാർത്ഥികളെയും പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

**ബത്തേരി ഫൊറോന**

കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫൊറോന കൗൺസിൽ യോഗവും ആഗസ്റ്റ് 3 ഞായർ ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ നടന്നു. ഫൊറോനാ പ്രസിഡന്റ് ഡേവി മങ്കുഴ അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജോസ് മേച്ചേരിയിൽ ഉദ്ഘാടനം ചെയ്തു. ഛത്തീസ്ഗഡിൽ സന്യാസികളെ ഭീകരവാദികൾ ആയി ചിത്രീകരിച്ച് അറസ്റ്റ് ചെയ്ത് ജയിലിൽ അടക്കുകയും ചെയ്ത ഗവൺമെൻറ് നടപടിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. മതപരിവർത്തനം, മനുഷ്യക്കടുത്ത് എന്നീ ഗുരുതരമായ കള്ള കേസുകൾ ചുമത്തി കത്തോലിക്ക

സഭയുടെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ പരാജയപ്പെടുക തന്നെ ചെയ്യും എന്ന് യോഗം അഭിപ്രായപ്പെട്ടു. സെപ്റ്റംബർ 21ന് നടക്കുന്ന രൂപതാ വർക്ക്ഷോപ്പും, ഓഗസ്റ്റ് 16 ന് നടക്കുന്ന കർഷ വഞ്ചനാദിന കലക്ടറേറ്റ് മാർച്ചും വിജയിപ്പിക്കാൻ തീരുമാനിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഭാരവാഹികളായ സജി ഇരട്ട മുണ്ടക്കൽ, സാജു പുലിക്കോട്ടിൽ, തോമസ് പട്ടമന, മോളി മാമ്മൂട്ടിൽ, ഫൊറോനാ ഭാരവാഹികളായ ചാൾസ് വടാശ്ശേരി, ചെറിയാൻ ആലുങ്കൽ, ജോസ് വടക്കനാട്, ജേക്കബ് ബത്തേരി, രാജു മണക്കുന്നേൽ, ഫിലോമിന എന്നിവർ പ്രസംഗിച്ചു. എല്ലാ ഇടവകകളിലും സന്ദർശനം നടത്താനുള്ള തീരുമാനവും കൈക്കൊണ്ടു.

**ചുങ്കക്കുന്ന് ഫൊറോന**

ചുങ്കക്കുന്ന് ഫൊറോനയിലെ ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റുകൾ രൂപീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫൊറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻ പുര ചുങ്കക്കുന്നു ഫൊറോന വൈദിക സമ്മേളനത്തിൽ അറിയിച്ചതനുസരിച്ച് എല്ലാ ഇടവകകളിലും ആദ്യത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം സെമിനാർ നടത്തുവാനും അതിനോടനുബന്ധിച്ച് യൂണിറ്റുകൾ രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുക്കുവാനും നിർദ്ദേശമുണ്ടായി. ചുങ്കക്കുന്ന് ഫൊറോന കത്തോലിക്ക കോൺഗ്രസിനെ ശക്തമാക്കുവാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ഡയറക്ടർ ടോമി പുത്തൻപുരയ്ക്കൽ അച്ചനെയും ഫൊറോന വികാരി പോൾ കൂട്ടാല അച്ചനെയും മറ്റു വൈദികരെയും നന്ദിപൂർവ്വം ഓർക്കുന്നു.

**പാൽച്ചുരം**

പാൽചുരം ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് രൂപീകരിച്ചു. ഗ്ലോബൽ വർക്കിംഗ് കമ്മറ്റി അംഗം അഡ്വ. ഗ്ലാഡീസ് ചെറിയാൻ, രൂപതാ സെക്രട്ടറി തോമസ് പട്ടമന എന്നിവർ സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. ബഹു വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു.

**അമ്പായത്തോട്**

ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഉദ്ഘാടനം ചെയ്തു. ശ്രീ. ജേക്കബ്

ബത്തേരി സെമിനാർ, തെരഞ്ഞെടുപ്പ് എന്നിവക്ക് നേതൃത്വം നൽകി.

**ചുങ്കക്കുന്ന്**

ചുങ്കക്കുന്ന് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് ഇടവക വികാരി ഉദ്ഘാടനം ചെയ്തു. സെമിനാറിനും ഭാരവാഹി തെരഞ്ഞെടുപ്പിനും രൂപതാ ജനറൽ സെകട്ടറി സെബാസ്റ്റ്യൻ പുരക്കൽ നേതൃത്വം നൽകി.

**നെല്ലിയോടി**

ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഉദ്ഘാടനം ചെയ്തു. രൂപതാ ട്രഷറർ സജി ഫിലിപ്പ്, സിബി സാർ എന്നിവർ സെമിനാറിനും ഭാരവാഹി തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി.

**ശാന്തിഗിരി**

ശാന്തിഗിരി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഉദ്ഘാടനം നിർവഹിച്ചു. രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ജിൽസ് മേക്കൽ സെമിനാറിനും ഭാരവാഹി തിരഞ്ഞെടുപ്പിനും നേതൃത്വം നൽകി.

**തോമാട്ടുചാൽ**

തോമാട്ടുചാൽ ഇടവക കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇടവകയിൽ മതബോധനത്തിനും വിദ്യാലയത്തിലും 10, 12 ക്ലാസ്സിൽ നിന്ന് വിജയിച്ചവരെയും ആദരിച്ചു. വികാരി ഫാ. വിൻസെന്റ് കളപ്പുര എല്ലാവർക്കും മെമന്റോ നൽകി. യൂണിറ്റ് പ്രസിഡന്റ് തോമസ് ചേലക്കൽ നേതൃത്വം നൽകി. ഛത്തീസ്ഗഡിൽ കന്യാസ്ത്രീകളെ കള്ളക്കേസിൽ കുടുക്കി ജയിലിൽ അടച്ച ഗവൺമെൻറ് നടപടിയിൽ പ്രതിഷേധിച്ച് പന്തംകൊളുത്തി പ്രകടനം നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തിങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഇടവക വികാരി ഫാ. വിൻസെന്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. കൈക്കാരന്മാർ, വിവിധ സംഘടനാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഒറ്റപ്ലാവ്**

ഒറ്റപ്ലാവ് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഉദ്ഘാടനം ചെയ്തു. ശ്രീ. ബിനു

മാങ്കൂട്ടം, രൂപതാ വൈസ് പ്രസിഡണ്ട് സാജു പുലിക്കോട്ടിൽ എന്നിവർ ക്ലാസിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി.

**വെള്ളൂന്നി**

വെള്ളൂന്നി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി.

**റിപ്പൺ**

ഛത്തീസ്ഗഢിൽ സന്യസ്തരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്ത് ജയിലിലടച്ച സംഭവത്തിൽ റിപ്പൺ ഇടവക പ്രതിഷേധിച്ചു. തിനപുരത്തേക്ക് പന്തംകൊളുത്തി പ്രകടനം നടത്തി. തിനപുരത്ത് നടന്ന പ്രതിഷേധയോഗം രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരിയും കത്തോലിക്ക കോൺഗ്രസ് കൽപ്പറ്റ മേഖലാ ഡയറക്ടറുമായ ഫാ. ഷിജു ഐക്കരക്കാനായിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ സെക്രട്ടി ജോൺസൺ കുറ്റിക്കാട്ടിൽ, യൂണിറ്റ് പ്രസിഡൻറ് ബിനോയി കുറ്റിക്കാട്ടിൽ, സെക്രട്ടറി ഷാജി റാത്തപള്ളി, ബാബു പാറക്കൽ, റ്റിബിൻ പാറക്കൽ, മാത്യു തുറുവേലിക്കകത്ത്, സി. ജോസഫിൻ, നീത പള്ളിയങ്കൽ എന്നിവർ പ്രസംഗിച്ചു.

**നടവയൽ**

ഛത്തീസ്ഗഢിൽ സത്യസ്തരെ കള്ളക്കേസിൽ കുടുക്കി ജയിലടച്ചതിൽ പ്രതിഷേധിച്ച് നടവയൽ ഇടവക പ്രതിഷേധിച്ചു. ആർച്ച് പ്രീസ്റ്റ് ഫാ. ഗർവ്വാസീസ് മറ്റം ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് നേതാക്കളായ സജി ഇരട്ടമുണ്ടക്കൽ, വിൻസെന്റ് ചേരവേലിൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ ഇടവക കൈക്കാരന്മാർ, വിവിധ സംഘടനാ നേതാക്കൾ പ്രസംഗിച്ചു.

**മൂലങ്കാവ്**

സന്യസ്തരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തതിൽ മൂലങ്കാവ് ഇടവക കത്തോലിക്കാ കോൺഗ്രസ് പ്രതിഷേധം സംഘടിപ്പിച്ചു. ഫാ. ജെയ്സൺ കുഴികണ്ടം ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി തോമസ് പട്ടമന മുഖ്യസന്ദേശം നൽകി. ഡേവി മങ്കുഴ, മോളി മാമൂട്ടിൽ, സ്റ്റീഫൻ എന്നിവർ നേതൃത്വം നൽകി.

**ബത്തേരി**

ബത്തേരി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സന്യസ്തരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചു. ഫൊറോന വികാരി തോമസ് മണക്കുന്നേലച്ചന്റെ അധ്യക്ഷതയിൽ ശ്രീ. ജേക്കബ് ബത്തേരി മുഖ്യസന്ദേശം നൽകി. സാജു പുലിക്കോട്ടിൽ, ചാൾസ് വടാശേരി, ലൂക്കോച്ചൻ എന്നിവർ നേതൃത്വം നൽകി.

**മരകാവ്**

കത്തോലിക്കാ കോൺഗ്രസ് മരകാവ് യൂണിറ്റിന്റെ നേതൃത്വത്തിൽ സന്യാസിനികളെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചു ഇടവക വികാരി ഫാ. ജോസ് കളപ്പുര ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**തവിഞ്ഞാൽ**

കത്തോലിക്കാ കോൺഗ്രസ് തവിഞ്ഞാൽ ഇടവക യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരിയും കത്തോലിക്കാ കോൺഗ്രസ് ഫൊറോന ഡയറക്ടറുമായ ഫാ. ജെയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഭാരവാഹികളെ തെരഞ്ഞെടുത്തു. ഛത്തീസ് ഗഡിൽ സന്യാസിനിമാരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചു.

**കത്തീഡ്രൽ**

മാനന്തവാടി കത്തീഡ്രൽ ഇടവകയുടെ നേതൃത്വത്തിൽ ഛത്തീസ്ഗഡിൽ കള്ളക്കേസിൽ കുടുക്കി കന്യസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ കത്തീഡ്രൽ ഇടവക കത്തോലിക്ക കോൺഗ്രസ് പ്രതിഷേധിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ, വിവിധ സംഘടനകളുടെ സഹകരണത്തോടെ പ്രതിഷേധ സംഗമം നടത്തി. കത്തീഡ്രൽ വികാരി സോണിയച്ചൻ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡൻറ് റോബി സാർ, കത്തോലിക്ക കോൺഗ്രസ് നേതാക്കൾ, ഇടവക കൈകാരന്മാർ, സംഘടന നേതാക്കൾ എന്നിവർ പ്രസംഗിച്ചു.

**കൽപ്പറ്റ**

കൽപ്പറ്റ സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഛത്തീസ്ഗഡിൽ മനുഷ്യക്കടത്തും മതപരിവർത്തനവും ചുമത്തി ജയിലിൽ അടച്ച സന്യസ്തർക്ക്

നീതി ഉറപ്പാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കൽപ്പറ്റ ടൗണിലൂടെ പന്തംകൊളുത്തി പ്രകടനം നടത്തി. കൽപ്പറ്റ ഫൊറോന വികാരി ഫാ. ജോണി പെരുമാട്ടികുന്നേൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കത്തോലിക്ക കോൺഗ്രസ് ട്രഷറർ സജി ഫിലിപ്പ് അധ്യക്ഷത വഹിച്ചു. AKCC മേഖലാ ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ, ഫാ. തോമസ് ജോസഫ് തേരകം, ഫാ. കിരൺ, ഫാ. അനീഷ്, സി. സിസി ജോർജ്, സി. അൻസിറ്റ, സിബി ഒഴുകയിൽ, രാജൻ ബാബു പാലമൂട്ടിൽ, ഷിബിൻ കാഞ്ഞിരത്തിങ്കൽ, ഡിന്റോ ജോസ്, റാണി വർഗീസ്, ജോണി പാറ്റാനി, വർഗീസ് സി ഐ, ജിബോയ് വൈപ്പന, സജി പള്ളിപ്പാട്ട്, ജെയിംസ് മേലെ പള്ളി, സജി വയലിൽ, ലൂക്കാ ഉറവിൽ എന്നിവർ പ്രസംഗിച്ചു.

**ടീം ട്രെയിനിങ്**

കത്തോലിക്കാ കോൺഗ്രസ് വിവിധ ഇടവകകളിലും ഫൊറോനകളിലും സെമിനാർ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് വേണ്ടി ഒരു ടീം ട്രെയിനിങ് ഓഗസ്റ്റ് 24 ഞായറാഴ്ച ദ്വാരകയിൽ വെച്ച് നടക്കുന്നു.

**ലീഡേഴ്സ് വർക്ക് ഷോപ്പ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ 2025 സെപ്റ്റംബർ 21ന് ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ഇടവകയിലെ കത്തോലിക്ക കോൺഗ്രസ് ഭാരവാഹികൾക്കും, ഫൊറോനാ ഭാരവാഹികൾക്കും, രൂപതാ ഭാരവാഹികൾക്കുമായി വർഷോപ്പ് സംഘടിപ്പിക്കുന്നു. അടുത്തു വരുന്നതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധ്യതയുള്ള കത്തോലിക്കരായ വ്യക്തികളെയും ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതാണ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്, കത്തോലിക്കാ കോൺഗ്രസ്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**ഇന്റേർണൽ ഇൻസ്പെക്ഷൻ**

ജൈവകൃഷി സാക്ഷ്യപത്ര പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ കർഷകൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി വർഷത്തിൽ രണ്ടു തവണ സംഘടിപ്പിക്കാറുള്ള ഇന്റേർണൽ ഇൻസ്പെക്ഷൻ 9100 കൃഷിയിടങ്ങളിൽ പൂർത്തീകരിച്ചു. ഫീൽഡ് കോർഡിനേറ്റർമാർ, ICS കോർഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

തിരുനെല്ലി, തവിഞ്ഞാൽ, മുട്ടിൽ, തൊണ്ടർനാട്, വെള്ളമുണ്ട എന്നിവിടങ്ങളിലായി 06 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ

ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം.

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായപൊടികളും ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ അൻപതാമത് സ്റ്റാൾ പ്രവർത്തനമാരംഭിച്ചു**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്‌വി ബസാർ അൻപതാമത് സ്റ്റാൾ ഉത്ഘാടനവും വിപണനവും നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോനാ ചർച്ചിൽ നടന്നു.

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിന്

തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്തുതല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.
Mr. ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in)

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും ജൂലൈ മാസം 178789 കിലോ കാപ്പി 195 രൂപ നിരക്കിലും 7388.7 കിലോ കുരുമുളക് 715 രൂപ നിരക്കിലും, 34.5 കിലോ ജാതിപത്രി 2100 രൂപ നിരക്കിലും 34.5 കിലോ ഗ്രാമ്പൂ 950 രൂപ നിരക്കിലും സംഭരിച്ചു.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ത്രിവർണം**

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി റേഡിയോ മാറ്റൊലിയിൽ ത്രിവർണം ക്വിസ് മത്സരം സംഘടിപ്പിച്ചു. ഓഗസ്റ്റ് 1 മുതൽ 15 വരെ നടത്തിയ മത്സരത്തിൽ ഇന്ത്യയിലെ പ്രമുഖരായ നേതാക്കളുടെ ശബ്ദശകലങ്ങൾ ഉൾപ്പെടുത്തിയുള്ള മത്സരത്തിൽ ഓരോ ദിവസവും ശരിയുത്തരം അയച്ചവരിൽ നിന്നും നറുക്കെടുപ്പിലൂടെയാണ് വിജയികളെ കണ്ടെത്തിയത്. വിജയികൾക്ക് മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് ബത്തേരി, സിതാര യൂണിഫോംസ് മാനന്തവാടി, നിലാവ് റെഡിമെയ്ഡ്സ് ദ്വാരക എന്നിവർ നൽകിയ സമ്മാനങ്ങൾ വിതരണം ചെയ്തു.

**നാരോകാസ്റ്റ് - പായോട് സായാഹ്ന സ്വാശ്രയ സംഘം**

Transforming MENtalities – Engaging men and boys through Community Radio എന്ന പ്രൊജക്ടിന്റെ ഭാഗമായി ഓഗസ്റ്റ് 06-ന് പാലയാണ ലൈബ്രററിയിൽ നാരോകാസ്റ്റ് നടത്തി. ഫാ.ടോണി, സിന്ധു ജസ്റ്റിൻ, പ്രജിഷ രാജേഷ്, റെനീഷ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

**സന്ദർശനം**

കൂളിവയൽ, കാപ്പുംചാൽ ഡബ്ല്യൂ എം. ഓ കോളേജിലെ അധ്യാപകർ ക്യാംപസ് റേഡിയോയുടെ പ്രവർത്തനങ്ങളേക്കുറിച്ചും നടത്തിപ്പിനേക്കുറിച്ചും പഠിക്കുന്നതിനു ഓഗസ്റ്റ് 07-ന് വന്നു. തമിഴ്നാട് റേഡിയോ കോത്തഗിരിയിൽ നിന്നും കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനങ്ങളേക്കുറിച്ച് പഠിക്കുന്നതിന് ഓഗസ്റ്റ് 07 ന് ടീമംഗങ്ങൾ വന്നു.

**തത്സമയ ഫോൺ ഇൻ പരിപാടി**

പ്രൊബേഷൻ ഓഫീസിന്റെ സേവനങ്ങളും പദ്ധതികളും എന്ന വിഷയത്തിൽ ഓഗസ്റ്റ് 07 -ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ പ്രൊബേഷൻ ഓഫീസർ സന്തോഷ് ജി ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ഇന്റേൺഷിപ്പ്**

അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജ് ബി.എ മാസ്

കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിദ്യാർത്ഥിനിയായ ആതിര കെ.എം. ഒരുമാസത്തെ ഇന്റേൺഷിപ്പിനായി ഓഗസ്റ്റ് ഒന്നിന് ജോയിൻ ചെയ്തു.

**വോളിയർ**

ജൂലായ് 21 ന് തോണിച്ചാൽ സ്വദേശി ആനി ഗോൾഡ പി. കുരുവിള വോളണ്ടിയർ ആയി ജോയിൻ ചെയ്തു.

**കർക്കിടകം-രാമായണ മാസാചരണം**

രാമായണ മാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ജൂലായ് 17 മുതൽ ഒരുമാസത്തെ രാമായണ പരായണം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

## Graduation Ceremony

The Graduation Ceremony for the UG and PG Batch of 2024–25, along with Ph.D. awardees, was organized on 31st July 2025. Prof. (Dr.) Anil K. S., Hon'ble Vice Chancellor, KVASU Wayanad, was the Chief Guest.

## Ph.D. in Computer Science

Dr. Jisha T E, Associate Professor, PG and Research department of Computer Science has been awarded a PhD in Computer science from Kannur University on the topic *Contrast enhanced size invariant visual cryptography schemes* under the guidance of Prof. Thomas Monoth.

## Departments / Clubs Activities

- The Department of Zoology celebrated World Snake Day on 16 July 2025.
- The Department of Zoology celebrated Sir Gregor Johann Mendel Commemoration Day on 21 July 2025.
- The Women's Welfare Committee, Gender Justice Committee, and Internal Complaints Committee, in association with the Wayanad Police, organized *"Empowering Women through Self-Defense Training"* on 21 July 2025.
- The Department of Mathematics organized *"Pi Hunt"* as part of Pi Approximation Day celebrations on 21 July 2025.
- The NSS organized a Moon landing game as part of Moon Day on 21 July 2025.
- The Career Guidance and Placement Cell, in association with the District Employment Exchange, Wayanad, organized *Career*

*Meet – An Interactive Session on Civil Service Orientation* on 23 July 2025.

- The Department of English organized *"In Memoriam – Commemorating Writers Born in July"* on 25 July 2025.
- The Student Service Centre, in association with the Jeevani Centre for Wellness, organized an Expert Talk on Internet Addiction on 25 July 2025.
- The NCC, in connection with Kargil Vijay Diwas, organized a Film Show in association with the Film Club on 25 July 2025.
- The Department of Mathematics organized *"Ganitham"* – a District-Level Math Quiz and Vedic Mathematics Enrichment Session for second-year higher secondary students of Wayanad district on 26 July 2025.
- The Department of Zoology, Department of Social Science (Economics), and Bhoomitrasena Club jointly celebrated International Tiger Day on 29 July 2025.
- The Department of English organized an Invited Lecture on Research Methodology on 30 July 2025.
- The Department of Tourism, Government of Kerala, and the Tourism Club organized a Destination Camp on 31 July and 1 August 2025.
- IQAC organized *Dheeksharambh-2025*, an induction programme for first-year students, on 1–2 August 2025. A Mental Health Awareness Programme was also conducted in association with the Jeevani Centre for Well-being.
- The Department of Computer Science organized *"Decode Tomorrow"* on 1 August 2025.
- The Hindi Department organized a Premchand Day Quiz Competition on 1 August 2025.
- The Department of English, in association with the Literary Club, celebrated Friendship Day on 4 August 2025.
- IQAC organized a Skill Development Workshop for student IQAC members on 5 August 2025.
- The Department of Social Science (Economics) organized a

Sadako Bird-Making Workshop in memory of Hiroshima Day on 6 August 2025.

- The Department of Chemistry organized a Hiroshima Day Remembrance on 6 August 2025.
- The NCC organized a Sadako Bird-Making Competition on 6 August 2025.
- The Department of Physics celebrated the Moon Landing of India – Chandrayaan-3 on 7 August 2025.
- The Department of Computer Science organized a UGC NET Orientation Class on 7 August 2025.
- The Malayalam Department conducted a Poster Making Competition in memory of Hiroshima-Nagasaki Day on 8 August 2025.
- Anti-Ragging Committee of the college in association with District Legal Service Authority, Kalpetta, Wayanad and the Taluk Legal Services Committee, Mananthavady, organized an Anti-Ragging Awareness Programme on 11 August 2025.
- The Department of Zoology celebrated World Elephant Day in association with Bhoomithra sena and Social Forestry on 12 August 2025.
- The Department of Mathematics and the Career Guidance and Placement Cell, in association with IISER, Bangalore, organized a JAM/GATE 2026 Outreach Programme on 12 August 2025.
- The Music Club celebrated International Youth Day with a music programme of the students on 12 August 2025.
- The College Union organized a music programme for first years on 13, August, 2025.
- The Electoral Literacy club of our college organized a seminar on “Campus Votes Matters “ on August 14, 2025. Sri. Athul Sagar IAS, Sub collector, Mananthavdy inaugurated the seminar.
- Department of History in association with Film Club organized

a Documentary Screening as a part of the independence day celebration.

- NCC in association with Wayanad wildlife division, Tholpetty range organized a trekking and seed ball broadcasting on August 15, 2025.

**Faculty Achievements**

- Sapna P is awarded Ph D in Physics from Kannur University under the supervision of Dr. Sijo A K, Department of Physics.
- Sr. Elizabeth M J, Assistant Professor, Department of Computer Science has been awarded a Ph.D. in Computer Science..
- Dr. Eldho K J Served as a Resource Person for the AICTE and ATAL-sponsored Faculty Development Programme (FDP) on 'Integrating AI into Academia,' organized by Christ College (Autonomous), Irinjalakuda, and delivered a session on 'AI for Academic Research and Data Analysis' on 23.07.2025.
- Dr.Eldho K J and Ms.Anjali T presented a paper titled "Neural networks beneath the waves: A review of Machine Learning in SST Forecasting" at the international conference on Modern sustainable systems CMSS 2025 organized by RVS College of Engineering and technology, Coimbatore and Universiti Teknologi MARA, Malaysia.

**Student/Alumni Achievements**

- Ms. Ansila P of BSc Mathematics 2018-21 Batch qualified UGC – NET in Economics
- Mr. Amal K Francis and Mr. Anandakishore M secured admission to MSc Tech Photonics at DIAT through JAM 2025.
- Ms. Nusfath Jabeen of MSc Computer Science 2022-24 qualified UGC NET in Computer Science.
- Ms. Viola Vijayan of MSc Computer Science 2023-25 qualified for admission to PhD.
- Mr. Vijinlal of II BA Social Science Economics was selected as the best volunteer of tourism destination camp.

- Athira K A (2016-19 Physics) and Anamika ramachanran (2019-22 Physics) secured 20th and 38th rank in LDC Wayanad examination.
- Bhagya Surya PS (Physics alumni) placed as Medical Physicist at Kasturba Medical College, Manipal.
- OU Najiya Nasrin and CDT Devanandha Sivadas are selected for RDC PRE IGC -1
- Winners at Wayanad district Athletic meet

  * Shikha Shinoj secured third place in both Discus Throw and Hammer Throw.

  * Aaryasree K S. won first place in Long Jump and third place in the 100m Running event.

  * Vijinlal achieved third place in the 5000m Running

  * Revathi C. T. secured second place in the Hammer Throw (Under-20 category) and first place in the Open Category Hammer Throw.

**Dr. Geetha Antony Pullen**
Principal in charge

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം വന്ന റിസൾട്ടുകളിൽ ഫെഡാർ ലാങ്ഗ്വേജ് സ്കൂളുകളിൽ പഠിച്ച 7 കുട്ടികൾ B2 പാസ് ആയി. ജർമ്മനിയിലെ ഓഗ്സ്ബർഗ് രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കണ്ടേത്ത് അച്ചൻ ഫെഡാർ ജയമാത ക്യാംപസ് സന്ദർശിക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു. ഫെഡാർ ലാങ്ഗ്വേജ് സ്കൂളിലേക്കുള്ള ഈ വർഷത്തെ പത്താമത് ബാച്ച് ഒക്ടോബർ മാസം ആരംഭിക്കും. അഡ്മിഷന് ഈ നമ്പറിൽ 9946050857 (ഫാ. ജിഫിൻ മുട്ടപ്പള്ളിൽ) ബന്ധപ്പെടുക.

**ഫെഡാർ കണക്ട്**

ഫെഡാർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന MedPro 2025 ന്റെ ആദ്യ ബാച്ചിലെ കുട്ടികളുടെ ട്രെയ്നിങ് ആഗസ്റ്റ് 6 മുതൽ 16 വരെ നടത്തപ്പെട്ടു.

കർണാടക എൻട്രൻസ് എക്സാം എഴുതാത്തവർക്ക് B.Sc നഴ്സിംഗിന് കർണാടകയിൽ അഡ്മിഷന് അവസരമുണ്ട്. കർണാടക എക്സാം അഥോറിറ്റി നിശ്ചയിച്ച ഫീസ് സ്ട്രക്ചറിൽ തന്നെയാണ് അഡ്മിഷൻ നടക്കുന്നത്. പരിമിതമായ സീറ്റുകളാണുള്ളത്. അഡ്മിഷന് താത്പര്യമുള്ളവർ 8848944998 എന്ന നമ്പറിൽ കോണ്ടാക്ട് ചെയ്യേണ്ടതാണ്.

**TECLESIA**

ഓഗസ്റ്റ് മാസം 14-ാം തീയതി മുള്ളൻകൊല്ലി ഫൊറോനയിലുള്ള ബഹുമാനപ്പെട്ട വൈദികർക്കും, TECLESIA- പ്ലാറ്റ്ഫോം ഇൻചാർജ് ഉള്ള അൽമായർക്കും TECLESIA പ്ലാറ്റ്ഫോമിന്റെ പരിശീലനവും സംശയ ദുരീകരണവും നടത്തി. 14-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സെഷനോടുകൂടി ആരംഭിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം 2.00 മണിയോടുകൂടി ട്രെയിനിങ് അവസാനിച്ചു.

ഇടവകകളിൽ ഡേറ്റാ അപ്ഡേറ്റ് ചെയ്യുവാൻ, ഡേറ്റ എൻട്രി ചെയ്യുന്നവർ ലഭ്യമാണ്. അതിനായി ലൂയിസ് തുരുത്തിയിൽ അച്ചനെ (8289862550) കോൺടാക്ട് ചെയ്യുക.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

## സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടി

**നാഷണൽ ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു**

01-07-2025 ന് ഹോസ്പിറ്റലിൽ ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു. ഡോക്ടേഴ്സിന്റെ സ്തുത്യർഹ സേവനത്തെ മാനിച്ചുകൊണ്ട് ഹോസ്പിറ്റലിലെ എല്ലാ ഡോക്ടേഴ്സിനും ആശംസാ കാർഡുകളും ഗിഫ്റ്റും നൽകി. അതോടൊപ്പം മെന്റലിസ്റ്റ് ജിതിൻ സണ്ണി മെന്റലിസം പരിപാടികൾ അവതരിപ്പിച്ച് ഡോക്ടേഴ്സ് ഡേ പരിപാടി മനോഹരമാക്കി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും കള്ളംവെട്ടി സ്വാശ്രയ സംഘവും സംയുക്തമായി 06-07-2025 ന് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ജനറൽ മെഡിസിൻ, പൾമനോളജി, ഒഫ്ത്താൽമോളജി, തൈറോയ്ഡ് ടെസ്റ്റ്, BMD ടെസ്റ്റ്, PFT ടെസ്റ്റ്, വൈറ്റൽസ് ചെക്കിങ് എന്നീ സേവനങ്ങൾ ലഭ്യമാക്കിയ ക്യാമ്പിൽ 117 പേർ പങ്കെടുത്തു.

**മൺസൂൺ മെഡ്കോൺ മെഗാ CME സംഘടിപ്പിച്ചു**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മൺസൂൺ മെഡ്കോൺ എന്ന ഡോക്ടേഴ്സിന്റെ മെഗാ CME സംഘടിപ്പിച്ചു. ജില്ലക്കകത്തു നിന്നും പുറത്തു നിന്നുമായി 100 ൽ അധികം ഡോക്ടേഴ്സ് പങ്കെടുത്ത പരിപാടി മാനന്തവാടി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. മിനി എസ്. എസ്. ഉദ്ഘാടനം ചെയ്തു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങൾക്കുമായി നടത്തപ്പെട്ട ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങളിൽ എൽ. പി. വിഭാഗത്തിൽ കണിയാരം എ. എൽ. പി. സ്കൂൾ ഒന്നാം സ്ഥാനവും ആടിക്കൊല്ലി ദേവമാതാ എൽ. പി. സ്കൂൾ രണ്ടാം സ്ഥാനവും കൊളവയൽ സെന്റ് ജോർജ് എൽ. പി. സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. യു. പി വിഭാഗത്തിൽ സെന്റ് ജോസഫ്സ് യു.പി കല്ലോടി, സെന്റ് തോമസ് യു. പി. മുള്ളൻകൊല്ലി, അസംപ്ഷൻ യു. പി. ബത്തേരി എന്നീ വിദ്യാലയങ്ങൾ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി. ഹൈസ്കൂൾ വിഭാഗത്തിൽ നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ ഒന്നാം സ്ഥാനവും അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്കൂൾ രണ്ടാം സ്ഥാനവും മണിമൂളി സി. കെ. എച്ച്. എസ്. മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹയർ സെക്കണ്ടറി വിഭാഗത്തിൽ കല്ലോടി സെന്റ് ജോസഫ്സ്, കൊട്ടിയൂർ ഐ. ജെ. എം, കണിയാരം ഫാ. ജി. കെ. എം എന്നീ വിദ്യാലയങ്ങൾ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി.

ഫ്ളാഷ് മോബ് മത്സരത്തിൽ യു. പി വിഭാഗത്തിൽ മുള്ളൻകൊല്ലി സെന്റ് തോമസ് യു. പി. സ്കൂൾ ഒന്നാം സ്ഥാനവും തരിയോട് സെന്റ് മേരീസ് യു. പി. സ്കൂൾ രണ്ടാം സ്ഥാനവും ദ്വാരക എ. യു. പി. സ്കൂൾ മൂന്നാം സ്ഥാനവും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾക്ക് നടവയൽ സെന്റ് തോമസ്, മണിമൂളി സി.കെ.എച്ച്.എസ്., അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് എന്നീ വിദ്യാലയങ്ങൾ അർഹരായി. ഹയർസെക്കണ്ടറി വിഭാഗത്തിൽ കൊട്ടിയൂർ ഐ. ജെ. എം ഒന്നാം സ്ഥാനവും കണിയാരം ഫാ. ജി. കെ. എം. രണ്ടാം സ്ഥാനവും കരസ്ഥമാക്കി മത്സരവിജയികൾക്ക് അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ക്ലാസ് പി.ടി.എ സംഘടിപ്പിച്ചു. ചാന്ദ്രദിനവും ഹിരോഷിമ

നാഗസാക്കി ദിനവും സമുചിതമായി ആചരിച്ചു. സ്കൂൾതല കലാമേള സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

അധ്യാപകർക്കായി സമഗ്ര പോർട്ടൽ പരിശീലനം നൽകി. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. വാങ്മയം ഭാഷാ പ്രതിഭ പരീക്ഷ നടത്തി. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ ആച രിച്ചു. പി. ടി. എ കമ്മിറ്റി, സ്കൂൾ സുരക്ഷാ കമ്മിറ്റി എന്നിവ ചേർന്നു.

**III സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

സ്കൂൾ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾ പരി സരം വൃത്തിയാക്കി. ഷുഗർ ബോർഡും ലഹരിവിരുദ്ധ പ്രദേശ മെന്ന സൂചനാ ബോർഡും സ്ഥാപിച്ചു. ആഹാര ആരോഗ്യ ശുചിത്വ ശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നൽകി.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികൾ ജന്മദിനത്തിൽ വിദ്യാലയത്തിന് സമ്മാനി ക്കുന്ന പൂച്ചെടികൾ നട്ടുകൊണ്ട് ജന്മദിനോദ്യാനം ഒരുക്കി. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. പ്രതിമാസ ക്വിസ് ആരംഭിച്ചു. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ ആചരിച്ചു.

**V സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

ബഷീർദിനവും ചാന്ദ്രദിനവും വിവിധ പരിപാടികളോടെ ആചരിച്ചു. വിദ്യാർത്ഥികൾക്ക് സൂമ്പ പരിശീലനം നൽകി. ലഹരിക്കെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**VI സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

ചാന്ദ്രദിനം, ഹിരോഷിമ നാഗസാക്കി, ക്വിറ്റ് ഇന്ത്യ ദിനങ്ങൾ ആചരിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. സ്വാത ന്ത്ര്യദിനം വിപുലമായി ആചരിച്ചു.

**VII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

വിദ്യാർത്ഥികൾക്ക് പേപ്പർ ബാഗ് നിർമാണ പരിശീലനം നൽകി. സ്വാതന്ത്ര്യദിനം വിപുലമായി ആചരിച്ചു.

**VIII സി. കെ. എൽ. പി സ്കൂൾ മണിമൂളി**

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി.

**IX സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

ക്ലാസ്സ്തല പി. ടി. എ മീറ്റിങ് നടത്തി. ചാന്ദ്രദിനം ആഘോഷിച്ചു.

**X എൽ. പി. സ്കൂൾ കണിയാരം**

വായനപക്ഷാചരണ സമാപനവും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവും വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. ചാന്ദ്രദിനത്തിൽ ശാസ്ത്രമുറ്റമൊരുക്കുകയും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. വാങ്മയം ഭാഷാപ്രതിഭ പരീക്ഷ നടത്തി. സ്കൂൾതല പ്രവർത്തിപരിചയമേളയും കലാമേളയും സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനം വിപുലമായി ആചരിച്ചു. ദീപിക പത്രത്തിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ കളർ ഇന്ത്യ പെയിന്റിങ് മത്സരം നടത്തി.

**XI സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നിർവഹിച്ചു. ഒരുമയോടെ വായന ഒന്നാന്തരം വായന പദ്ധതിക്ക് തുടക്കമായി. ചെസ്സ് മത്സര വിജയിയെ ആദരിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ ആചരിച്ചു.

**XII സെന്റ് തോമസ് എൽ. പി.  സ്കൂൾ നടവയൽ**

സ്കൂൾ സുരക്ഷാസമിതി രൂപീകരണം നടത്തി. ചാന്ദ്രദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

**XIII നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

പ്രതിദിന പത്രവായന നടന്നുവരുന്നു. വായനക്കാർഡുകളിലൂടെ വായനപരിശീലനം നല്കുന്നു. ചാന്ദ്രദിനം ആഘോഷിച്ചു. ഹിരോഷിമദിനം ആചരിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. സ്കൂൾതല കലാമേള സംഘടിപ്പിച്ചു. ദീപിക പത്രത്തിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ കളർ ഇന്ത്യ പെയിന്റിങ് മത്സരം നടത്തി. സ്വാതന്ത്ര്യദിനാഘോഷം വിപുലമായി സംഘടിപ്പിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. സ്കൂൾതല വായന മത്സരവും ക്വിസ് മത്സരവും നടത്തി. ക്ലാസ് പി.ടി.എ നടത്തി. ഭാഷാപ്രതിഭ മത്സരം നടത്തി. സ്കൂൾതല ശാസ്ത്രമേളയും

കലാമേളയും സംഘടിപ്പിച്ചു. വായനമാസാചരണ റിപ്പോർട്ടിന് ഉപജില്ലാതലത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

ചാന്ദ്രദിനവും ഹിരോഷിമ നാഗസാക്കി ദിനങ്ങളും വിവിധ പരിപാടികളോടെ ആചരിച്ചു. ഗണിതപൂക്കള മത്സരം നടത്തി. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിച യമേളകളും കലാമേളയും സംഘടിപ്പിച്ചു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർ ത്തനങ്ങൾ സംഘടിപ്പിച്ചു. ചാന്ദ്രദിനവും ഹിരോഷിമ നാഗസാക്കി ദിനങ്ങളും വിപുലമായി ആചരിച്ചു. വായനമാസാചരണത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾക്ക് ഉപജില്ലാതലത്തിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു. ദീപിക പത്രത്തിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ കളർ ഇന്ത്യ പെയിന്റിങ് മത്സരം നടത്തി. സ്വാതന്ത്ര്യദിനാഘോഷം വിപുലമായി സംഘടിപ്പിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

ചാന്ദ്രദിനവും ഹിരോഷിമ നാഗസാക്കി ദിനങ്ങളും വിവിധ പരിപാടികളോടെ ആചരിച്ചു. വിദ്യാർത്ഥികൾക്കായി പാമ്പ് കടി പ്രതിരോധ ബോധവൽക്കരണ ക്ലാസ് നൽകി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ചാന്ദ്രദിനവും ഹിരോഷിമദിനവും വിപുലമായി ആചരിച്ചു. സ്കൂൾതല പ്രവർ ത്തിപരിചയമേളയും കലാമേളയും സംഘടിപ്പിച്ചു. വാങ്മയം ഭാഷാപ്രതിഭ പരീക്ഷ നടത്തി. ദീപിക പത്രത്തിന്റെ നേതൃത്വ ത്തിൽ വിദ്യാലയത്തിൽ കളർ ഇന്ത്യ പെയിന്റിങ് മത്സരം നടത്തി.

**VI എ. യു. പി. സ്കൂൾ ദ്വാരക**

ചാന്ദ്രദിനം വിവിധ പരിപാടികളോടെ ആചരിച്ചു. സ്കൂൾ തല കലാമേള സംഘടിപ്പിച്ചു.

**VII സെന്റ് സെബാസ്ററ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

അധ്യാപകർക്കായി സമഗ്ര പോർട്ടൽ പരിശീലനം നടത്തി. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു പ്രോജക്ടിന്റെ ഒന്നാം ഘട്ടം പൂർത്തി യായി. ലഹരിവിരുദ്ധവാരാചരണത്തോടനുബന്ധിച്ചു നടത്തിയ

പോസ്റ്റർ നിർമാണ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. ചന്ദ്രദിനവും കർക്കിടകദിനവും ഹിരോഷിമ നാഗസാക്കി ദിനങ്ങളും ആചരിച്ചു. സ്കൂൾതല പ്രവർത്തിപരിചയമേള നടത്തി. ശലഭോദ്യാനം നവീകരിച്ചു. സ്വാതന്ത്ര്യദിനാഘോഷം വിപുലമായി സംഘടിപ്പിച്ചു.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

ചാന്ദ്രദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തി. വിവിധ സ്കൂൾതല മേളകൾ സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനങ്ങളും സ്വാതന്ത്ര്യദിനവും സമുചിതമായി ആചരിച്ചു.

**IX സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

സ്കൂൾ കുട്ടിക്കട ഉദ്ഘാടനം ചെയ്തു. ബഷീർദിനം ചാന്ദ്രദിനം എന്നിവ വിപുലമായി ആചരിച്ചു. സ്കൂൾ ലൈബ്രറിയിലേക്ക് പിറന്നാൾ സമ്മാനം അക്ഷരമധുരം പദ്ധതി ആരംഭിച്ചു.

**X സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വായനമാസാചരണ സമാപനവും ബഷീർ അനുസ്മരണവും നടത്തി. പേവിഷബാധ ബോധവൽക്കരണക്ലാസ്സ് നൽകി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. സ്കൂൾതല പ്രവൃത്തിപരിചയമേള സംഘടിപ്പിച്ചു.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

സ്കൂൾ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞ ചടങ്ങ് നടത്തി. ചാന്ദ്രദിനം ആചരിച്ചു. വാങ്മയം പ്രതിഭ പരീക്ഷ നടത്തി. സ്കൂൾ ശാസ്ത്രമേള സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു.

**XII സെന്റ്. ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി. സ്കൂൾ ഹരിതവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. നവീകരിച്ച സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തി. പി.ടി.എ ജനറൽബോഡി യോഗം ചേർന്നു. ചികിത്സാ സഹായം കൈമാറി. മലയാളമനോരമ നല്ലപാഠം പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ഏറ്റുവാങ്ങി. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. സ്കൂൾകലാമേള സംഘടിപ്പിച്ചു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പരിപാ

ടികൾ നടത്തി. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ മേളകൾ സംഘടിപ്പിച്ചു.

**XIV സെന്റ് സെബാസ്ററ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. ലഹരിവിരുദ്ധ സന്ദേശം നൽകി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ചാന്ദ്രദിനത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി. ക്ലാസ് പി.ടി.എ സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ ആചരിച്ചു. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേളകളും കലാമേളയും സംഘടിപ്പിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ലഹരിവിരുദ്ധവാരാചരണത്തിന്റെ ഭാഗമായി നടത്തിയ കൊളാഷ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കവിതകൾ ഉൾപ്പെടുത്തി ഡിജിറ്റൽ മാഗസിൻ പുറത്തിറക്കി. ചാന്ദ്രദിനം ആചരിച്ചു. സ്കൂൾ തല പ്രവർത്തിപരിചയമേള നടത്തി. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ഹൈസ്കൂൾ വിഭാഗം ശാസ്ത്രക്വിസിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ലിറ്റിൽ സ്റ്റാർ പ്രോജക്ട് ആരംഭിച്ചു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ചാന്ദ്രദിനം ആഘോഷിച്ചു. ലഹരിവിരുദ്ധ മാസാചരണ സമാപനവും നേർവഴി കലണ്ടർ പ്രകാശനവും നടത്തി. ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു. മാധ്യമം വെളിച്ചം പദ്ധതി ഉദ്ഘാടനം ചെയ്തു. IELTS, സിവിൽ സർവീസ് ക്ലാസുകൾ ആരംഭിച്ചു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

വിക്രം സാരാഭായ് സ്പേസ് സെന്ററിൽ വെച്ചു സംഘടിപ്പിക്കപ്പെട്ട ആക്സിയോൺ ഫോർ സ്റ്റുഡന്റ്സ് ഔട്ട് റീച് പ്രോഗ്രാമിൽ മൂന്ന് വിദ്യാർത്ഥികൾ പങ്കെടുത്തു. പി.ടി.എ. ജനറൽ ബോഡി യോഗം ചേർന്നു. സ്കൂൾതല ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ ഐ.ടി മേളകൾ നടത്തി.

**V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്വാഗത സംഘം രൂപീകരിച്ചു. അൻപതിന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**VI നിർമ്മല ഹൈസ്കൂൾ കബനിഗിരി**

സ്കൂൾതല കലോത്സവം സംഘടിപ്പിച്ചു.

**VII സി. കെ. എച്ച്. എസ് മണിമൂളി**

ഹിരോഷിമ നാഗസാക്കി ദിനങ്ങൾ ആചരിച്ചു. സ്വദേശി മെഗാ ക്വിസ് നടത്തപ്പെട്ടു.

**VIII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

SPC, സ്കൗട്ട് അംഗങ്ങളുടെ നേതൃത്വത്തിൽ വിത്തൂട്ട് നടത്തി. പ്രേംചന്ദ് ജയന്തിദിനം ആചരിച്ചു. SPC സ്ഥാപകദിനം, വേൾഡ് സ്കൗട്ട് സ്കാർഫ് ദിനം, ഹിരോഷിമനാഗസാക്കി ദിനം സംസ്കൃതദിനം എന്നിവ വിവിധ പരിപാടികളോടെ ആചരിച്ചു. സ്കൂൾതല മേളകൾ സംഘടിപ്പിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

റാഗിംഗിനെതിരെ ബോധവൽക്കരണ ക്ലാസ്സ് നൽകി. കരിയർ ദിനം ആചരിച്ചു. അധ്യാപക രക്ഷാകർതൃസമിതി രൂപീകരിച്ചു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

പി.ടി.എ ജനറൽബോഡി യോഗം ചേർന്നു. കരിയർ ദിനം ആചരിച്ചു. സ്കൂൾതല കലാമേള സംഘടിപ്പിച്ചു. NSS സ്കീമിന്റെ ഭാഗമായി പ്രകൃതിസംരക്ഷണയാത്ര നടത്തി. വിവിധ മത്സരയിനങ്ങളിൽ വിദ്യാർത്ഥികൾ ആദ്യ സ്ഥാനങ്ങൾ കരസ്ഥമാക്കി വിദ്യാലയത്തിന് അഭിമാനമായി തീർന്നു.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

ജില്ലാ അമേച്ചർ അത്‌ലറ്റിക് മീറ്റിൽ മികച്ച വിജയം നേടി. സ്കൂൾ തല കലോത്സവം നടത്തി. സ്വാതന്ത്ര്യദിനാഘോഷം വിപുലമായി സംഘടിപ്പിച്ചു.പരിസ്ഥിതി സംരക്ഷണ സെമിനാർ നടത്തി.

**IV ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

സംസ്ഥാനതലത്തിൽ മികച്ച ഹയർസെക്കണ്ടറി അധ്യാപകനുള്ള അവാർഡ് നേടിയ പ്രിൻസിപ്പലിനെ ആദരിച്ചു. വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് നൽകി.

**V സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

ബഷീർ അനുസ്മരണം നടത്തി. ചാന്ദ്രദിനം ആചരിച്ചു. റാഗിംഗിനെതിരെ ബോധവൽക്കരണ ക്ലാസ്സ് നൽകി. NSS ടീം അംഗങ്ങൾ മഹിളാ സമഖ്യ കേന്ദ്രത്തിലേക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ചൂരൽമല അനുസ്മരണം നടത്തി.

**VI സി. കെ. എച്ച്. എസ്. എസ് മണിമൂളി**

കരിയർ ദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു കലാപരിപാടികൾ അവതരിപ്പിക്കുകയും NSS ന്റെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ പരിചയപ്പെടുകയും പരിസരം വൃത്തിയാക്കുകയും ചെയ്തു.

ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിയ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പ്രധാനാധ്യാപകർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പിന്തുണകളോടെ അവർക്കൊപ്പമായിരുന്ന രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# സൗഖ്യദായകൻ ധ്യാനം

**സെന്റ് ക്ലാരറ്റ് ധ്യാനകേന്ദ്രം, ഈസ്റ്റ് ചീരാൽ, കുടുക്കി**

**ധ്യാനം നയിക്കുന്നത്:**

ഫാ. ജോയി ചേറാടിയിൽ CMF, ഫാ. സാബി കൊച്ചിക്കുന്നേൽ CMF, ഫാ. സെബാസ്റ്റ്യൻ മൈലാടുംപാറയിൽ CMF

**2025 സെപ്റ്റംബർ 10-13**

**2025 ഒക്ടോബർ 8-11**

**2025 നവംബർ 5-8**

**2025 ഡിസംബർ 10-13** (ദിവ്യകാരുണ്യ അനുഭവ ധ്യാനം)

**2026 ജനുവരി 7-10**

**2026 ഫെബ്രുവരി 11-14**

**2026 മാർച്ച് 11-14**

**2026 ഏപ്രിൽ 8-11**

**9 മുതൽ +2 വരെയുള്ള കുട്ടികൾക്ക് - IGNITE 2K26**

2026 മെയ് 4 ന് 4 pm മുതൽ മെയ് 7, 2 pm വരെ

**സിസ്റ്റേഴ്സിനുവേണ്ടി മാത്രം**

- 2025 സെപ്റ്റംബർ 28 ന് 4 pm മുതൽ ഒക്ടോബർ 3, 1 pm വരെ
- 2026 ഏപ്രിൽ 13, ന് 4 pm മുതൽ 18, 4 pm വരെ

**ബുക്കിംഗ്: 8606454600, 9947111197, 7306108370**

**വഴി:** സുൽത്താൻ ബത്തേരി - പഴൂർ - ചീരാൽ - കുടുക്കി (നമ്പ്യാർകുന്ന്)

NB:-

1. എല്ലാ മാസവും താമസിച്ചുള്ള ധ്യാനം രണ്ടാം ശനിയാഴ്ചയ്ക്ക് മുമ്പുള്ള ബുധനാഴ്ച വൈകുന്നേരം 4 ന് ആരംഭിച്ച് ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അവസാനിക്കുന്നതാണ്.
2. ധ്യാന ഫീസ് 750 രൂപയായിരിക്കും. ധ്യാനത്തിന് വരുന്നവർ അത്യാവശ്യ സാധനങ്ങൾ (ബൈബിൾ, ജപമാല, നോട്ട്ബുക്ക്, ബെഡ്ഷീറ്റ്, പെൻ) കരുതിയിരിക്കണം.
3. കുമ്പസാരത്തിനും സ്പിരിച്ചൽ കൗൺസിലിംഗിനും ബുക്ക് ചെയ്താൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
4. സുൽത്താൻ ബത്തേരി പഴയ ബസ് സ്റ്റാൻഡിൽ നിന്നും, ബത്തേരി-പാട്ടവയൽ പ്രൈവറ്റ് ബസിൽ (MV & Sons) കയറിയാൽ കുടുക്കി ധ്യാന കേന്ദ്രത്തിന്റെ മുമ്പിലുള്ള ബസ് സ്റ്റോപ്പിൽ ഇറങ്ങാം. അല്ലെങ്കിൽ നമ്പ്യാർ കുന്ന് ബസ്സിൽ കയറി കുടുക്കിയിൽ ഇറങ്ങാവുന്നതാണ്.

# Bishop's Programme



**_September 2025_**

| | |
|---|---|
| *01: Monday .......................* | *Vellad: Requiem Mass for Late Fr. Thomas Mannoor* |
| *03 Wed - 04 Thu: ................* | *Thamarasserry: North Malabar Bishop's Meet* |
| *07 Sunday: .........................* | *Karackamala: House Blessing* |
| *08 Mon - 12 Fri: ................* | *Dwaraka: Priests' Retreat* |
| *13 Saturday: ......................* | *MMC: Diaconate of Bro Sibin Valayathil<br>: CRI Meeting* |
| *14 Sunday: .........................* | *Thonichal: Bicentenary of Holy Cross Congregation* |
| *18 Thu - 20 Sat: .................* | *Kunnoth: Class* |
| *21 Sunday: ........................* | *Dwaraka: AKCC Meeting* |
| *21 Sun - 26 Fri: ................* | *Dwaraka: Priests' Retreat* |
| *27 Saturday: ......................,* | *Bishop's House: Meeting with the Directors of Departments, Apostolates and Associations.* |

**_October 2025_**

| | |
|---|---|
| *2 Thu - 5 Sun: ..................* | *Engaged* |
| *8 Wednesday: ....................* | *Bishop's House: Presbyteral Council* |
| *11 Saturday: .......................* | *Dwaraka: Pastoral Council* |
| *18 Saturday: .......................* | *Dwaraka: Religious Local Superiors' Meet* |

# *Auxiliary Bishop's Programme*



***September 2025***

| | |
|---|---|
| *03 Wed-4 Thur: ..................* | *Thamarassery: North Malabar Bishops' Meet* |
| *05 Friday: ..........................* | *Padankavala: Festal Mass* |
| *06 Saturdy: ........................* | *Kalpeta: House Blessing* |
| *08 Monday: Morning:.......* | *Padichira: Festal Mass* |
| *Evening: ...........* | *Priests' Retreat: Batch 1* |
| *13 Saturday: ......................* | *Engaged* |
| *14 Sunday: .........................* | *Bangalore: MSFS: Holy Mass* |
| *15 Monday: .......................* | *Thrissur: Puthenpally: Holy Mass* |
| *15 Mon- 20 Sat: ................* | *Ramanathapuram: Priests' Retreat* |
| *21 Sun- 26 Fri: ..................* | *Priests' Retreat: Batch 2* |
| *27 Saturday: .......................* | *Bishop's House: Meeting with the Directors of Departments, Apostolates and Associations* |
| *28 Sunday: ...........................* | *Town Church: Chapel Blessing* |

***October 2025***

| | |
|---|---|
| *04 Saturday:..........................* | *Pookkottumpadam: Ordination of Dn. Ivin Tomy SJ* |
| *08 Wednesday: .................* | *Bishop's House: Presbyteral Council* |
| *11 Saturday: ......................* | *Dwaraka: Pastoral Council* |
| *18 Saturday: .......................* | *Dwaraka: Religious Local Superiors' Meet* |
| *19 Sunday: ..........................* | *Irulam: Jubilee Inauguration Mass* |